# മുണ്ടൂർ ഗ്രാമപഞ്ചായത്ത്
# ജനകീയാസൂത്രണ
# വികസന റിപ്പോർട്ട്
# 1996 -

അധികാരം ജനങ്ങളിലേക്ക്



ഭാരതത്തിന്റെ വികസനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മുടെ മനസ്സിൽ ഉദിക്കേണ്ട ആദ്യത്തെ മുഖം ഏറ്റവും ദരിദ്രനായ ഗ്രാമീണന്റേതാണ് നാം ആസൂത്രണം ചെയ്യുന്ന പദ്ധതി അവന്റെ ഉന്നമനത്തിന് പ്രത്യക്ഷമായോ. പരോക്ഷമായോ നിലകൊള്ളേണ്ടതാണ്"

- മഹാത്മാ ഗാന്ധി



104-6

# അധികാരം ജനങ്ങൾക്ക്

**ഒമ്പതാം പദ്ധതി ജനകീയ പദ്ധതി**

## മുണ്ടൂർ ഗ്രാമപഞ്ചായത്ത്
## ജനകീയാസൂത്രണ വികസന റിപ്പോർട്ട്
## 1996

**മുണ്ടൂർ ഗ്രാമപഞ്ചായത്ത്, മുണ്ടൂർ, പാലക്കാട് 678 592**

# മുണ്ടൂർ ഗ്രാമ പഞ്ചായത്ത്

## ഭരണസമിതി


C. R. ബാലൻ
പ്രസിഡന്റ്


V. സ്വാമിനാഥൻ
വൈസ് പ്രസിഡണ്ട്


K. R. രാധാകൃഷ്ണൻ
സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ


K. R. ശ്രീധരൻനായർ
മെമ്പർ


P. V. കമലാവതി
മെമ്പർ


E. കനകലത
മെമ്പർ


K. M. മൊയ്തുപ്പ
മെമ്പർ


T. A. അബ്ദുൾറഹ്മാൻ
മെമ്പർ


C. ഗോപാലകൃഷ്ണൻ
മെമ്പർ


K കുഞ്ഞിലക്ഷ്മി
മെമ്പർ


M. സുലോചന
മെമ്പർ

| | | |
|---|---|---|
| 1. | ആമുഖം | 1 |
| 2. | നാഗരിക സാംസ്കാരിക ചരിത്ര പശ്ചാത്തലം | 7 |
| 3. | ഭൂപ്രകൃതിയും വിഭവങ്ങളും | 8 |
| 4. | വികസന മേഖലകൾ | |
| | 4.a കൃഷിയും ജലസേചനവും | 19 |
| | 4.b മൃഗസംരക്ഷണവും മത്സ്യബന്ധനവും | 28 |
| | 4.c വിദ്യാഭ്യാസം | 42 |
| | 4.d കുടിവെള്ളവും പൊതുജനാരോഗ്യവും | 52 |
| | 4.e വ്യവസായം | 59 |
| | 4.f ഗതാഗതം - ഊർജ്ജം | 62 |
| | 4.g പാർപ്പിടം - സാമൂഹ്യക്ഷേമം | 73 |
| | 4.h സംസ്കാരം | 79 |
| | 4.i വനിത | 84 |
| | 4.j സഹകരണ മേഖല | 88 |
| | 4.k പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം | 92 |
| | 4.l വിഭവസമാഹരണം | 98 |
| 5. | ഉപസംഹാരം | 103 |

**എഡിറ്റോറിയൽ ബോർഡ് :**

സി.ആർ.ബാലൻ
കെ.ശാന്തപ്പൻ
എം.കെ.അപ്പുക്കുട്ടൻ
കെ.രവികുമാർ
കെ.കെ.ഭാസ്ക്കരൻ
പി.വേണുഗോപാലൻ
കെ.സുരേഷ്
വി.പി.ശശികുമാർ
സുലോചന ഭാസ്ക്കരൻ
പി.ഖദീജ
സി.കെ.പൊന്നമ്മ

**രേഖ ചിത്രങ്ങൾ**

ടി.എ.ബഷീർ
എൻ.മനോജ്കുമാർ

**ഉപദേശക സമിതി**

ഡോ.ജി.ദിനേശ്. കെ.ആർ.പി
ഡോ. ആർ.വി.ജി.മേനോൻ. ഐ.ആർ.ടി.സി
ശശിധരൻ പിള്ള
മുണ്ടൂർ കൃഷ്ണൻകുട്ടി
മുണ്ടൂർ സേതുമാധവൻ



ഡി.ടി.പി. & ലേഔട്ട് :
ഡിലിജന്റ് ഗ്രാഫിക്സ്, ഒറ്റപ്പാലം
ഫോൺ : 0492 644472

വികസന രേഖ

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

# 1

## ആമുഖം

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന ആശയത്തെ വളരെ വേഗം ഉൾക്കൊള്ളാനും അതിനെ ശക്തമാക്കുന്നതിനും നമ്മുടെ ഗ്രാമപഞ്ചായത്തിന് കഴിയുമെന്ന് തെളിഞ്ഞു വരികയാണ്. ആസൂത്രണത്തിലും വികസന പ്രവർത്തനങ്ങളിലും തുല്യപങ്കാളിത്തം, ജാതിമതാതി ഭിന്നതകൾക്കതീതമായി ഉറപ്പു വരുത്താൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്ന അറിവാണ് ഗ്രാമീണ ജനതയെ ഇത്രവേഗം ഈ പ്രസ്ഥാനത്തോട് ആകർഷിച്ചത്.

ഒമ്പതാം പദ്ധതി അടങ്ങലിന്റെ 35–40 ശതമാനം തുകക്ക് വരുന്ന വികസന പരിപാടികൾ താഴെതട്ടിൽ തന്നെ ജനപങ്കാളിത്തത്തോടു കൂടി രൂപപ്പെടുത്തി എടുക്കുക എന്നതാണ് ജനകീയ. ആസൂത്രണ പ്രസ്ഥാനത്തിന്റെ മുഖ്യലക്ഷ്യം.

കാര്യക്ഷമമായ പദ്ധതിനിർദ്ദേശങ്ങൾക്ക് രൂപം നൽകുക, ജനങ്ങളുടെ മുൻകൈയോടെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ജനങ്ങൾക്കിടയിൽ ഇന്ന് വ്യാപകമായി നിലനിൽക്കുന്ന നിസ്സംഗതമാറുകയും ജനപങ്കാളിത്തം വർദ്ധിക്കുകയും ചെയ്യുമെന്ന കാഴ്ചപ്പാട് കൂടുതൽ തെളിഞ്ഞു തന്നെ വരികയാണ്. ഈ പരിപാടിയുടെ ഓരോ ഘട്ടങ്ങളും വളരെ അവധാനതയോടെ പൂരത്തീകരിക്കാൻ നാമോരോരുത്തരും തയ്യാറാകേണ്ടിയിരിക്കുന്നു.

'96 ആഗസ്റ്റ് മാസത്തിന്റെ തുടക്കത്തിൽ തന്നെ ജനകീയ ആസൂത്രണ പ്രക്രിയയുടെ ആശയങ്ങൾ ജനങ്ങൾക്കിടയിൽ ചർച്ചാ വിഷയമായി മാറിയിരിക്കുന്നു.

ജില്ലയിൽ തന്നെ ആദ്യം നടന്ന അകത്തേത്തറ ജില്ലാ പരിശീലന ക്യാമ്പാണ് തുടക്കം കുറിച്ചത്. പാലക്കാട്, മലമ്പുഴ ബ്ലോക്കുകളിലെ ജില്ലാതല പ്രവർത്തകർക്കായുള്ള ക്യാമ്പ് സെപ്തംബർ 7,8,9 തിയ്യതികളിലാണ് നടന്നത്. കേരള ധനകാര്യമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ ഉൽഘാടനം ചെയ്ത ആ പരിശീലന കളരിയിൽ മുണ്ടൂർ ഗ്രാമപഞ്ചായത്തിൽ നിന്ന് പത്തു പരിശീലകർ പങ്കെടുത്തു. മൂന്നു ദിവസത്തെ പരിശീലനത്തെ അവർ പൂർണ്ണമായും ഉൾകൊണ്ടു.

തുടർന്ന് പഞ്ചായത്തിനകത്തെ ആസൂത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനായി 15.9.96ന് മുണ്ടൂർ ജി.എൽ.പി.സ്ക്കൂളിൽ വെച്ച് നടത്തിയ ഏകദിന പരിശീലന പരിപാടിയിൽ 65 പേർ പങ്കെടുത്തു. ഏഴ് വാർഡ് മെമ്പർമാരും 8 സി.ആർ.പി മാരും പങ്കെടുത്ത പരിശീലന ക്ലാസ്സിൽ ശ്രീമാൻ മുണ്ടൂർ കൃഷ്ണൻകുട്ടി, മുണ്ടൂർ സേതുമാധവൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

21–9–96 നാണ് ആദ്യത്തെ ഗ്രാമസഭ 1–ാം വാർഡിൽ നടന്നത്. ജില്ലാതലത്തിൽ തന്നെ ആദ്യം നടന്ന ഗ്രാമസഭയായിരുന്നു അത്. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.വി. വിജയദാസും ജില്ലാ കലക്റ്റർ ഡബ്ളയു. ആർ. റെഡ്ഡിയും മുഖ്യ അഥികളായി ആ ഗ്രാമസഭയിൽ പങ്കെടുക്കുകയുണ്ടായി.

6.10.96ന് പതിനൊന്നു ഗ്രാമസഭകളും പ്ലാനിങ്ങ് കമ്മീഷൻ നിർദ്ദേശിച്ച രൂപത്തിൽ തന്നെ നടത്തുന്നതിന് സാധിച്ചു. 8–ാം വാർഡിലെ ഗ്രാമസഭ ഉൽഘാടനം ചെയ്തത് ശ്രീകൃഷ്ണപുരം എം.എൽ.എ ശ്രീമതി.ഗിരിജാ, സുഭദ്രനായിരുന്നു.

പതിനൊന്ന് ഗ്രാമസഭകളിലുമായി 2663 പേർ പങ്കെടുത്തു. ഇതിൽ 649 പേർ സ്ത്രീകളാണ്. ഗ്രൂപ്പ് തിരിഞ്ഞ് നടന്ന ചർച്ചകളിൽ വികസന നിർദ്ദേശങ്ങളും പ്രശ്നങ്ങളും സ്വരൂപിക്കാൻ കഴിഞ്ഞു.

ഗ്രാമസഭകളിൽ ഈ വർദ്ധിച്ച പങ്കാളിത്തത്തിന് ഓരോ വാർഡിലും മെമ്പർമാരുടെ നേതൃത്വത്തിൽ വിവിധ തരത്തിലുള്ള പ്രചരണങ്ങൾ നടത്തുകയുണ്ടായി. വിളംബരജാഥകളും, കയ്യെഴുത്ത് പോസ്റ്ററുകളും, ബാനറുകളും നോട്ടീസും മൈക്ക് പ്രചരണവും വീട് കയറി ക്ഷണിക്കലുമെല്ലാം ഗ്രാമസഭാ അംഗങ്ങൾ തന്നെ മുൻകൈയെടുത്ത് നടത്തി. ഗ്രാമസഭയിൽ പങ്കാളിത്തം ഉറപ്പാക്കാൻ കൂടിയ സംഘാടക സമിതികളാണ് ഇതിന് ഉത്തേജകമായി പ്രവർത്തിച്ചത്.

11 ഗ്രാമസഭകളും നടത്താൻ വേണ്ടി ഏതാണ്ട് ഇരുപതിനായിരത്തോളം രൂപ സംഘാടകസമിതികൾ തന്നെ പിരിച്ചെടുത്തായിരുന്നു നടത്തിയത് എന്നത് ജനപങ്കാളിത്തത്തിന്റെ നിറഞ്ഞ അനുഭവമായിരുന്നു.

19.9.96ന് പഞ്ചായത്തിലെ മുഴുവൻ രാഷ്ട്രീയ പ്രസ്ഥാനങ്ങളേയും പഞ്ചായത്ത് ഭരണസമിതി വിളിച്ചു ചേർക്കുകയും അവരുടെ പൂർണ്ണ പിന്തുണ ഈ പ്രസ്ഥാനത്തിന് ഉറപ്പു വരുത്തി.

20.9.96ന് സാംസ്കാരിക പ്രവർത്തകർ, സംഘടനാ പ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരുടെ പ്രത്യേക യോഗം ചേരുകയും ആ യോഗത്തിൽ മുണ്ടൂർ ഐ.ആർ.ടി.സി. ഡയറക്ടറായ ഡോ. ആർ.വി.ജി.മേനോൻ പങ്കെടുക്കുകയും ചെയ്തു. ജനകീയ

പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഉതകുന്ന ബഹുമുഖമായ ചർച്ചകൾ ആ യോഗത്തിൽ നിന്നുണ്ടായി.

വികസന രേഖ തയ്യാറാക്കാൻ ആവശ്യമായ സെക്കണ്ടറി ഡാറ്റാ ശേഖരത്തിനായി പ്രത്യേകമായ ഒരു യോഗം ചേർന്ന് 14 ആപ്പീസുകളുമായി ബന്ധപ്പെട്ട് രേഖകൾ ശേഖരിക്കാൻ തീരുമാനിച്ചു.അതിന്റെ അടിസ്ഥാനത്തിലാണ് ഡാറ്റാ ശേഖരണം നടന്നത്. ഇതോടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ ഏതാണ്ട് നല്ല നിലയിൽ പൂർത്തിയാക്കാൻ കഴിഞ്ഞു.

രണ്ടാം ഘട്ട ജില്ലാതല പരിശീലനം ഒക്ടോ 22 മുതൽ 24 വരെ അകത്തേത്തറ വെച്ചു തന്നെയാണ് നടന്നത്. 10 സി.ആർ.പി. മാർക്ക് പുറമെ പഞ്ചായത്ത് സെക്രട്ടറിയും പങ്കെടുത്തിരുന്നു. ഈ ഘട്ടത്തിലാണ് ഈ പഞ്ചായത്തിലെ വെറ്ററിനറി ഡോക്ടറായ ജി. ദിനേഷ് കെ.ആർ.പി. യായി പ്രവർത്തന രംഗത്തു വരുന്നത്.

രണ്ടാം ഘട്ട പഞ്ചായത്തുതല പരിശീലനം 5.10.96നാണ് നടത്തിയത്. അതിൽ 116 പേർ പങ്കെടുത്തു. സ്ത്രീകളും ഉദ്യോഗസ്ഥരും ഈ ഘട്ടത്തിൽ കൂടുതലായി ഉണ്ടായിരുന്നു. തുടർന്ന് 6,7,8 തീയ്യതികളിലായി 12 മേഖലകൾക്കും വികസന രേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. കോർ ഗ്രൂപ്പുകൾ വീണ്ടും വീണ്ടും ചേർന്നാണ് ഈ വികസന രേഖയ്ക്ക് അന്തിമരൂപം നൽകിയത്.. ഇത് നമ്മുടെ ഗ്രാമപഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്ത് അംഗീകരിക്കുക കൂടി ചെയ്തതോടെ ഈ രേഖ നമ്മുടെ പഞ്ചായത്തിന്റെ വികസന രേഖയായി മാറിയിരിക്കുന്നു.

# പൊതുവിവരങ്ങൾ

| | | | |
|---|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | | : | മുണ്ടൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | | : | മുണ്ടൂർ I വില്ലേജ്, മുണ്ടൂർ, മുണ്ടൂർ II വില്ലേജ്, എഴക്കാട് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | | : | മുണ്ടൂർ, കോങ്ങാട് |
| ബ്ലോക്ക് പഞ്ചായത്ത് | | : | പാലക്കാട് |
| താലൂക്ക് | | : | പാലക്കാട് |
| ജില്ല | | : | പാലക്കാട് |
| അസംബ്ലി മണ്ഡലം | | : | ശ്രീകൃഷ്ണപുരം |
| വാർഡുകളുടെ എണ്ണം | | : | പതിനൊന്ന് |
| വിസ്തീർണ്ണം | | : | 33.04 ച.കി.മി. |
| ജനസാന്ദ്രത | | : | 787 സ്ക്വ. കി.മി. |
| ജനസംഖ്യ | ആകെ | : | 25996 |
| | പുരുഷന്മാർ | : | 12512 |
| | സ്ത്രീകൾ | : | 13484 |
| സാക്ഷരർ | ആകെ | : | 20827 |
| | ആൺ | : | 10938 |
| | പെൺ | : | 9889 |
| അതിർത്തികൾ | കിഴക്ക് | : | പുതുപ്പരിയാരം പഞ്ചായത്ത് |
| | പടിഞ്ഞാറ് | : | കോങ്ങാട്,കരിമ്പ പഞ്ചായത്തുകൾ |
| | വടക്ക് | : | പുതുപ്പരിയാരം, കരിമ്പ " |
| | തെക്ക് | : | പുതുപരിയാരം,പറളി പഞ്ചായത്തുകൾ |

വികസന രേഖ

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

# ഭരണപരമായ ചരിത്രം

**1955** ലാണ് നമ്മുടെ പഞ്ചായത്ത് രൂപം കൊണ്ടത്. അന്ന് മുണ്ടൂർ അംശം മാത്രമടങ്ങിയതായിരുന്നു മുണ്ടൂർ പഞ്ചായത്ത്. പിന്നീട് 1960ൽ പഞ്ചായത്ത് ഡിലിമിറ്റേഷൻ വന്നതോടെ മുണ്ടൂർ വില്ലേജ്, പൂതനൂർ വില്ലേജ്, എഴക്കാട്ട് വില്ലേജ്, കാഞ്ഞിക്കുളം വില്ലേജ് എന്നിവ ചേർന്ന് ഇന്നത്തെ രൂപത്തിലുള്ള പഞ്ചായത്ത് നിലവിൽ വന്നത്.

1955 മുതൽ 1979 വരെയും 1988 മുതൽ 1995 വരെയും ഉള്ള 33 വർഷകാലത്തെ പ്രസിഡണ്ടായിരുന്നത് ശ്രീ. എം.കെ.അപ്പുകുട്ടനാണ്. പഞ്ചായത്തുകളുടെ ചരിത്രത്തിൽ തന്നെ ഇതൊരു റിക്കാർഡായിരിക്കുമെന്ന് തോന്നുന്നു. 1979 മുതൽ 1985 വരെ പ്രസിഡണ്ടായിരുന്നത് ശ്രീ. മായൻ മാസ്റ്ററായിരുന്നു.

1953-55 കാലത്താണ് എഴക്കാട് അംശത്തിൽ ഒ.എം.സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടായ മഹാകവി ഒളപ്പമണ്ണയും വൈദ്യനാഥയ്യർ എന്ന രാജു അയ്യരും എഴക്കാട്ടെ സി.ടി.അപ്പുകുട്ടനും പ്രസിഡണ്ടുമാരായി ഇരുന്നതായി രേഖകളിൽ കാണുന്നു.

ഇന്നത്തെ ഗ്രാമപഞ്ചായത്തിനകത്ത് രണ്ട് വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നു അവർക്ക് രണ്ടിനും സ്വന്തമായ സ്ഥലവും കെട്ടിടവുമുണ്ട്.

ഒരു ഹെൽത്ത് സെന്ററും ഒരു ആയുർവ്വേദ ആസ്പത്രിയും പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയുർവ്വേദ ആശുപത്രിയ്ക്ക് സ്വന്തമായി കെട്ടിടമില്ലാത്ത സ്ഥിതയുണ്ട്. ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമായിട്ടില്ല .

കേന്ദ്ര ഗവ: സ്ഥാപനങ്ങളായി ഒരു ബ്രാഞ്ച് പോസ്റ്റോഫീസും, 4 സബ് ഓഫീസുകളും ഒരു ടെലിഫോൺ എക്സ്ചേയ്ഞ്ചും പ്രവർത്തിച്ചു വരുന്നു.

ഒരു പ്രൈവറ്റ് ഹൈസ്ക്കൂളും രണ്ട് പ്രൈവറ്റ് യു.പി.സ്ക്കൂളുകളും മൂന്ന് പ്രൈവറ്റ് എൽ.പി.സ്ക്കൂളും മൂന്നു ഗവ: എൽ.പി.സ്ക്കൂളും പഞ്ചായത്തിനകത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. രണ്ട് ഗവ: എൽ.പി. വിദ്യാലയങ്ങളും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഒരു മൃഗാസ്പത്രി പ്രവർത്തിച്ചു വരുന്നുണ്ട്.

കൃഷി ഭവനം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസും പഞ്ചായത്തിനകത്ത് പ്രവർത്തിച്ചു വരുന്ന സർക്കാർ സ്ഥാപനങ്ങളാണ്.

രണ്ടു സഹകരണ ബാങ്കുകളും ഒരു ഷെഡ്യൂൾഡ് ബാങ്കും ധനകാര്യസ്ഥാപനങ്ങളായി പ്രവർത്തിച്ചു വരുന്നു.

മുണ്ടൂരിലെ ഐ.ആർ.ടി.സി. ഗ്രാമീണ ഊർജ്ജ, ജല, മേഖലകളിലെല്ലാം നിരന്തരം പരീക്ഷണങ്ങളും നിരീക്ഷണങ്ങളും നടത്തികൊണ്ടിരിക്കുന്ന ഒരു ഗ്രാമീണ ശാസ്ത്ര കേന്ദ്രമാണ്. ഈ സ്ഥാപനത്തെ നമ്മുടെ ഗ്രാമത്തിന് പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയാതെ പോയിട്ടുണ്ടോ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. ഈ വികസന രേഖക്കാവശ്യമായ Source Map കൾ എല്ലാം തന്നെ ഈ സ്ഥാപനത്തിൽ ശേഖരിക്കപ്പെട്ടിട്ടുള്ളവയാണ്.

മേൽ വിവരിച്ച പൊതു സ്ഥാപനങ്ങളുടെ എല്ലാം രേഖാ സൂക്ഷിപ്പുകാരായി പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്ത് മന്ദിരവും കൂടി ചേർന്നാൽ നമ്മുടെ ഗ്രാമത്തിനകത്തെ മുഴുവൻ സ്ഥാപനങ്ങളുമായി. ഇവയെല്ലാം ഈ ഗ്രാമത്തിലെ ജനത്തിനു എത്രത്തോളം ഉപയുക്തമാവുന്നു എന്ന പരിശോധന ഓരോ മേഖലയിലെ റിപ്പോർട്ടുകളിലും തെളിഞ്ഞു കാണാം.



വികസന രേഖ

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

# 2

# സാമൂഹിക സാംസ്കാരിക പരിത്ര പശ്ചാത്തലം

ഒരു മലയോര പ്രദേശമായ മുണ്ടൂർ പഞ്ചായത്തിന്റെ പൂർവ്വകാലചരിത്രം പരിശോധിച്ചാൽ വെളിപ്പെടുന്ന ഒരു വസ്തുതയുണ്ട്. വ്യത്യസ്ഥ വിശ്വാസങ്ങളും ജീവിത രീതികളും ആചാര രീതികളും നിലനിന്നിരുന്നുവെങ്കിലും ഉയർന്ന തലത്തിലുള്ള സാംസ്കാരിക സമന്വയവും സ്നേഹബന്ധവും നൂറ്റാണ്ടുകളായി ഈ പഞ്ചായത്തിലെ ജനജീവിതത്തെ ആശ്ലേഷിച്ചിരുന്നു എന്നുള്ളത് ഒരു വസ്തുതയാണ്.

ഇന്നത്തെ മുണ്ടൂർ പഞ്ചായത്ത് ഈ രൂപത്തിൽ നിലവിൽ വന്നത് 1962ൽ ആണ്. മുണ്ടൂർ, പൂനൂർ, എഴക്കാട്, കാഞ്ഞിക്കുളം എന്നീ അംശങ്ങൾ ഉൾപ്പെട്ടതാണ് മുണ്ടൂർ പഞ്ചായത്ത്.

**സ്ഥലനാമം**

ഈ പഞ്ചായത്തിന് "മുണ്ടൂർ" എന്ന സ്ഥലനാമം എങ്ങിനെ വന്നു എന്നു കണ്ടെത്താൻ സഹായകങ്ങളായ അടിസ്ഥാന പ്രമാണങ്ങളില്ല.ജനങ്ങളുടെ ജീവിതാവസ്ഥയും സാംസ്കാരിക പഴമയും ഇഴ പിരിച്ച് നോക്കുമ്പോൾ എത്തിച്ചേരുന്ന നിഗമനങ്ങളനുസരിച്ച് ഈ സ്ഥലനാമത്തിന് ആധാരം രണ്ടു വസ്തുതകളാണ്. പഴയ കാലം മുതൽ ഇവിടെ ഒരു വിഭാഗം ജനങ്ങളുടെ തൊഴിൽ നെയ്ത്തായിരുന്നു. ഇവിടെ നെയ്യുന്ന വസ്ത്രങ്ങൾ അയൽ ഗ്രാമങ്ങളിൽ വിൽക്കുകയും. അയൽ ഗ്രാമക്കാർ വസ്ത്രങ്ങൾക്കായി മാത്രം ഇവിടെ വരികയും ചെയ്തിരുന്ന ഒരു സ്ഥിതി വിശേഷം ഈ സ്ഥലനാമം ഉൽഭവിക്കാൻ ഒരു കാരണമായേക്കാം. മറ്റൊന്ന് " ഊര് "എന്ന പദം കേരളീയ ഗ്രാമങ്ങളെ വിശേഷിപ്പിക്കുന്ന ഒന്നായിരുന്നു. അങ്ങിനെയും ഈ സ്ഥലനാമത്തെ നമുക്ക് ന്യായികരിക്കാം.

**പാരമ്പര്യ തൊഴിലുകൾ**

1. മുണ്ടൂരിൽ 300 കൊല്ലങ്ങൾക്കു മുമ്പ്

താമസിച്ചിരുന്നത് തമിഴ് കൃസ്ത്യാനികൾ. ഇവരുടെ മുഖ്യ തൊഴിൽ നെയ്ത്.

2. പാണസമുദായക്കാർ വല്ലിക്കുട, ഓലക്കുട ഉണ്ടാക്കുകയും വ്യാപകമായി വിൽപ്പന നടത്തുകയും ചെയ്തു.

3. ഏഴക്കാടു ഭാഗത്തെ മുളമ്പണിക്കാരായ കവറ സമുദായക്കാർ മുളകൊണ്ടുള്ള കുട്ട നെയ്ത്ത്

4. കണക്കുപറമ്പിലെ പറയസമുദായക്കാർ കരിമ്പനയിലെ പോത്ത വെട്ടി ഈര എടുത്ത് കയർ പിരിച്ച് ജീവിച്ചിരുന്നു.

5. പഞ്ചകർമ്മാക്കൾ – ഒരു ഗ്രാമത്തിന്റെ തൊഴിൽ രംഗത്തെ സ്വയം പര്യാപ്തത ആയി പ്രവർത്തിച്ചിരുന്ന പഞ്ചകർമ്മാക്കൾ പണ്ടു മുതലെ ഇവിടെ ഉണ്ടായിരുന്നു. ആശാരി, മൂശാരി, കരുവാൻ, തട്ടാൻ തുടങ്ങിയവർ പ്രത്യേകം തറകളിൽ താമസിച്ചിരുന്നു. ഇവരുടെ ജീവിതവുമായി "മന്ന" ങ്ങൾ നിലവിലുണ്ടായിരുന്നു.

6. കുറുപ്പന്മാർ – മാൻ,മുയൽ തുടങ്ങിയ കളിമൺ രൂപങ്ങളുണ്ടാക്കുന്ന കുറുപ്പന്മാരും കാവുകളിൽ കളംപാട്ടു കുറുപ്പന്മാരും ഇവിടെ ഉണ്ടായിരുന്നു.

7. ഭിക്ഷാടനം ജീവിത മാർഗ്ഗമായി സ്വീകരിക്കുകയും ദൈവീകമായ ഈ നിയോഗം അനുസരിക്കുകയും ചെയ്ത് ജീവിച്ചിരുന്ന ആണ്ടിപണ്ടാര സമുദായക്കാരും ഉണ്ടായിരുന്നു.

8. കാഞ്ഞികുളം,അത്തിപ്പാടം,മേച്ചീരി എന്നിവിടങ്ങളിൽ വിവിധ തൊഴിലുകൾ ചെയ്ത് ജീവിച്ചരുന്ന ആദിവാസി കുടുംബങ്ങൾ.

9. വാണിയന്റെ എണ്ണയാട്ടലുണ്ടായിരുന്നു.

## കൃഷി

മുഖ്യകൃഷി നെല്ല്. വീട്ടു വളപ്പുകളിൽ അത്യാവശ്യം വാഴ, തെങ്ങ്. വ്യാപകമായി വേനൽ പള്ളങ്ങളിൽ പച്ചക്കറികൾ ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തി. മലമ്പ്രദേശത്തു ജീവിച്ചിരുന്നവർ (മുത്തികുളം), ചീനിയക്ക, ഏലക്കാ, തേൻ ഇവ ശേഖരിച്ച് വ്യാപാരം നടത്തിയിരുന്നു. നെൽകൃഷിക്ക് ജലസേചനം നടത്തുവാൻ വാരിയത്ത് കുന്ന് പുളിയംപുള്ളി മലയിൽ ചേക്കരക്കെട്ട് ഉണ്ടാക്കുകയും മലവെള്ളം തടഞ്ഞ് ചീരക്കുഴി കൃഷിയിലേക്ക് തിരിച്ചു വിടുകയും ചെയ്ത കാര്യം പ്രത്യേകം ശ്രദ്ധേയമായിരുന്നു.

## വിദ്യാഭ്യാസം

1. എഴുത്തുപള്ളികൂടങ്ങൾ എഴുത്തച്ഛൻമാർ നടത്തിവന്നിരുന്നത് പ്രധാന സ്ഥലങ്ങൾ – മൂത്തേടത്ത്, മോഴികുന്നം ആദ്യകാല ഗുരുക്കന്മാർ : പഴണിയാണ്ടി എഴുത്തച്ഛൻ, ചാത്തുകുട്ടി നായർ

2. പണിക്കന്മാർ – പ്രമുഖ ജോതിഷകളായിരുന്നതിനു പുറമെ കളരികൾ നടത്തി വിദ്യാഭ്യാസത്തെ പ്രോത്സാഹി പ്പിക്കുകയും ചെയ്തിരുന്നു

3. സംസ്കൃത പാഠശാല : സമീപ ഗ്രാമങ്ങൾക്കു മുഴുവൻ മാതൃകയായി മുണ്ടൂരിൽ വളരെ കാലം മുമ്പ് ഒരു സംസ്കൃത പാഠശാലയുണ്ടായിരുന്നു.

മഠത്തിൽ പൊന്നത്തു നാരായണൻ നായരായിരുന്നു അതിന്റെ സ്ഥാപകൻ. ഈ വിദ്യാലയത്തിൽ പ്രശസ്തരായ ഡോ: കെ.എൻ. എഴുത്തച്ഛൻ, ഡോ. എം.എസ്.മേനോൻ എന്നീ മഹാപണ്ഡിതന്മാർ ഇവിടെ അധ്യാപകന്മാരായിരുന്നു. പിന്നീട് മുണ്ടൂരിലെ എല്ലാ അംശങ്ങളിലും പ്രാഥമിക വിദ്യാലയങ്ങളുണ്ടായി.

**ആരോഗ്യം**

70 വർഷങ്ങൾക്കു മുമ്പു തന്നെ മുണ്ടൂരിൽ ആയുർവ്വേദ ആസ്പത്രി പ്രവർത്തിച്ചിരുന്നു. പ്രശസ്തരായ നാട്ടുവൈദ്യന്മാർ മുണ്ടൂരിന്റെ അനുഗ്രഹമായിരുന്നു. എം.പി.നാരായണൻ നായർ, കുഞ്ഞുവൈദ്യർ, രാമകൃഷ്ണ വൈദ്യർ എന്നിവരാണ് പൂർവ്വിക വൈദ്യന്മാർ.

**കാർഷിക പുരോഗതി**

കാർഷിക പുരോഗതിക്കായി കൃഷിക്കാരെ സഹായിക്കുവാൻ 75 കൊല്ലം മുൻപു തന്നെ വിവിധോദ്ദേശ ഐക്യ നാണയ സംഘം ഉണ്ടായിരുന്നു. ആടുത്ത ഘട്ടത്തിൽ ശ്രീ.പാർവതി ബാങ്ക് കൃഷിക്കാരെ സഹായിച്ചിരുന്നു. 1960ൽ സർവ്വീസ് കോ–ബാങ്ക് നിലവിൽ വരുന്നതിനു മുമ്പ് PCC സൊസൈറ്റി ഐക്യനാണയ സംഘം എന്നീ സ്ഥാപനങ്ങളും ഇവിടെ ഉണ്ടായിരുന്നു.

**സാംസ്കാരിക രംഗം**

പുരാതന കാലം മുതൽക്കു തന്നെ കഥകളി തുടങ്ങിയ ക്ഷേത്രകലകളുമായി മുണ്ടൂരിന് ബന്ധമുണ്ടായിരുന്നു. കേരളം മുഴുവൻ പ്രസിദ്ധനായ കഥകളിപ്പാട്ടുകാരനായ അനുപുരത്ത് പിഷാരത്ത് കുട്ടമ്മാൻ ഈ രംഗത്ത് സ്മരണീയനാണ്

**നാടകം**

കോവിലൻ ചരിത്രം, ഹരിശ്ചന്ദ്ര നാടകം, വള്ളിത്തിരുമണം – മുണ്ടൂരിലെ തമിഴ് നാടക സംസ്കാരത്തിനു പിന്നിൽ വ്രർത്തിച്ചിരുന്ന പ്രബലമായ ശക്തികൾ ഈഴവരും, ആശാരിമാരുമായിരുന്നു. മൂത്തേടത്ത് ആറുമുഖനാശാരി ആശാൻ, ബഫൂൺ കേശവൻ എന്നിവർ പ്രസിദ്ധരാണ്.

**ആര്യമാല**

എണ്ണ വിൽപനക്കാരായ വാണിയരാണ് മുണ്ടൂരിൽ ആര്യമാല കളി അവതരിപ്പിച്ചിരുന്നത്.

**പൂറാട്ട് , പാങ്കളി**

ഈ കലകൾ അവതരിപ്പിച്ചിരുന്നത് പാണസമുദായക്കാരാണ് . ഈ രംഗത്തെ ഒരു പ്രധാന കലാകാരനാണ് കൂളകുന്നിൽ പഴനിമല.

**പുള്ളുവൻ പാട്ട്**

ഇത് അവതരിപ്പിച്ചിരുന്നത് പുള്ളുവരായിരുന്നു. ഇതിൽ പ്രസിദ്ധൻ മൂത്തേടത്ത് നാകനായിരുന്നു.

**കണ്യാർകളി**

ആശാൻ കണ്ണത്തരകൻ. പുരാതന കലകളുടെ പാരമ്പര്യത്തിലേക്കു കടക്കുമ്പോൾ ഒട്ടേറെ പ്രതിഭകളെ സംഭാവന ചെയ്ത ഒരു പ്രദേശമാണ് “മൂത്തേടം” എന്ന പ്രദേശം

### കൃഷിക്കാരുടെ ഉൽസവം

കന്നുതെളി കാളവണ്ടിയോട്ട മത്സരം കന്നുതെളിക്കായി ഒരു കുളം (കാട്ടുകുളം) ഉണ്ടായിരുന്നു.

### ഓണത്തല്ല്

ഓണത്തിന് കെയാംകളി ഒരു പ്രധാന വിനോദമായിരുന്നു.ചവിട്ടുപറമ്പ് എന്ന സ്ഥലം ഓണത്തല്ലിന്റെ സ്ഥലമായിരുന്നു.

### കുമ്മാട്ടി

മുണ്ടൂരംശത്തെ അതിപ്രധാനമായ ഒരു വേലയാണ് കുമ്മാട്ടി. എട്ടു കന്നുകളെ ബന്ധപ്പെടുത്തി കൊണ്ട് നടത്തിയിരുന്ന ഈ വേല - പാലക്കീഴ്കാവ് ,കയറംകാവ്, ശ്രീകുറുംബകാവ്, കിഴക്കുമുറിയിലെ മുണ്ടൂരംവേലം, പടിഞ്ഞാറു മുറിയിലെ ആലിൻചുവട്, ഒടുവൻകാട്കുമ്മാട്ടിപാറ എന്നിവയെല്ലാം ഈ വേലയിൽ ബന്ധപ്പെട്ടിരുന്നു. മുണ്ടൂരിലെ സാംസ്കാരിക സമന്വയത്തിനും കൂട്ടായ്മക്കും ഒരന്തർധാരയായി നിലകൊള്ളുന്ന വിശേഷ മാണിത്. ഹരിജനങ്ങൾ പാലക്കീഴ്കാവിലേക്കുള്ള കതിർ വേല നടത്തിയിരുന്നു. എഴക്കാട് കുന്നപ്പുള്ളി കാവിലെ വിഷുവേല,പൂതനൂർ കുന്നപ്പുള്ളിക്കാവിലെ കുമ്മാട്ടി എന്നിവയും സർവജനപങ്കാളിത്തമുള്ള ഉൽസവങ്ങളാണ്. കയറംകാവുമായി മുണ്ടൂരിലെ എല്ലാ ജനങ്ങളും ബന്ധപ്പെട്ടിരിക്കുന്നു. ഒരു പശു പ്രവസിച്ചാൽ പ്രസവാവധിക്കു ശേഷം ലഭിക്കുന്ന ആദ്യത്തെ പാൽ " കയറനൂട്ടുക" എന്നൊരാചാരം പണ്ടു മുതലേ ഇവിടെ ഉണ്ടായിരുന്നു കാട്ടുദൈവങ്ങളെ പ്രീതിപ്പെടുത്തി വളർത്തു മൃഗങ്ങളെ രക്ഷിക്കുക എന്നതാവണം ഇതിന്റെ ഉദ്ദേശ്യം

### മറ്റു ചില പ്രത്യേകതകൾ

മുണ്ടൂരിലെ വേലിക്കാടിനടുത്ത് " വടക്കന്റെ കാട്" എന്ന സ്ഥലത്തു നിന്നും പോയവരാണ് വടക്കന്തറയിൽ സ്ഥിരതാമസമാക്കിയ "ജൈനർ" എന്നൊരു വിശ്വാസമുണ്ട്. വടക്കന്റെ കാട്ടിൽ വ്യാപകമായി "നന്നങ്ങാടി" കൾ കാണപ്പെടുന്നത് പുരാതനകാലത്ത് മുണ്ടൂരിലുണ്ടായ ജൈന-ബൗദ്ധ മതങ്ങളുടെ സ്വാധീനമാണ്. മുണ്ടൂർ ജൈന മഠത്തിന്റെ വമ്പിച്ച സ്വാധീനത്തെ കുറിച്ച് ഇളംകുളം കുഞ്ഞൻപിള്ള തന്റെ ഗവേഷണ പ്രബന്ധത്തിൽ പരാമർശിച്ചിട്ടുണ്ട്. മുണ്ടൂരിലെ സാംസ്കാരിക ഐക്യത്തിന് വലിയ സംഭാവന നൽകുന്ന പുരാതന ദേവാലയങ്ങളിലൊന്ന് പുളിയക്കോട് മുസ്ലീം പള്ളിയും മറ്റൊന്ന് കോവിൽ പറമ്പിലെ കൃസ്തീയ ദേവാലയവുമാണ്.

### ജന്മിത്തം

മുണ്ടൂരിലെ ഭൂഉടമ സമ്പ്രദായം മലബാറിലെ ഇതരപ്രദേശങ്ങളുമായി സാമ്യപ്പെട്ടിരിക്കുന്നു. മുണ്ടൂരിലെ " നായരു വീട്". ഒരു കാലത്ത് ഇവിടുത്തെ പ്രധാനനാടുവാഴി കുടുംബമായിരുന്നു. പൂമുള്ളി, വരിക്കശ്ശേരി, ഒളപ്പമണ്ണ, പുലാപ്പറ്റ, കുതിരവട്ടം എന്നീ കുടുംബക്കാർക്ക് ജന്മഭൂമികൾ മുണ്ടൂരിലുണ്ടായിരുന്നു. സവർണ്ണ ജന്മിമാർക്കൊപ്പം ഒരു ഇഴവ ജന്മിയും അക്കാലത്ത് മുണ്ടൂരിലുണ്ടായിരുന്നു എന്നത് പ്രത്യേകം സ്മരണീയമായിരുന്നു. കയറംകോടം ലക്ഷ്മി യമ്മ(വേലായുധന്റെ അമ്മ) യായിരുന്നു ഈ ജന്മി. ജന്മിമാർക്കു മാത്രം വോട്ടവകാശമുണ്ടായിരുന്ന കാലത്ത് മുണ്ടൂർ ദേശത്ത് രണ്ടു വോട്ടർമാരെ ഉണ്ടായിരുന്നുള്ളൂ. ഒന്ന് കുട്ടൻ വാരിയർ എന്ന അച്യുത വാരിയരും രണ്ട്

[illegible] ടം വേലായുധന്റെ അമ്മ ലക്ഷ്മി [illegible] ആയിരുന്നു അവർ.

**[illegible] ചരിത്രം**

ദേശീയ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലേക്ക് സംഭാവന ചെയ്ത വ്യക്തികളും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. കീഴരിയൂർ ബോംബ് കേസിൽ പ്രതിയായി ജയിൽ വാസം വരിച്ച കെ.വി.ചാമു മലബാറിലെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിലെ സമുന്നത നേതാക്കളിലൊരാളായിരുന്നു. 1942 ലെ ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിൽ പങ്കെടുക്കുകയും പിന്നീട് R.S.P. യുടെ ബുദ്ധികേന്ദ്രമായി മാറിയ കെ. വിജയരാഘവൻ ഈ പഞ്ചായത്തുകാരനാണ്.

വൈവിദ്ധ്യങ്ങൾക്കിടയിലും മുണ്ടൂരിലെ ജനങ്ങൾ ഒരുമിച്ച് കുമ്മാട്ടി ആഘോഷിക്കുകയും തെരുവത്തെ പള്ളിനേർച്ചയിൽ പങ്കുകൊള്ളുകയും തമിഴ്നാട്ടിൽ നിന്നു വന്ന കൃസ്ത്യൻ കുടുംബങ്ങളുമായി ഒരുമയോടെ കഴിഞ്ഞു വന്ന ഒരു ചരിത്രമാണ് മുണ്ടൂരിനുള്ളത്.



മുണ്ടൂർ ഗ്രാമപഞ്ചായത്ത്
ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 915 ഹെക്ടർ |
| പുരയിടം | 1559 ഹെക്ടർ |
| പുറമ്പോക്ക് | ഈ കണക്കു പഞ്ചായത്തിലുണ്ട് |
| കൃഷിയോഗ്യ തരിശ് | 12 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | |
| ആകെ | 3277.07 ഹെക്ടർ |

മുണ്ടൂർ ഗ്രാമപഞ്ചായത്ത്
വിള വിസ്തീർണ്ണവും ഉൽപ്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപ്പാദനം | ഉൽപാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് ഒന്നാം വിള | 915 ഹെക്ടർ | 3300405 Kg | 3607 Kg |
| നെല്ല് രണ്ടാം വിള | 857 ഹെക്ടർ | 3320018 Kg | 3874 Kg |
| നെല്ല് മുന്നാം വിള | 50 ഹെക്ടർ | 189500 Kg | 3790 Kg |
| പയർ | 5 ഹെക്ടർ | 1620 Kg | 325 Kg |
| എള്ള് | – | - | - |
| പച്ചക്കറികൾ | 18 ഹെക്ടർ | 117000 Kg | 6500 Kg |
| തെങ്ങ് | 912 ഹെക്ടർ | 14592000 Nuts | 16000 Nuts |
| വാഴ | 142 ഹെക്ടർ | 3408000 Kg | 2400 Kg |
| മരച്ചീനി | 85 ഹെക്ടർ | 1700 MT | 20 Mt |
| കുരുമുളക് | 22 ഹെക്ടർ | 58000 Kg | 4000 Kg |
| പ്ലാവ് | – | - | - |
| കശുമാവ് | 82 ഹെക്ടർ | 65600 Kg | 800 Kg |
| മാവ് | – | - | - |
| റബ്ബർ | 350 ഹെക്ടർ | 945000 Kg | 2700 Kg/Yr |
| കവുങ്ങ് | 12.5 ഹെക്ടർ | 8125 Kg/Yr | 650 Kg/Yr |

വികസന രേഖ

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

# 3

# ഭൂപ്രകൃതിയും വിഭവങ്ങളും

**ഭൂപ്രകൃതിയും കാലാവസ്ഥയും**

കല്ലിക്കോടൻ മലകൾക്ക് തെക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്ന പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് ഉത്തര അക്ഷാംശം 10ം48' 30" നും 10ം54' നും രേഖാംശം 76ം 36'10" നും ഇടയിലാണ്.

**ഭൂപ്രകൃതി**

ഭൂമിശാസ്ത്രപരമായി മൂലനിരകളും ചരിവുകളും താഴ്വരകളുമടങ്ങുന്ന മലനാട്ടിൽപ്പെടുന്ന പഞ്ചായത്തിലെ മുഴുവൻ ഭൂപ്രദേശവും 80 മീറ്റർ മുതൽ 300 മീറ്റർ വരെ ഉയരമുള്ളവയാണ്. പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശം —— ആണ്.

മണ്ണിനങ്ങളിൽ ചെങ്കല്ലും ചെമ്മണ്ണുമാണ് ഭൂരിഭാഗവും. പഞ്ചായത്തിൽ മഴയുടെ ശരാശരി മാസലഭ്യത 156.4 മില്ലി.മീറ്ററാണ്.

**മഴയുടെ മാസലഭ്യത**

പട്ടിക 1

| ജനു | ഫിബ്രു | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തം | ഒക്ടോ | നവം. | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|
| 0 | 21.8 | 1 | 21.5 | 111. | 361.8 | 566.7 | 301.4 | 33.3 | 355.5 | 96.1 | 13.5 |

താപനില മാക്സിമം – മിനിമം 1991 – 1996 വരെ

പട്ടിക 2

| | ജനു | ഫിബ്രു | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തം | ഒക്ടോ | നവം. | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| 199 | 32.0<br>21.7 | 32.7<br>22.3 | 36.5<br>24.7 | 36.5<br>24.5 | 32.9<br>24.1 | 30.1<br>23.1 | 28.8<br>22.5 | 29.4<br>23.5 | 31.8<br>23.5 | 33.2<br>23.6 | 32.1<br>23.4 | 31.9<br>23.1 |
| 199 | 33.1<br>22.5 | 35.9<br>22.4 | 38.1<br>[illegible] | 37.5<br>25.2 | 37.6<br>26.6 | 30.7<br>23.7 | 29.3<br>22.3 | 29.2<br>22.3 | 29.4<br>22.9 | 32.1<br>23.7 | 31.6<br>23.4 | 31.9<br>31.9 |
| 199 | 32.5<br>21.7 | 35.5<br>22.1 | 38.7<br>23.1 | 38.9<br>24.8 | 35.8<br>24.4 | 31.0<br>23.6 | 29.1<br>22.5 | 29.1<br>22.8 | 31.2<br>22.9 | 31.5<br>22.9 | 31.1<br>23.3 | 30.7<br>21.7 |
| 199 | 32.7<br>20.5 | 34.5<br>22.0 | 36.8<br>23.9 | 37.7<br>25.1 | 35.2<br>25.0 | 30.5<br>23.5 | 28.5<br>22.3 | 29.6<br>22.7 | 31.3<br>22.8 | 31.2<br>22.8 | 30.8<br>23.2 | 30.6<br>22.4 |
| 199 | 32.9<br>22.0 | 35.1<br>22.6 | 37.3<br>23.5 | 34.8<br>23.9 | 34.2<br>23.9 | 29.2<br>24.2 | 28.2<br>25.5 | 29.2<br>21.2 | 29.2<br>22.4 | 31.1<br>22.1 | 31.9<br>22.5 | 30.9<br>21.7 |
| 199 | 33.3<br>27.8 | 36.1<br>31.1 | 33.3<br>33.9 | 38.9<br>34.4 | 37.2<br>27.8 | 35.0<br>25.6 | 30.0<br>24.4 | 32.2<br>23.3 | 32.8<br>24.4 | 32.2<br>28.3 | 32.2<br>27.8 | 32.2<br>28.9 |

മഴ ലഭ്യതയുടെ വിവരണം 1991 മുതൽ 1996 വരെ

| വർഷം | മഴയുടെ ലഭ്യത മീ. | മഴ ലഭിക്കുന്ന ദിവസങ്ങൾ |
|---|---|---|
| 1991 | 2034 | 121 |
| 1992 | 2130 | 127 |
| 1993 | 1489 | 91 |
| 1994 | 2079 | 136 |
| 1995 | 1987 | 133 |
| 1996 | 1789 | 114 |

### മുണ്ടൂർ ഗ്രാമപഞ്ചായത്ത്
### രാസവള - കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993_94 | | | 1994_95 | | | 1995_96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവള കി.ഗ്രാം | കീടനാശിനി | |
| | | | ഖരം | ദ്രവം | | ഖരം | ദ്രവം | | ഖരം | ദ്രവം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | സഹകരണം | | | | | | | | | |
| 1 | എസ്.സി.ബി.മുണ്ടൂർ | 228954.5 | 72 Ltr | 60Kg | 565265.58 | 252.5 | 279 | 12665 | 65 Ltr | 116 Kg |
| 2 | എസ്.സി.ബി.കാഞ്ഞിക്കുളം | 928000 | 14.56 | - | 1168000 | 29.8 | - | 1171592 | 32.28 | - |
| | സ്വകാര്യം | | | | | | | | | |
| 1 | ഉണ്ണികൃഷ്ണൻ വാക്കയിൽ വീട്, എടക്കാട് | - | - | - | 15000 | - | - | 12000 | - | - |
| 2 | ടി.എ.[illegible] | 25000 | - | - | 32000 | - | - | 30000 | - | - |
| 3 | എ.കെ.മോഹൻദാസ് | 148950 | 62.5 | 336 | 213050 | 88.8 | 389.8 | 256900 | 117 | 281.7 |

### മുണ്ടൂർ ഗ്രാമപഞ്ചായത്ത്
### ജലസേചന സംവിധാനങ്ങൾ

| വാർ നമ്പർ | പൊതു ജലസേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ്സ് ബാർ | ആയക്കെട്ട് (രഹകർ) |
|---|---|---|---|---|---|
| 1 | 732 | – | 45 | – | 7 |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |
| 5 | | | | | |
| 6 | | | | | |
| 7 | | | | | |
| 8 | | | | | |
| 9 | | | | | |
| 10 | | | | | |
| 11 | | | | | |
| 12 | | | | | |

മൊത്തം മുണ്ടൂർ പഞ്ചായത്തിന്റെയാണ് മേൽ കാണിച്ചിരിക്കുന്നത്. വാർഡ് അടിസ്ഥാനത്തിലല്ല

| മുണ്ടൂർ ഗ്രാമപഞ്ചായത്ത്<br>ജലസേചന സംവിധാനങ്ങൾ | | | |
|---|---|---|---|
| ഇനം | എണ്ണം | | |
| | 1993_94 | 1994_95 | 1995_96 |
| തെങ്ങ് | 500 Nos | 975 Nos | 500 Nos |
| കശുമാവ് | 400 " | - | - |
| കുരുമുളക് | 12000 " | 5000 " | 5000 " |
| കവുങ്ങ് | - | - | 100 " |
| ഒട്ടുമാവ് | 200 " | - | 100 " |
| ചാബ | - | - | 100 " |
| ചെറി | - | - | 100 " |
| കൊയ്യക്ക | - | 25 " | - |
| നാരങ്ങതൈ | - | 25 " | - |

| മുണ്ടൂർ ഗ്രാമപഞ്ചായത്ത്<br>ദുരിതാശ്വാസ വിതരണം | | | | | | |
|---|---|---|---|---|---|---|
| വർഷം | പ്രശ്ന ബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം ഹെക്ടർ | | | | ധനസഹായം ലഭിച്ച വരുടെ എണ്ണം | വിതരണം ചെയ്ത തുക |
| | വെള്ള പൊക്കം | വരൾച്ച | കൊടു കാറ്റ് | ഉരുൾ പൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 6 |
| 1993_94 | | | | | | |
| 1994_95 | | | | | 645 | 162560 രൂപ |
| 1995_96 | | | | | | |

| മുണ്ടൂർ ഗ്രാമപഞ്ചായത്ത്<br>തെങ്ങു കൃഷി സംബന്ധിച്ച വിവരങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | . |
| | 912HA | 270HA | 642HA | 912H | Nil | Nil | 3 HA | 1 HA | 5 HA | 9 HA |

| മുണ്ടൂർ ഗ്രാമപഞ്ചായത്ത് കാർഷികോപകരണങ്ങൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | പോർട്ടബിൾ പമ്പു സെറ്റ് |
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ | നാപ് സ്റ്റാക്ക് സ്പ്രെയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | 17Nos | 7 Nos | - | 14 Nos | 88 Nos | Power Sprayer 5 Nos | - | - | 245 Nos |
| മുകളിൽ കാണുന്നതും കൊടുത്തുള്ളതും മൊത്തം മുണ്ടൂർ പഞ്ചായത്തിൽ വിതരണം ചെയ്തതാകുന്നു. | | | | | | | | | |

| മുണ്ടൂർ ഗ്രാമപഞ്ചായത്ത് കൈവശഭൂമി വിസ്തീർണ്ണം | | | |
|---|---|---|---|
| വാർഡ് നമ്പർ | നാമമാത്രകർഷകർ (1 ഹെക്ടറിനു താഴെ) | ചെറുകിടകർഷകർ (1–2 ഹെക്ടർ) | വൻകിടകർഷകർ (2 ഹെക്ടറിനു മുകളിൽ) |
| 1 | 2 | 3 | 4 |
| | 2450 Nos | 975 Nos | 375 Nos |

## മുണ്ടൂർ ഗ്രാമപഞ്ചായത്ത്
## മണ്ണ് സംരക്ഷണം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശ വിസ് തീർണ്ണം | പദ്ധതി പ്രദേശ ത്തെനീർച്ചാലു കളുടെ നീളം | അടങ്കൽ തുക | മൊത്തം ഗുണ ഭോക്താക്കൾ | പദ്ധതി ആരം ഭിച്ച വർഷം | പൂർത്തി യാക്കിയ വർഷം | സംരക്ഷി ക്കപ്പെട്ട ഭൂമി യുടെ വിസ് തീർണ്ണം | പ്രയോ ജനംല ഭിച്ച ഗു ണഭോ ക്താക്ക ളുടെ എണ്ണം | ചെല വായ തുക | മറ്റു കാര്യ ങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | മണ്ണ് സാരംഷണ പദ്ധതി തെക്കേതും മലമ്പള്ളം കോളനി മുണ്ടൂർ പഞ്ചായത്ത് | 3.084 ഹെ | -- | 36825 | 24 | 92/93 | 94/95 | 1.80ഹെ | 18 | 14,505 | -- |

1. മലമ്പള്ളം കോളനിയിലെ പദ്ധതി പ്രവർത്തനങ്ങൾ അവസാനിപ്പിച്ചു.
2. മുണ്ടൂർ പഞ്ചായത്തിൽ പുതിയ വികസനപദ്ധതികൾ നിർദ്ദേശിച്ചിട്ടില്ല
3. കാഞ്ഞങ്കുളം വാട്ടർ ഷെഡ് പ്രദേശത്ത് 'ഒടുങ്ങൂർ' തരിശു നില വികസന പദ്ധതി ബ്ലോക്കിൽ നിന്ന് പരിശോധിക്കുകയും ഉപേക്ഷിക്കുകയും ചെയ്തതായി മനസ്സിലാക്കുന്നു.

| മുണ്ടൂർ ഗ്രാമപഞ്ചായത്ത്<br>പണി പൂർത്തിയായതോ നടന്നു കൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആ ഭിച്ച വർഷം | പൂർത്തിയാക്കിയ വർഷം | എസ്റ്റിമേറ്റ് തുക | ആയകെട്ട് വിസ്തീർണ്ണം | മറ്റു വിവരങ്ങൾ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | a. Malampuzha R.B.C. Main canal from 16600m to 20750m<br>b. -do- at ch: 16800mrt field boothic 2 km length (CADA)<br>c. do-at 17605m Vallikode No I Distributory on to 800m (800m length)<br>d. -do- at 17800 rt. side field boothic 800m length (CADA)<br>e. -do- at 18680m Vallikode No.II Distributory upto 1 Km.<br>f. -do- at 18000,rt, 19300rt,20400rt,20600rt (5 Nos. of Direct slimes) | Not Known | Not Known | Not Known | 67.29 Hec | Malampuzha project has been completed during 1956.<br><br>Command Area Development Authority approximately completed 2800m work in 1990 |

| മുണ്ടൂർ ഗ്രാമപഞ്ചായത്ത്<br>നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആയകെട്ട് വിസ്തീർണ്ണം (ഹെക്ടർ) | എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക്ഷ്യം |
| 1 | 2 | 3 | 4 | 5 |
| 1 | കാലവർഷ കെടുതി – പുളിയംപുള്ളി തോടിന്റെ (എസ്.വൈ നമ്പർ 49/1, 49/2) കരകൾ സംരക്ഷണ ജോലികൾ | Nil | 2 Lakhs | കാലവർ കെടുതി തീർക്കൽ |
| 2 | ,, (സർവ്വെ നമ്പർ. 65/2, 65/7)സംരക്ഷണ പദ്ധതികൾ | | 2 Lakhs | ,, |

| മുണ്ടൂർ ഗ്രാമ[illegible]<br>ഭൂമി സംബന്ധിച്ച [illegible] | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| [illegible] | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | | | | | | | |
| | [illegible]ടം | നിലം | [illegible] | തരിശ് | ആകെ | 1-10 സെന്റ് | [illegible] സെന്റ് | [illegible] സെന്റ് | [illegible] സെന്റ് | [illegible] | [illegible] | 5 [illegible] |
| [illegible] | 2 | 3 | 4 | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | 12 | [illegible] |
| മുണ്ടൂർ 2 | 2274.1 | 1108.7 | 286.73 | - | 3369.60 | 500 | 600 | 1100 | 400 | 300 | 250 | 151 |

| മുണ്ടൂർ ഗ്രാമപഞ്ചായത്ത്<br>പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| വില്ലേജിന്റെ പേര് | വിസ്തീർണ്ണം (ഹെക്ടർ) | | | | | | | | | |
| | റോഡ് | തോട് | കുളം | പാറ | റെയിൽവേ | റവന്യൂ | വനം | | | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | 20:39:20 | 14:88:9 | 1:86:30 | 10:06:0 | - | 0:39:10 | 68:25:37 | | | 115:85:5 |

| മുണ്ടൂർ ഗ്രാമപഞ്ചായത്ത്<br>പതിച്ചു കൊടുക്കാവുന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|
| വില്ലേജിന്റെ പേര് | വിസ്തീർണ്ണം (ഏക്കറിൽ) | | | | | [illegible]വകാശിക്കളുടെ വിവരം |
| | പുരയിടം | നിലം | തരിശ് | മറ്റുള്ളവ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| | 24.06 | - | - | - | 24.06 | - |

വികസന രേഖ

മുണ്ടൂർ
ഗ്രാമപഞ്ചായത്ത്

# 4.A

# കൃഷിയും ജലസേചനവും

**ആമുഖം**

**ഇന്നത്തെ** മുണ്ടൂർ പഞ്ചായത്ത് 1960ന് മുമ്പ് നാലു വില്ലേജുകൾ കൂടിയതായിരുന്നു. ഇന്ന് ഇത് മുണ്ടൂർ I, മുണ്ടൂർ II വില്ലേജുകൾ കൂടി സംയോജിപ്പിച്ചതാണ്. പഴയ കാല റിക്കാർഡുകൾ ലഭ്യമല്ലാത്തതു കൊണ്ട് പഴയകാല കൃഷിക്കാരുടെയും കാരണവന്മാരുടെയും അറിവുകൾ ശേഖരിച്ചാണ് താഴെ കൊടുക്കുന്ന അന്നത്തെ കൃഷിരീതിയുടെ വിവരണം നൽകുന്നത്.

പഞ്ചായത്തിലെ വടക്കു ഭാഗം കല്ലടിക്കോടൻ മല (പശ്ചിമ ഘട്ടത്തിന്റെ ഭാഗം) യുടെ താഴെയുള്ള പ്രദേശങ്ങളും അതുപോലെ തെക്കു ഭാഗത്ത് അയ്യർമലയുടെ ചുവടു പ്രദേശങ്ങളും ആയ സ്ഥലങ്ങളിലായിരുന്നു കൃഷി ചെയ്തു വന്നിരുന്നത്. ആ കാലത്ത് ജലം സുലഭമായി ലഭിക്കുന്ന ഭൂമികളിൽ നെൽകൃഷിയും കുന്നിൻചരിവുകളിലും പറമ്പുകളിലും മോടൻ എന്ന നെല്ലും, (പറമ്പ് നെല്ല്) ഇതു കൂടാതെ പറമ്പുകളിലും പള്ള്യാലുകളിലും കോറ, ചാമ, പയറുവർഗ്ഗങ്ങൾ എന്നീ ഭക്ഷ്യധാന്യങ്ങളും ഉൽപ്പാദിപ്പിക്കുകയും. ഇത് ആഹാരമായി ഉപയോഗിക്കുകയും ചെയ്തു വന്നിരുന്നു. വനപ്രദേശങ്ങളിലെ അടിവാരങ്ങളിൽ കുറെ തരിശുഭൂമിയും ഉണ്ടായിരുന്നു. ആയത് ഇപ്പോൾ റബ്ബർ, തെങ്ങ്, കുരുമുളക്, കപ്പ, മുതലായ കൃഷികളാക്കി മാറ്റി. ഈ മലമ്പ്രദേശങ്ങളിലും താഴ്വരകളിലും ജനവാസം കൂടിയിരിക്കുന്നു. ഈ പ്രദേശത്ത് റബ്ബർ കൃഷിക്ക് കൂടുതൽ താൽപ്പര്യം കണ്ടു വരുന്നു.

മുണ്ടൂർ പഞ്ചായത്തിൽ 95-96ലുള്ള കണക്കനുസരിച്ച് നാമമാത്രകർഷകർ (ഒരു ഹെക്ടർ താഴെ) 2450 പേരും, ചെറുകിട കർഷകർ (ഒന്നു മുതൽ 2 വരെ ഹെക്ടർ) 975 പേരും (2 ഹെക്ടറിനു മേലേ) 375 കർഷകരുമാണുള്ളത്.

മലമ്പുഴ കനാൽ കൊണ്ട് വെള്ളം ഉപകരിക്കുന്ന ആയകെട്ടു സ്ഥലം 67 ഹെക്ടർ വരും. ഇവിടെ പൂതന്നൂർ മലമ്പള്ള ഹരിജൻ കോളനിയിൽ (IRDP) സുമാർ 2 ഹെക്ടർ സ്ഥലത്തു മാത്രമേ മണ്ണു പരിശോധന ഗവൺ മെന്റ് മുഖാന്തിരം 94–95ൽ നടത്തിയിട്ടുള്ളൂ. രാസ വളം 94–95 ലെ കണക്കു പ്രകാരം ഈ പ്രദേശ ത്തെ 2 സഹകരണ സ്ഥാപനങ്ങളും 3 സ്വകാര്യ ഏജൻസികളും ആണ് വിതരണം നടത്തുന്നത്.

ജലസേചന കിണറുകൾ 732 ഉം കൃഷിക്കു പയോഗിക്കുന്ന കുളങ്ങൾ 45 എണ്ണം വരുന്നു. 94 മുതൽ ഇതുവരെ 1475 തെങ്ങിൻ തൈകളും 10000 കുരുമുളകു തൈകളും 100 ഒട്ടുമാവിൻ തൈകളും 100 കവുങ്ങിൻ തൈകളും 100 ചമ്പതൈകളും 100 ചെറി തൈകളും വിതരണം ചെയ്തു.

ദുരിതാശ്വാസ സഹായധനം 645 പേർക്ക് 162560 രൂപ വിതരണം ചെയ്തു. ഈ പഞ്ചായത്തിൽ 17 ട്രാക്ടറുകളും 7 ട്രില്ലറുകളും 100 സ്പ്രെയറുകളും നിലവിൽ ഉപയോഗിക്കു ന്നുണ്ട്

മുഞ്ഞ, തണ്ടുതുരപ്പൻ, കൂലത്തുമ്പ,ചാഴി, ബ്ലാസ്റ്റ് ബ്ലെറ്റ് എന്നീ രോഗങ്ങൾ കണ്ടു വരാറുണ്ട്. ആയതിന് നിലവിലുള്ള കീടനാശിനികൾ ഡയമക്രോൺ, പെൻവാൾ, എക്കാലക്സ്, ഫുറുഡാൻ ബാവസ്റ്റിൻ, മലാത്തിയോൺ മെറ്റാസിഡ് B.H.C. 50 ശതമാനം എന്നിവയും കള നാശിനിയായി 2 : 4 : 0 എന്നിവയും ഉപയോഗിക്കുന്നു.

17–17–17 ഫാക്റ്റംഫോസ്, പൊട്ടാഷ്, കോബ്ലക്സ് യൂറിയ എന്നീ വളങ്ങളും കൂടാതെ ചാണകം, പച്ചിലവളം മുതലായ ജൈവ വളങ്ങളും ഉപയോഗിക്കുന്നുണ്ട്.

# കൃഷി

## നെല്ല്

കാർഷിക മേഖലയായിരുന്ന മുണ്ടൂർ പഞ്ചായത്തിൽ ഈ നൂറ്റാണ്ടിന്റെ മുമ്പു തന്നെ ഒട്ടുമിക്ക പ്രദേശങ്ങളിലും കൃഷി വ്യാപിച്ചിരുന്നു. നെൽകൃഷിയായിരുന്നു പ്രധാനകൃഷി. തരിശു ഭൂമിയും ഉണ്ടായിരുന്നു. ആ കാലങ്ങളിൽ മുപ്പൂകൽ കൃഷിയും ഇരുപ്പൂകൽ കൃഷിയും ഒരുപൂകൽ കൃഷിയും ഉണ്ടായിരുന്നു. 1822 ഹെക്ടർ ഭൂമി നെൽകൃഷി ചെയ്തു വരുന്നു. ഇതിന്റെ മൊത്തം ഉല്പാദനം 36810 ക്വിന്റൽ ആണ് ലഭിച്ചുകൊണ്ടിരുക്കുന്നത്. പച്ചക്കറി കൃഷികൾ 18 ഹെക്ടർ മാത്രമേയുള്ളൂ. 912 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷി ചെയ്തു വരുന്നു. 142 ഹെക്ടർസ്ഥലത്ത് വാഴക്കൃഷി ചെയ്തു വരുന്നുണ്ട്. മരച്ചീനി (കപ്പ)85 ഹെക്ടർ സ്ഥലത്തും , കുരുമുളക് 22 ഹെക്ടർ സ്ഥലത്തും, റബ്ബർ 350 ഹെക്ടർ സ്ഥലത്തും, കവുങ്ങ് 12.5 ഹെക്ടർ സ്ഥലത്തും കൃഷി ചെയ്തു വരുന്നു. എല്ലാ വിളകളും കൂടി ഇപ്പോൾ ഉള്ള മൊത്തം കൃഷിസ്ഥലം 3550 ഹെക്ടർ ആണ്. ഇതിൽ 82 ഹെക്ടർ കശുമാവും പെടുന്നു. 50 60 കളിൽ ഇതിലും കൂടുതൽ കൃഷി ചെയ്തു വന്നിരു ന്നു.അടുത്ത കാലത്താണ് റബ്ബറും തെങ്ങും വ്യാപകമായി കൃഷി ചെയ്തു വന്നത്. ഭൂപരിഷ്കരണം വന്നശേഷമാണ് കൃഷിയിട ങ്ങളിലും പറമ്പുകളിലും കുടിയിരുപ്പുകളിലും ദീർഘകാല നാണ്യവിളകൾ ചെയ്തു തുടങ്ങിയത്. കുറച്ചു കാലം മുമ്പു വരെ മുപ്പൂകൽ ചെയ്ത കൃഷികൾ കാലാവസ്ഥാ മാറ്റം കാരണം ചുരുങ്ങി വന്നിരിക്കുന്നു.

ജനസംഖ്യ വർദ്ധനവു കാരണം കൃഷിയിടങ്ങളിൽ പുരയിടങ്ങളും അവിടെ നാണ്യ വിളകളും വന്നു. ഇതു കാരണം റോഡുകളും മറ്റു വന്നതും നെൽകൃഷിയിടങ്ങൾ

കുറയാൻ കാരണമായി. കുളങ്ങൾ, തോടുകൾ മുതലായ പൊതു ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള സാമൂഹ്യ, ശാസ്ത്രീയ സംവിധാനം ഇല്ലാതായി.

കൃഷിഭൂമി തുണ്ടം തുണ്ടമായതുകൊണ്ട് ഉല്പാദനക്ഷമതം കുറയുകയും ചിലവ് കൂടുകയും ചെയ്തു. ഭൂരിഭാഗം കർഷകരുടെയും കാർഷിക വരുമാനം തുച്ഛമായി മാറി. കൃഷിയിടങ്ങളിൽ നിന്നും ലഭിക്കുന്നത് മുഖ്യവരുമാന മാർഗ്ഗമല്ലാത്തതുകൊണ്ട് കൃഷിക്കാരിൽ പലർക്കും ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ വലിയ താൽപര്യം ഇല്ല. കാർഷികത്തൊഴിലാളികളെ കിട്ടാതിരിക്കുന്നതാണ് മറ്റൊരു പ്രശ്നം. ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതോടെ കാർഷിക കുടുംബങ്ങളിലെ പുതിയ തലമുറ പാടത്തെ പണികളിൽ നിന്ന് പിൻവാങ്ങികൊണ്ടിരിക്കുന്നു.കെട്ടിട നിർമാണം മുതലായ തൊഴിലുകളാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്. കാർഷികത്തൊഴിൽ കൂലികുറവും തൊഴിൽദിനങ്ങളുടെ കുറവും കാരണം കൂലികൂടുതലും അവർക്ക് സ്വയം മാന്യത കൂടുതൽ തോന്നുന്ന കെട്ടിട നിർമാണ മേഖലയിലേക്ക് യുവതലമുറ മാറിക്കൊണ്ടിരിക്കുന്നു. കാർഷിക തൊഴിലാളികളെ കിട്ടാത്തത് കൊണ്ട് മുൻകാലങ്ങളിൽ ഇവിടെ ഉപയോഗിച്ചിരുന്ന പച്ചില വളങ്ങൾ ഉപയോഗിക്കാതായി. കൃഷിക്കാർ മുൻകാലങ്ങളെപോലെ കന്നുകാലികളെ വളർത്താത്തത് കൊണ്ട് കാലിവളം ലഭിക്കാതായി. ട്രാക്ടർ വ്യാപകമായി ഉപയോഗിക്കുവാൻ തുടങ്ങി. രാസവളങ്ങൾ അമിതമായി, വ്യാപകമായി ഉപയോഗിക്കുന്നതു കാരണം മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുകയും വിളവ് കുറഞ്ഞു വരികയും ചെയ്യുന്നു. കൃഷിമുഴുവൻ മഴയെ ആശ്രയിച്ചാണ്. കൃഷിക്കാർ മണ്ണു പരിശോധന യുടെ അടിസ്ഥാനത്തിലല്ല വളം ചേർക്കുന്നത്. ജലസേചന സൗകര്യങ്ങൾ തീരെ ഇല്ല. കുന്നിനെയുള്ള ഭൂപ്രകൃതിയായതു കൊണ്ട് മണ്ണൊലിപ്പു വ്യാപകമായതു കാരണം മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുന്നു. നെൽപാട ങ്ങളിൽ കൂടുതൽ കൂർക്ക കൃഷി (ജൂലൈ തൊട്ട് ഡിസംബർ വരെ ) ചെയ്തു വരുന്നു.

**സുഗന്ധവിളകൾ**

കുരുമുളക്, മഞ്ഞൾ, ഇഞ്ചി, കച്ചോല, മാങ്ങഇഞ്ചി എന്നിവ ഇടവിളയായി കൃഷി ചെയ്യുന്നതിന് ധനസഹായവും പ്രോത്സാഹനവും വേണം. ഇഞ്ചികൃഷിക്ക് ഉണ്ടാവുന്ന മാരകമായ രോഗം ഗവേഷണം നടത്തി കണ്ടെത്തി പരിഹാരം കാണണം. പുഷ്പ കൃഷി പ്രോത്സാഹിപ്പിക്കണം. കൂൺ കൃഷി പ്രോത്സാഹിപ്പിക്കണം.

**തേനീച്ച കൃഷി**

അനുബന്ധ വരുമാന മാർഗ്ഗം എന്ന നിലക്ക് തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കണം.

**ഔഷധച്ചെടി**

തെങ്ങിൻ തോപ്പിൽ ഇടവിളയായി ചെയ്യുവാൻ പ്രോത്സാഹനവും ധനസഹായവും നൽകണം.

## ജലസേചനം

**ചെറുകിട ജലസേചനം**

**Ward I**

1. കോരകുളം നന്നാക്കി മോട്ടോർ സൗകര്യം ഏർപ്പെടുത്തുക.

2. മുണ്ടേക്കോട് കുളം R.M.P സ്കീമിലുൾപ്പെടുത്തുക.

3. വെട്ടിത്തൊടികുളം, പ്ലാച്ചിക്കാട് അമ്പാഴ കുണ്ടുകുളം എന്നിവ വീതിയും ആഴവും കൂട്ടി കല്ലുകെട്ടി നന്നാക്കുക.

**Ward II**

മുട്ടിപ്പാടം കുളം, എരത്തിപ്പാടം കുളം, കുരുവിള പാടത്ത് പുതിയ കുളം കുഴിക്കൽ പണമലകുളം, മയിലുംപുള്ളി അയ്യപ്പൻകുളം, ഇല്ലത്ത് കുളം 2 എണ്ണം (കുണ്ടംകുളം)

**Ward III**

ആറാട്ടുകുളം, പുത്തൻ കുളം, പുനത്തിൽ കുളം, കളശ്ശേരി പുത്തൻകുളം, നെടുഞ്ചികുളം, ചുണ്ടയിൽ കുളം, കരിങ്കറ കുളം, പനങ്ങാട്ടു കുളം, മുട്ടിയിൽ കുളം, പാറകുളം, കുണ്ടുകാട് കുളം,കിഴക്കുമ്പുറം കുളം, പടിഞ്ഞാറെമുടികുളം എന്നിവ ആഴവും വീതിയും കൂട്ടുകയും വേണ്ടുന്ന കുളങ്ങളിൽ മോട്ടോർ സ്ഥാപിക്കുകയും ചെയ്യുക.

**Ward IV**

വഴുക്കപ്പാറകുളം, അമ്മൻകുളം, പുലിയങ്കോട്ടു കുളം, വിജയന്റെ കുളം, മാരാത്തു കുളം, പൊരിയാനികുളം, (2 എണ്ണം) കണക്കുപറമ്പു കുളം, വാഴയിൽകുളം, മഠത്തിൽ കുളം, പെരുങ്കുളം, ചുങ്കത്തുകുളം ആഴവും വീതിയും കൂട്ടി സംരക്ഷിക്കുക.

**Ward V**

പുതുകുളം, അ[illegible]കുളം, കോതകുളം, ചുണ്ടൻകുളം, ശ്രീകുറുമ്പക്കാവിനു താഴെയുള്ളകുളം, കിഴായൻകുളം, പഞ്ഞമലകുളം ആഴവും വീതിയും കൂട്ടി നന്നാക്കുക

**Ward VI**

മഠത്തിനുള്ളിലെ കുളം, പാലക്കീഴ് വടുകകുളം, കോതകുളം, എരട്ടിക്കുളം, കണ്ടൻകേരം കുളം, വാഴപ്പഴം കുളം, മേലേകുളം എന്നിവ നേരെയാക്കുക. അമ്പലക്കുളം, കോ[illegible]ട്ടൂർ കുളം, പാലക്കീഴ് കുളം കിഴക്കരകുളം, പടിക്കൽകുളം എന്നിവ ആഴവും വീതിയും കൂട്ടുക.

**Ward VII**

നെടുന്നാണി കുളം, കുളിക്കുന്ന കുളം, വെള്ളേകുളം, ചെറുപാറകുളം, പൂപ്പുള്ളികുളം, തുർന്ന പുത്തൻ കുളം, വളയനാട് കുളം, കളത്തിൽ പടി കുളം, പാളികുളം നന്നാക്കി മോട്ടോർ വേണ്ടയിടങ്ങളിൽ വെക്കണം.

**Ward VIII**

പരിയങ്ങാട് കുളം, മൂച്ചിക്കുളം, മേപ്പാടം, മലങ്കാട് കുളം,കാപ്പുക്കാട് കുളം, അത്തിപ്പാടം കുളം, കല്ലളക്കുളം, മേച്ചേരിക്കുളം, ആഴം കൂട്ടി വീതി കൂട്ടി വൃത്തിയാക്കുക.

**Ward IX**

ആലംങ്കാട് കുളം, മേലെകുളം, മന്ദിരക്കുളം, ചാകരകുളം,പൂതനൂർ ഭാസ്കരൻ നായരുടെ കുളം, ആലംക്കുണ്ട് കുളം, പുന്നക്കുളം, കാട്ടുകുളം ആഴവും വീതിയും കൂട്ടി നന്നാക്കുക.

**Ward X**

ചമ്പക്കുളം, മഴക്കാലത്ത് അധിക വെള്ളം പോവാൻ സംവിധാനം വേണം അയ്യപ്പൻ കുളം, കവറകുളം, ചക്കിട്ടകുളം, പാറക്കുളം, പുല്ലന്റെശ്ശേരി കുളം, പൂശാരിക്കുളം, പൊട്ടക്കുളം, എന്നിവ ആഴവും വീതിയും കൂട്ടി നന്നാക്കുക.

**Ward XI**

ചക്കാംകുളം, ചമ്പക്കുളം, പുത്തൻകുളം എന്നിവ നന്നാക്കുക. തൈക്കാട്ടുകുളം, കാപ്പിൽ കുണ്ടൻ കുളം (2 എണ്ണം) കയറൻ കുളം, വടക്കേക്കര കുളം എന്നിവ ആഴവും വീതിയും കൂട്ടി നന്നാക്കുക.

**ചാലുകൾ നന്നാക്കിയാൽ കിട്ടുന്ന ജലസേചന സൗകര്യങ്ങൾ**

**വാർഡ് 1**

ഇട്ടിയോടിൽ നിന്നും കിഴക്കുമ്പുറം വരെയുള്ള ചാലും വാഴയിൽ തോടും നന്നാക്കിയാൽ കൃഷിക്ക് വെള്ളം ലഭിക്കും.

**വാർഡ് 2**

നിലവിലുള്ള ചെക്കുഡാമുകളുടെ ചാലുകൾ നന്നാക്കണം.

**വാർഡ് 3**

മയിലം പുള്ളി ചാൽ, ഇരുമ്പോനിപ്പാടം – ചാൽ നന്നാക്കുക

**വാർഡ് 4**

കൂട്ടുപാതയിൽ നിന്നും ചുങ്കത്ത് പാടത്തേക്കു വരുന്ന മലവെള്ളമൊഴുക്ക് ചുങ്കത്തുപാടം പൊരായാനിപാടം എന്നിവിടങ്ങളിൽ കൂടി ശക്തമായി ഒഴുകുന്നു. തന്മൂലം വരമ്പു പൊട്ടൽ മണ്ണൊലിപ്പ് എന്നിവ ഉണ്ടാകുന്നു. ഇത് ഒഴിവാക്കുന്നതിന് കൃഷിയിടങ്ങളിൽ വെള്ളം നില്കുവാനും, കൃഷി സംരക്ഷിക്കാനുമുള്ള ഹരിഹാരമുണ്ടാക്കണം.

**വാർഡ് 5**

പ്രധാന പാടത്തിന്റെ രണ്ടു ഭാഗത്തു കൂടി കയറംകാവുപാടം അരുമ്പറപാടം രണ്ടു ഭാഗത്തു കൂടി ചാൽ നിർമ്മിച്ച് അധിക ജല പ്രവാഹമുള്ള കാലങ്ങളിൽ കൃഷി സംരക്ഷിക്കുവാനും കുനിയമ്പറമ്പിൽ നിന്നും നീർത്തോട്ടിലേക്കുള്ള ചാൽ, വാരിയത്ത് പാടം ചാൽ എന്നിവ നന്നാക്കണം.

**വാർഡ് 6**

മലമ്പുഴ കെനാലിന്റെ കയ്യറ ഭാഗത്തു നിന്ന് കുറക്കുംമ്പൊററയിലേക്ക് ഒരു ചാലുണ്ടാക്കിയാൽ കുറക്കംമ്പറ പാടത്ത് ജലസേചനസൗകര്യമുണ്ടാവും. പാലക്കീഴ് പാടത്തിനു മേലെ അധികവെള്ളം വരുന്ന ചാൽ അമ്പലക്കുളം മുതൽ നിർമ്മിച്ച് തോട്ടിലെത്തിക്കണം.

**വാർഡ് 7**

വടക്കേപ്പാടത്ത് ചാലേക്കൽ തോട് നന്നാക്കി ജലസേചന സൗകര്യം ഉണ്ടാക്കാം, പാളികുളത്തിൽ നിന്നും കുമ്മൻകോട് തോട്ടിൽ ചേരുന്ന ചാലുകൾ നന്നാക്കണം.

**വാർഡ് 8**

ഇട്ടിയോട്ടിൽ നിന്നും കിഴക്കുംപുറം വരെയുള്ള ചാൽ നന്നാക്കണം. നീളിപ്പാറ ബണ്ടു കെട്ടി വെള്ളം മേപ്പാടം ഇട്ടിയോടു തോട്ടിൽ തിരിച്ചു വിടണം.

**തോടുകൾ**

**വാർഡ് 1**

ചെക്ക് ഡാം സത്രംകാവ് പുഴയിൽ കുളവനി തെക്കുകര കിഴക്കേതെക്കുംകര, പടിഞ്ഞാറെ തെക്കുംകര എന്നിവിടങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കണം.

**വാർഡ് 2**

പുളിയംപുള്ളിതോട്ടിൽ വാളാമ്പുഴ [illegible]ത്തിന സമീപം ചെക്ക് ഡാം നിർമ്മിക്കണം, മുട്ടിപാടത്ത് ബണ്ട് കെട്ടുക.

**വാർഡ് 3**

പുനത്തിൽ തോട്, പണ്ടാരപ്പാടം തോട്, മയിലംപാടം തോട് അകംപാടം തോടുകൾ വീതി കൂട്ടി ബണ്ടുകൾ നിർമ്മിക്കണം. ചീനിക്കാകുണ്ട് തോട്, വാഴയിൽ തോട്, ആഞ്ഞിലിപ്പാടം തോട്, കുട്ടൻകാട് തോട്, കീഴ്പ്പാടം പാറകുണ്ട് തോട്. ബണ്ട് നിർമ്മിക്കണം.

**വാർഡ് 8**

വാഴയിൽ തോട്ടിൽ പഴയ ബണ്ട് ഉയർത്തി കെട്ടുക.

**വാർഡ് 3**

പൂതംകോട് പുലിക്കോട്ടുപാറ, പാറകുണ്ടിൽ (പൂതനൂർ) ബണ്ട് വേണം

**വൻകിട ജലസേചന പദ്ധതികൾ**

1. മുണ്ടൂർ പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തു കൂടി കാഞ്ഞരപുഴ കനാലിൽ നിന്ന് കിഴക്കു ഭാഗത്തു കൂടി പേകുന്ന മലംമ്പുഴ കനാലിൽ നിന്നും മുണ്ടൂർ പഞ്ചായത്തിന്റെ വടക്കെ മലയോരത്തു കൂടി ചാലുകളുണ്ടാക്കി (ലിഫ്ട് ഇറിഗേഷൻ) വഴി ജലസേചനം ഉണ്ടാക്കണം.

2. കാഞ്ഞിരപ്പുഴക്കു രണ്ടാം ഘട്ടമായ തുപ്പനാട് പദ്ധതി നടപ്പാക്കി – മുണ്ടൂർ പഞ്ചായത്തിൽ ജലസേചനസൗകര്യം ഉണ്ടാക്കണം.

**നെൽകൃഷിയെഅഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ**

1. ജലസേചന സൗകര്യങ്ങൾ നടപ്പിലാക്കുന്നതിനു പുറമെ സ്വന്തമായി കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും വൈദ്യുതി എത്തിക്കാനുമുള്ള സംവിധാനം ഉണ്ടാവണം.

2. ഉല്പാദനച്ചിലവിന്നനുസരിച്ച് കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ആദായകരമായ വില കിട്ടണം.
3. കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് യഥാസമയം സർക്കാർ ന്യായമായ വിലക്കെടുക്കണം.

4. രാസവളങ്ങളും കീടനാശിനികളും സൗജന്യമായി കൊടുക്കണം.

5. വിത്തുകൾ (അത്യുൽപ്പാദന ശേഷിയുള്ളവ) സർക്കാർ യഥാസമയത്ത് പകുതി വിലക്ക് കൊടുക്കണം.

6. കാർഷികോപകരണങ്ങൾ 50 ശതമാനം വിലയ്ക്ക് കൊടുക്കണം.

7. കമ്പോസിറ്റ് നിർമ്മിക്കാനും ഡെയ്ഞ്ച് മുതലായ പച്ചിലവളങ്ങൾ കൃഷി ചെയ്യിക്കുവാനും ബോധവൽക്കരണവും

പ്രോത്സാഹനവും സഹായവും ഉണ്ടാകണം.

8. ഈ പ്രദേശം അമ്ലരസം കൂടുതലുള്ളതു കൊണ്ട് ഇത് പരിഹരിക്കാൻ കാൽസ്യം, അമോണിയം എന്നിവ 50 ശതമാനം സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് കൊടുക്കണം. (മുമ്പ് കാൽസ്യം, അമോണിയം നൈട്രേറ്റ് കിട്ടിയിരുന്നു. ഇപ്പോൾ ഇത് ലഭിക്കുന്നില്ല.) ഫാക്ടംഫോസിലെ സൾഫർ മണ്ണിന്റെ അമ്ലം കൂട്ടുന്നു. ഇതു കൊണ്ട് ഈ കാര്യത്തിൽ പുനർചിന്തനം ആവശ്യമാണ്.

9. ചില പ്രദേശങ്ങളിൽ മലവെള്ളങ്ങൾ വരുന്ന സ്ഥലങ്ങളായതു കൊണ്ട് വരമ്പുകൾ പൊട്ടി മണ്ണൊലിപ്പുണ്ടാകുന്നു. ഇത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ നടപ്പാക്കണം.

10. അത്യുൽപ്പാദന ശേഷിയുള്ളതും അതതു കാലത്തിനും യോജിച്ച അത്യുല്പാദന ശേഷിയുള്ള വിത്തുകൾയഥാസമയങ്ങളിൽ കൃഷിക്കാർക്ക് ലഭ്യമാക്കണം.

11. കൃഷിക്കാർക്ക് ഈ പ്രദേശങ്ങളിൽ കാട്ടു മൃഗങ്ങളുടെ ശല്യം ധാരാളം ഉള്ളതു കൊണ്ട് കർഷ കർക്ക് കമ്പിവേലി കെട്ടുവാനുള്ള സാമ്പത്തിക സഹായങ്ങൾ ചെയ്തു കൊടുക്കണം.

12. ട്രാക്ടർ ചുരുങ്ങിയ വാടകക്കു കിട്ടുന്ന സംവിധാനം ഏർപ്പെടുത്തണം.

13. കാർഷികത്തൊഴിലാളികളെ ലഭിയ്ക്കാ ത്തതിനാൽ യന്ത്രവത്കരണം അത്യന്താപേ ക്ഷിതമാണ്. -കൊയ്ത്ത്, മെതി, നടീൽ തലങ്ങളിൽ -

14. രോഗപ്രതിരോധ ശേഷിയുള്ള വിത്തുകൾ വികസിപ്പിച്ചെടുക്കണം. പരിതസ്ഥിതിക്ക് ദോഷം സംഭവിക്കാത്ത ജൈവകീട നാശിനികൾ ഉപയോഗിക്കുവാൻ പ്രോത് സാഹിപ്പിക്കുകയും രാസകീടനാശിനികൾ പരമാവധി കുറച്ചുകൊണ്ടു വരുവാൻ പ്രേരിപ്പിക്കുകയും ചെയ്യണം. സൗജന്യമായി പമ്പു സെറ്റുകൾ കൊടുക്കുവാൻ സംവിധാനം വേണം.

15. പ്രകൃതി ക്ഷോഭം മൂലമുള്ള നഷ്ടത്തിന് മതിയായ പ്രതിഫലം യഥാസമയം കൊടുക്കണം. ഇന്നത്തെ സഹായം യാതൊരു തരത്തിലും പര്യാപ്തമല്ല.

16. എല്ലാ കൃഷികൾക്കും ഇൻഷൂറൻസ് പദ്ധതി പര്യാപ്തമായ തോതിൽ ഏർപ്പെടുത്തണം.

17. ഇപ്പോൾ കൊടുക്കുന്ന ഉൽപാദന ബോണസ്സ് വർദ്ധിപ്പിക്കുകയും സമയാസമയങ്ങളിൽ കൊടുക്കുകയും വേണം.

18. വിളവെടുക്കുന്ന കാലങ്ങളിൽ നെല്ല് സംഭരിച്ച് കൂടിയ വിലക്ക് വിറ്റ് അധികം കിട്ടുന്ന വില കർഷകനു തന്നെ കിട്ടുവാൻ സംവിധാനം ഉണ്ടാക്കണം.

19. കൃഷി വായ്പ ലളിതവും, നാമമാത്രമായ പലിശക്കും കിട്ടുവാനുള്ള സംവിധാനം ഉണ്ടാക്കണം.

20. ഇപ്പോഴുള്ള കാർഷിക പെൻഷൻ അപ്രായോഗികമാണ്. എല്ലാകൃഷികാർക്കും കിട്ടുന്ന വിധത്തിൽ ഇത് ലളിതമാക്കി അർഹതപ്പെട്ട എല്ലാ കൃഷിക്കാർക്കും ലഭിക്കുമറാക്കണം.

21. ശാസ്ത്രീയമായ കൃഷിബോധം വളർത്താൻ ബോധവത്കരണ ക്ലാസുകൾ തുടർച്ചയായി കൃഷികാർക്ക് കൊടുക്കണം.

22. ട്രാക്ടർ, ടില്ലർ എന്നിവ കൊണ്ട് നെല്ല്, വയ്ക്കോൽ എന്നിവ കൊണ്ടുപോവാൻ പറ്റിയ റോഡുകൾ ഉണ്ടാക്കണം.

23. മണ്ണ് പരിശോധന ലളിതവും പഞ്ചായത്തടിസ്ഥാനത്തിൽ സാർവ്വത്രികവും ആക്കണം.

24. ഗ്രൂപ്പ് ഫാമിങ് രീതി പ്രേത്സാഹിപ്പിക്കേണ്ടതാണ്.

**തെങ്ങുകൃഷി**

1. തെങ്ങിൻ തോട്ടങ്ങളിൽ ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കുവാനും, വൈദ്യുതി അടിയന്തിരമായി ലഭിക്കുവാനും സംവിധാനം ഉണ്ടാക്കണം.
2. നാളികേര വിലയിടുവിന് നാളികേരത്തിന്റെ ഉപയോഗം എണ്ണ രൂപത്തിലല്ലാതെ മറ്റു വിധേന വിപണികൾ കണ്ടെത്താൻ പ്രോത്സാഹിപ്പിക്കണം.

3. ചകിരി, ചിരട്ട എന്നിവകൊണ്ട് നൂതന ഉപയോഗങ്ങളും ആവശ്യങ്ങളും കണ്ടെത്തണം.

4. കൊപ്ര സംസ്കരണ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ സംവിധാനം ഉണ്ടാക്കണം.

5. തെങ്ങിന് ഇപ്പോഴുള്ള ഇൻഷുറൻസ് പദ്ധതി പര്യാപ്തമല്ല.ഇത് ലളിതമാക്കണം.

6. വളം, പമ്പ് സെറ്റുകൾ, സ്പ്രെയറുകൾ വൈദ്യുതി മുതലായവ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.

7. തെങ്ങു കൃഷിക്ക് ഇപ്പോൾ പലതരം ഏജൻസികളുണ്ട്. ഇതിനെയെല്ലാം ഏകോപിപ്പിച്ച് ഒറ്റ ഏജൻസിയാക്കി മാറ്റണം.

**റബ്ബർ**

8. റബ്ബർ കൃഷിക്കാരുടെ സഹകരണ സംഘം ഉണ്ടാക്കി വിപണനം നടത്തണം. Regulating Marketing സംവിധാനം ഉണ്ടാക്കണം. റബ്ബർ ടാപ്പിങ്ങ് തൊഴിലിന് ഇവിടെ സാദ്ധ്യത കൂടിവരുന്നുണ്ട്.

**വാഴ**

9. അത്യുല്പാദന ശേഷിയുള്ള വാഴക്കന്നുകൾ ലഭിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. വാഴക്കുലകൾ സഹകരണാടിസ്ഥാനത്തിൽ വാങ്ങുവാനും വില്ക്കുവാനുമുള്ള സംവിധാനം ഉണ്ടാക്കണം.

**കവുങ്ങ്**

10. കവുങ്ങുകൃഷി പ്രോത്സാഹിപ്പിക്കണം. നല്ലയിനം കവുങ്ങിൻ തൈകൾ ലഭ്യമാക്കണം.

**കശുമാവ്, മാവ്**

11. ഈ കൃഷികൾ ഇപ്പോൾ ഇല്ലാതായി തീർന്നിരിക്കുന്നു. അതു വ്യാപിപ്പിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

**പച്ചക്കറി, പഴം**

12. ഇവിടത്തെ നെൽപാടങ്ങൾ രണ്ടാം വിള എടുത്തശേഷം സുമാർ നാലു മാസം തരിശായി കിടക്കുകയാണ്. പച്ചക്കറിക്കും പഴത്തിനും വേണ്ടി നമ്മുടെ പണം തമിഴ്നാട്ടിലേക്കും മറ്റു സംസ്ഥാനങ്ങളിലേക്കും ഒഴുകുന്നു. നെൽപാടങ്ങളിൽ പച്ചക്കറി പ്രോത്സാഹിപ്പിക്കവാൻ ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കണം. സാദ്ധ്യതയുള്ള സ്ഥലത്ത് വൈദ്യുതി പമ്പു സെറ്റുകൾ സ്ഥാപിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

**കിഴങ്ങുകൃഷി**

13. ചേന, ചേമ്പ്, മരച്ചീനി, മധുരക്കിഴങ്ങ്, കാവത്ത്, കിഴങ്ങ്, ചെറുകിഴങ്ങ്, കൂർക്ക എന്നിവ കൃഷി ചെയ്യുവാൻ കൂടുതൽ പ്രോത്സാഹിപ്പിക്കണം.



വികസന രേഖ

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

# 4. B

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

**മൃഗസംരക്ഷണം**

മുണ്ടൂർ ഗ്രാമ പഞ്ചായത്തിലെ ഈ മേഖലയുടെ പ്രധാന ഉത്പാദനം പാൽ,മാംസം, ജൈവ വളം തുടങ്ങിയവയാണെങ്കിലും മുട്ട, ഊർജ്ജം,തുകൽ തുടങ്ങിയവയുടെ ഉത്പാദന രംഗങ്ങളിലും മാംസപരിശോധന, പേവിഷ നിർമ്മാർജ്ജനം തുടങ്ങിയ പൊതുജനാരോഗ്യ രംഗങ്ങളിലും ഗ്രാമീണ ജനതക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും മൃഗസംരക്ഷണ മേഖലയ്ക്ക്ഗണ്യമായ പ്രാധാന്യം ഉണ്ട്.

മൃഗസമ്പത്തിന്റെ ഭൂരിഭാഗവും ചെറുകിട നാമാത്ര കർഷകരുടെയും സാമ്പത്തികമായി താഴെ തട്ടിലുള്ളവരുടേയും കൈകളിലാണ് ഉള്ളത്. ആയതിനാൽ ഈ മേഖലയിലുണ്ടാകുന്ന ഏതൊരു വികസന നീക്കവും ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ശക്തമാക്കും

മുണ്ടൂർ പഞ്ചായത്തിൽ കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലി വളർത്തൽ. കാലിവളർത്തൽ മുഖ്യ തൊഴിലാക്കിയ നിരവധി കുടുംബങ്ങൾ അന്ന് മുണ്ടൂരിൽ ഉണ്ടായിരുന്നു. നെൽകൃഷിയും പുൽമേച്ചിൽ സ്ഥലങ്ങളും വ്യാപകമായുണ്ടായിരുന്നതിനാൽ അന്ന് കാലി വളർത്തൽ പ്രയാസമുള്ളതായിരുന്നില്ല.

കർഷകതൊഴിലാളികളുടെയും കർഷകരുടെയും കുട്ടികളെ പ്രാഥമിക വിദ്യാഭ്യാസത്തിനു വിടുന്ന പ്രവണത കുറവായിരുന്നതിനാൽ അവരുടെ സേവനം കൂടി ഈ മേഖലക്ക് ലഭിച്ചിരുന്നു. കന്നുകാലികളിൽ നാടൻ ഇനങ്ങൾ മാത്രമായിരുന്നു അന്ന് ഉണ്ടായിരുന്നത്. 1960 കളുടെ ആരംഭത്തിൽ പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഒരു കീ വില്ലേജ് ഉപകേന്ദ്രം തുടങ്ങുകയും പിന്നീട് അത് 1972 ൽ ഊർജ്ജിത കന്നുകാലി വികസന പദ്ധതിയുടെ ഉപകേന്ദ്രമാക്കുകയും ചെയ്തു.

സങ്കര വർഗ്ഗ പശുക്കളുടെ ആവിർഭാവത്തോടെ പാലുൽപ്പാദനം വർദ്ധിക്കുകയും പാൽ വിപണനത്തിന് പ്രയാസം നേരിടുകയും ചെയ്തതോടെ 1973ൽ ഒരു ക്ഷീര വ്യവസായ സഹകരണ സംഘവും 1989 ൽ ഒരു ക്ഷീരോൽപ്പാദന സഹകരണ സംഘവും ആരംഭിച്ചു.

പഞ്ചായത്തിൽ ഒരു മൃഗാസ്പത്രി 1995 ൽ സ്ഥാപിച്ചുവെങ്കിലും ഒരു വെറ്ററിനറി ഡോക്ടറുടെ സേവനം 1996 മുതൽക്കാണ് കിട്ടിതുടങ്ങിയത്.

### ഇന്നത്തെ സ്ഥിതി

പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട്, നായ തുടങ്ങിയവയാണെങ്കിലും നാമമാത്രമായി എരുമകളും കാളകളും വളർത്തപ്പെടുന്നുണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴികളാണ്.

### വളർത്തു മൃഗങ്ങളും പക്ഷികളും

പട്ടിക 1

| മൃഗങ്ങൾ | 1987 | 1996 |
|---|---|---|
| പശു | 2313 | 2272 |
| കാള | 545 | 188 |
| കന്നുകുട്ടികൾ | 714 | 836 |
| എരുമ/പോത്ത് | 857 | 136 |
| ആട് | 1400 | 923 |
| ചെമ്മരിയാട്1 | 8 | |
| പന്നി | 21 | 3 |
| മുയൽ | – | 8 |
| നായ | 1424 | 1634 |
| കോഴി/താറാവ് | 16676 | 15665 |

അവലംബം : ലൈവ് സ്റ്റോക്ക് സെൻസസ് 1987, 1996

1987 നെ അപേക്ഷിച്ച് 1996 ൽ പശു, കാള,ആട്,എരുമ/പോത്ത്,കോഴി തുടങ്ങിയവയുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. (പട്ടിക –1). നെൽകൃഷി കുറഞ്ഞതും മേച്ചിൽ സ്ഥലങ്ങൾ ചുരുങ്ങിയതും കാർഷിക രംഗത്ത് യന്ത്രവൽക്കരണം വന്നതും വളർത്തു മൃഗങ്ങളുടെ എണ്ണം കുറയുവാൻ കാരണമായി.

1996ലെ കന്നുകാലി സെൻസസ് പ്രകാരം പശുക്കളുടെയും കാളകളുടെയും എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും 1987 നെ അപേക്ഷിച്ച് സങ്കര വർഗ്ഗ പശുക്കളുടെ വർദ്ധനവ് ഇരട്ടിയിലാണ്. നാടൻ ഇനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. (പട്ടിക –2)

പഞ്ചായത്തിൽ 15 കാളവണ്ടികളും 40 വണ്ടികാളകളും 53 ഉഴവു കാളകളും ഉണ്ട്.

### പശു, കാള, കന്നുകുട്ടികൾ

പട്ടിക 2

| വർഷം | സങ്കരവർഗം | നാടൻവർഗ്ഗം | ആകെ |
|---|---|---|---|
| 1987 | 887 | 2685 | 3572 |
| 1996 | 1840 | 1456 | 3296 |

അവലംബം : ലൈവ് സ്റ്റോക്ക് സെൻസസ് 1987, 1996

മുണ്ടൂർ പഞ്ചായത്തിൽ 1996ലെ കന്നുകാലി സെൻസസ് പ്രകാരം 56 ശതമാനം വീടുകളിലും കന്നുകാലികളെയോ പക്ഷികളെയോ വളർത്തുന്നുണ്ട്.ഏകദേശം 37 ശതമാനം വീടുകളിൽ കോഴിയും, 5 ശതമാനം വീടുകളിൽ ആടുകളും 27 ശതമാനം വീടുകളിൽ പശു, കാള, കന്നുകുട്ടികൾ, എരുമ/പോത്ത് തുടങ്ങിയവയും വളർത്തപ്പെടുന്നുണ്ട്. (പട്ടിക 3)

**കന്നുകാലികളും പക്ഷികളും വളർത്തുന്ന വീടുകളുടെ എണ്ണം**

പട്ടിക 3

| | എണ്ണം | ശതമാനം |
|---|---|---|
| പശു,കാള,കന്നുകുട്ടികൾ.എരുമ/പോത്ത് തുടങ്ങിയവ വളർത്തുന്ന വീടുകൾ | 1564 | 27.39 |
| ആടുകൾ വളർത്തുന്ന വീടുകളുടെ എണ്ണം | 256 | 4.84 |
| പന്നികൾവളർത്തുന്ന വീടുകളുടെ എണ്ണം | 2 | 0.03 |
| കോഴികൾ വളർത്തുന്ന വീടുകളുടെ എണ്ണം | 2085 | 36.52 |
| കന്നുകാലികളും, പക്ഷികളും വളർത്താത്ത വീടുകളുടെ എണ്ണം | 2498 | 43.75 |

അവലംബം : ലൈവ് സ്റ്റോക്ക് സെൻസസ് 1996

**പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ**

മുണ്ടൂർ പഞ്ചായത്തിൽ ഒരു മൃഗാസ്പത്രിയും ഒരു ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

**1. സർക്കാർ മൃഗാശുപത്രി.**

1995 ൽ ആരംഭിച്ച ഈ സ്ഥാപനം ഒരു താൽകാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മൃഗാസ്പത്രി പ്രാഥമിക സൗകര്യങ്ങൾക്കും വെള്ളത്തിനും ബുദ്ധിമുട്ട് ഉണ്ട്. ആസ്പത്രിയിൽ രോഗ നിർണ്ണയത്തിന് ആവശ്യമായ മൈക്രോ സ്കോപ്പ്, ലാബറട്ടറി ഉപകരണങ്ങൾ തുടങ്ങിയവ ഇല്ലാത്തതിനാൽ സാമ്പിൾ പരിശോധനക്കായി കർഷകർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ പ്രാദേശിക ലാബറട്ടറികളെ സമീപിക്കേണ്ടി വരുന്നു. മൃഗാസ്പത്രിയിൽ മരുന്നുകൾ. ഫർണ്ണീച്ചറുകൾ, ലാബറട്ടറി, മൈക്രോസ്കോപ്പ്, മിനി ഓപ്പറേഷൻ തിയ്യറ്റർ, കർഷക പരിശീലന ഹാൾ, ഫോൺ, വാഹനം തുടങ്ങിയവ ആവശ്യമാണ്. ഈ സൗകര്യങ്ങളോടു കൂടിയ ഒരു മൃഗാസ്പത്രി കെട്ടിടം സ്ഥാപിക്കേണ്ടതാണ്. ഇപ്പോൾ ആസ്പത്രിയിൽ ലഭ്യമാക്കുന്ന സേവനം ചികിത്സ, കൃത്രിമബീജദാനം, സർജറി, വന്ധ്യതാ നിവാരണം, കാലിവസന്ത,കുളമ്പു രോഗം കരളടപ്പൻ,അടപ്പൻ, പേവിഷബാധ, കോഴിവസന്ത തുടങ്ങിയ രോഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവെയ്പ് മുതലായവയാണ്.

കന്നുകാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, ഉദരരോഗം,കുളമ്പുരോഗം, പനി, വിരശല്യം തുടങ്ങിയവയാണ്.

**2. ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രം**

കാഞ്ഞികുളത്തുള്ള ഈ ഉപകേന്ദ്രം ഒരു വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഉപകേന്ദ്രത്തിൽ പ്രാഥമിക സൗകര്യങ്ങൾ, ഫർണിച്ചറുകൾ,വെള്ളം,കന്നുകാലികളെ പരിശോധിക്കുന്നതിനുള്ള ട്രൈവിസ്സ് തുടങ്ങിയവ ലഭ്യമല്ല. ഈ സൗകര്യങ്ങളോടു കൂടിയ ഒരു കെട്ടിടം ഉപകേന്ദ്രത്തിനു വേണ്ടി സ്ഥാപിക്കേണ്ടതാണ്. ഉപകേന്ദ്രത്തിൽ ലഭിക്കുന്ന സേവനം കൃത്രിമബീജദാനം, പ്രതിരോധ കുത്തിവെയ്പ്, പ്രാഥമിക ചികിത്സ തുടങ്ങിയവയാണ്.

## പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവരത്സര ക്കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ

മുണ്ടൂർ പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സരക്കാലത്ത് മൃഗസംരക്ഷണ വകുപ്പി ന്റെയും ക്ഷീരവികസന വകുപ്പിന്റെയും ആഭി മുഖ്യത്തിലാണ് പദ്ധതികൾ നടപ്പിലാക്കിയത്.

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, പേവിഷ നിയന്ത്രണ പദ്ധതി, കാലിവസന്ത നിർമ്മാർജ്ജന പദ്ധതി, കുളമ്പുരോഗ നിയന്ത്രണ പദ്ധതി, വന്ധ്യതാ നിവാരണ ക്യാമ്പുകൾ, ഗോരക്ഷാ ക്യാമ്പുകൾ, വീട്ടു വളപ്പിലെ കോഴി വളർത്തൽ പദ്ധതി, പ്രത്യേക ഘടക പദ്ധതി പ്രകാരം ആട്, കോഴി തുടങ്ങിയവയുടെ വിതരണം മുതലായവ യായിരുന്നു പ്രധാന പദ്ധതികൾ. പേവിഷ നിയന്ത്രണം, കുളമ്പുരോഗ നിയന്ത്രണം എന്നീ പദ്ധതിയിൻ കീഴിൽ പ്രതിരോധ കുത്തിവയ്പ്പിനുള്ള മരുന്ന് സബ്സിഡി നിരക്കിൽ ലഭ്യമാക്കിയെങ്കിലും മറ്റു സൗജന്യ പ്രതിരോധ കുത്തിവയ്പ്പുകളുടെ അത്ര പ്രചരണം കർഷകരുടെ ഇടയിൽ നിന്നുണ്ടായില്ല.

ക്ഷീരവികസന വകുപ്പിന്റെ കീഴിൽ തീറ്റപ്പുൽ കൃഷി വികസന പദ്ധതി, ഗ്രാമീണ ക്ഷീര വികസനവും വിജ്ഞാനവ്യാപനവും പ്രത്യേക ഘടകപദ്ധതി, പ്രത്യേക കേന്ദ്ര സഹായപദ്ധതി, ക്ഷീരസംഘങ്ങളുടെ നവീ കരണം മുതലായവയാണ് നടപ്പിലാക്കിയത്. ഗ്രാമീണ ക്ഷീരവികസനവും വിജ്ഞാപന വ്യാപനവും എന്ന പദ്ധതിയിൻ കീഴിലുള്ള മാതൃകാ കാലി ത്തൊഴുത്തു നിർമ്മിക്കുന്നതിനു നിലവിലുള്ള ധനസഹായം അപര്യാപ്തമാണ്. ഈ പദ്ധതിയിൻ കീഴിൽ തന്നെയുള്ള വിറ്റാമിൻ സപ്ലിമെന്റ്, ധാതുലവണ മിശ്രിതം, ശുദ്ധമായ പാലുൽപ്പാദന കിറ്റുകൾ എന്നിവ കർഷകരുടെ ആവശ്യത്തിനനുസരിച്ച് ലഭ്യമല്ല. ക്ഷീരവികസന വകുപ്പിന്റെ നിലവിലുള്ള പദ്ധതികൾ ബ്ലോക്കടിസ്ഥാനത്തിൽ ഒരു ഡയറി എക്സ്റ്റൻസഷൻ ഓഫീസറുടെയും ഒരു ഡയറി ഫാം ഇൻസ്ട്രക്ടറുടെയും നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനാൽ പദ്ധതി നടപ്പിലും തുടർന്നുള്ള പുരോഗതി അവലോകനം ചെയ്യുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ആയതിനാൽ പഞ്ചായത്തടിസ്ഥാനത്തിൽ തന്നെ മേൽ പറഞ്ഞ ഉദ്യോഗസ്ഥരെ നിയമിച്ച് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

### പാലുൽപ്പാദന രംഗം

പഞ്ചായത്തിലെ മൊത്തം വാർഷിക പാലുൽപ്പാദനം 1239780 ലിറ്റർ ആണ് (മൂല്യം = 1,36,37,580 രൂപ). മുണ്ടൂരിൽ രണ്ട് ക്ഷീരസഹകരണ സംഘങ്ങളാണുള്ളത്. ഈ രണ്ടു സംഘങ്ങളും കൂടി പ്രതിവർഷം 4,52,800 ലിറ്റർ പാൽ സംഭരിക്കുന്നു. അതിലെ 1,10,780 ലിറ്റർ പഞ്ചായത്തിനകത്തും ബാക്കിയുള്ള 3,42,020 ലിറ്റർ പാൽ പഞ്ചായത്തിനു പുറത്തും ആണ് വിൽക്കപ്പെടുന്നത്. പഞ്ചായത്തിന്റെ ആകെ ഉൽപ്പാദിക്കപ്പെടുന്ന പാലിന്റെ 36 ശതമാനം മാത്രമെ ഈ രണ്ടു സംഘങ്ങൾക്കും കൂടി സംഭരിക്കുവാൻ കഴിയുന്നുള്ളു. ക്ഷീരസംഘങ്ങൾ നിലവിലുള്ള രണ്ടു വാർഡുകളിലൊഴിച്ച് ബാക്കിയുള്ള 9 വാർഡുകളിലും പാൽ വിപണനത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

1996 ലെ കന്നുകാലി സെൻസസ് അനുസരിച്ച് പഞ്ചായത്തിൽ 56 ശതമാനം സങ്കരവർഗ്ഗ പശുക്കളും 44 ശതമാനം നാടൻ വർഗ്ഗങ്ങളുമാണുള്ളത്. കൃത്രിമ ബീജദാന

സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നിലവിലുള്ള നാടൻ ഇനങ്ങളെ ഉൽപ്പാദന ശേഷി കൂടിയ സങ്കര വർഗ്ഗമാക്കി മാറ്റി പാലുൽപ്പാദനം വർദ്ധിപ്പിക്കേണ്ടതാണ്. കാലിതീറ്റയുടെ അമിതവില, ചുരുങ്ങി വരുന്ന പുൽമേച്ചിൽ സ്ഥലങ്ങൾ, ഗുണമേന്മയുള്ള തീറ്റപ്പുല്ലിന്റെ ദൗർലഭ്യം, പാൽ ഉൽപ്പാദന ചിലവിനെ അപേക്ഷിച്ച് പാലിന്റെ താരതമ്യേനയുള്ള വിലകുറവ്, നെൽകൃഷി കുറഞ്ഞതു മൂലം വൈക്കോലിന്റെ ക്ഷാമം, അകിടു വീക്കം തുടങ്ങിയവയാണ് ഇന്ന് പാലുൽപ്പാദന രംഗത്തെ പ്രധാന പ്രശ്നങ്ങൾ.

**മാംസോൽപ്പാദന രംഗം**

പഞ്ചായത്തിൽ മൂന്നു സ്വകാര്യ അറവുശാലകളാണ് ഉള്ളത്.പ്രതിമാസം 18 ഓളം പശു, കാള, കന്നുകുട്ടികൾ, പോത്ത് തുടങ്ങിയ മൃഗങ്ങളേയും 40 ഓളം ആടുകളേയും ഇവിടെ അറക്കുന്നുണ്ട്. പഞ്ചായത്തിൽ പ്രതിവർഷം 10 ലക്ഷം രൂപയുടെ മാംസമാണ് ഉൽപ്പാദിക്കപ്പെടുന്നത്. അറക്കുവാൻ കൊണ്ടു വരുന്ന മൃഗങ്ങൾ ഭൂരിഭാഗവും പഞ്ചായത്തിന് പുറത്തു നിന്നാണ് കൊണ്ടു വരുന്നത്. ഉൽപ്പാദിക്കപ്പെടുന്ന മാംസത്തിന്റെ ഭൂരിഭാഗവും പഞ്ചായത്തിൽ തന്നെയാണ് വിൽക്കപ്പെടുന്നത്. മാംസോൽപ്പാദനത്തിനും വിപണനത്തിനുമുള്ള വൻസാദ്ധ്യത ഇതിൽ നിന്നും വ്യക്തമാണ്. പഞ്ചായത്തിൽ ഒരു മാംസോൽപ്പാദന സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

അറവുശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ മൂലം പരിസര മലിനീകരണവും നായ ശല്യവും ഉണ്ടാകുന്നുണ്ട്. അറവുശാലകളിൽനിന്ന് പ്രതിവർഷം ഒന്നര ലക്ഷം രൂപയുടെ തൊലി ഉൽപ്പാദിക്കപ്പെടുന്നു. ഇവ അന്യ സംസ്ഥാനങ്ങളിലേക്ക് തുകൽ സംസ്കരണത്തിനായി കയറ്റി അയക്കപ്പെടുന്നു. ജില്ലയിൽ ബ്ലോക്കടിസ്ഥാനത്തിൽ ശാസ്ത്രീയമായ അറവുശാല സ്ഥാപിക്കുകയാണെങ്കിൽ മാംസപരിശോധനക്കും, മാംസ സംസ്കരണത്തിനും, അറവുശാല ഉപോൽപ്പന്നങ്ങളുടെയും തുകലിന്റെയും സംസ്കരണത്തിനു സാദ്ധ്യതകളുണ്ട്.

വ്യാപകമായ തോതിൽ ആടുകളെ മാംസാവശ്യത്തിന് ഉപയോഗിക്കുന്നതു മൂലവും, മേച്ചിൽ സ്ഥലങ്ങൾ കുറവായതു മൂലവും ആടുകളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ട് (പട്ടിക 1 )

ഇന്നു പഞ്ചായത്തിലെ ഏകദേശം 5 ശതമാനം വീടുകളിൽ മാത്രമേ ആട് വളർത്തുന്നുള്ളൂ. ആട്ടിറച്ചിയുടെ ഇന്നത്തെ മൂല്യവും, ആവശ്യകതയും കണക്കിലെടുത്ത് ശാസ്ത്രീയമായ ആടു വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിൽ വളരെ അപൂർവ്വമായി മാത്രമെ പന്നിയും മുയലും വളർത്തുന്നുള്ളൂ. മുയൽ വളർത്തുന്നതിനുള്ള പരിശീലനം ലഭ്യമാക്കുകയാണെങ്കിൽ വ്യാപകമായി തന്നെ ഇവിടെ മുയൽ വളർത്തൽ ആരംഭിക്കാവുന്നതാണ്.

പഞ്ചായത്തിലുണ്ടാവുന്ന 70 ശതമാനം മൂരികുട്ടികളും പരിചരണത്തിന്റെയും പോഷകാഹാരത്തിന്റെയും അഭാവം മൂലം ചത്തു പോകുന്നു. ഈ മൂരികുട്ടികളെ ഇറച്ചിക്കായി ശാസ്ത്രീയമായി വളർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയാണെങ്കിൽ പഞ്ചായത്തിലെ മാംസോൽപ്പാദനം വർദ്ധിപ്പിക്കാനും തന്മൂലം മാംസത്തിനു വേണ്ടി പഞ്ചായത്തിനു പുറത്തേക്കൊഴുകുന്ന പണം ഒരു പരിധി വരെ തടയുവാനും സാധിക്കും.

### ബ്രോയിലർ കോഴിവളർത്തൽ

മുണ്ടൂർ പഞ്ചായത്തിൽ നിലവിലുള്ള 7 സ്വകാര്യ ബ്രോയിലർ ഫാമുകളുടെ ഉൽപ്പാദനം പ്രതിവർഷം 11050 കിലോ കോഴി മാംസമാണ് (മൂല്യം = 3,53,600 രൂപ).ഉൽപ്പാദിക്കപ്പെടുന്ന കോഴികളിൽ പകുതിയും പഞ്ചായത്തിനു പുറത്താണ് വിൽക്കുന്നത്. ഈ സ്വകാര്യ ഫാമുകളിലും ഗ്രാമത്തിലെ വീടുകളിലുമായി പ്രതിവർഷം ഉദ്ദേശം 5,58,400 രൂപയുടെ കോഴി മാംസം (17,450 കിലോ) ഉൽപ്പാദിക്കപ്പെടുന്നുണ്ട്. ഈ മേഖലയിൽ പരിശീലനം, സാമ്പത്തിക സഹായം, വിപണന സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കുകയാണെങ്കിൽ ഇറച്ചികോഴി വളർത്തൽ യൂണിറ്റുകൾ ധാരാളം തുടങ്ങുകയും തന്മൂലം യഥേഷ്ടം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യാം.

### മുട്ടയുൽപ്പാദന രംഗം

പഞ്ചായത്തിന്റെ ആഭ്യന്തര മുട്ടയുൽപ്പാദനം പ്രതിവർഷം രണ്ടര ലക്ഷമാണെങ്കിലും അതിന്റെ 6 ഇരട്ടിയിലധികം മുട്ട അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുണ്ട്. ആകെയുള്ള കോഴികളിൽ 83 ശതമാനവും നാടൻ കോഴികളാണ്. ഉൽപ്പാദനശേഷിയുള്ള നല്ലയിനം കോഴികളുടെ ലഭ്യതയും പഞ്ചായത്തിൽ ഒരു പ്രശ്നമാണ്. കോഴി വസന്തക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പ് മൃഗാസ്പത്രിയിൽ ലഭ്യമാണെങ്കിലും കോഴി വസന്ത ഫലപ്രദമായി തടയുവാൻ സാധിച്ചിട്ടില്ല. കോഴികൾക്ക് പ്രതിരോധ കുത്തിവയ്പ്പിനുള്ള പരിശീലനം കർഷകർക്കും നൽകേണ്ടതാണ്.

### ജൈവവളം – ഊർജ്ജം

പഞ്ചായത്തിലെ മൊത്തം കന്നുകാലികളിൽ ഇന്ന് പ്രതിദിനം ചുരുങ്ങിയത് 42,000 കിലോ ചാണകം ഉൽപ്പാദിക്കപെടുന്നു. (പ്രതിവർഷം 15,33,00,00 കിലോ) ഉൽപ്പാദിക്കപ്പെടുന്ന ചാണകം പ്രധാനമായും കൃഷിക്കുള്ള ജൈവവളമായാണ് ഉപയോഗിക്കപ്പെടുന്നത്. പഞ്ചായത്തിൽ 10 ഗോബർ ഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാദ്ധ്യതകളുണ്ടെങ്കിലും സാമ്പത്തിക സഹായത്തിന്റെ കുറവും കർഷകരുടെ അജ്ഞതയുമാണ് പ്രധാന തടസ്സം. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടി വരുന്ന ഇന്ധനത്തിന്റെ വലിയ ഒരു ഭാഗം ബയോ ഗ്യാസ് പ്ലാന്റുണ്ടെങ്കിൽ കണ്ടെത്താൻ കഴിയും. ഇതിന്റെ മട്ട് ജൈവവളമായി പുൽകൃഷിക്കും മറ്റു കൃഷികൾക്കും ഉപയോഗിക്കാം

### കാലിതീറ്റ – തീറ്റപ്പുൽ കൃഷി

കാലി വളർത്തലിൽ കർഷകർ ഇന്നും നേരിട്ടു കൊണ്ടിരിക്കുന്ന പ്രധാന പ്രശ്നമാണ് കാലിതീറ്റയുടെ അമിത വിലയും ഗുണമേന്മ കുറവും, തീറ്റപ്പുല്ലിന്റെ ദൗർലഭ്യവും. നെൽകൃഷി സ്ഥലങ്ങൾ നാണ്യ വിളകളായി മാറ്റികൊണ്ടിരി ക്കുന്നതിനാൽ മുമ്പ് സുലഭമായിരുന്ന വൈക്കോലിനു പോലും ഇപ്പോൾ ക്ഷാമം അനുഭവപ്പെടുന്നു. തീറ്റപ്പുൽ കൃഷി നടത്തു ന്നവർ ഈ പഞ്ചായത്തിൽ വളരെ ചുരുക്കമാണ്. എ ന്നാൽ ഇതിനു യോജിച്ച തരിശു ഭൂമികൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ധാരാളമായുണ്ട്. ഉദാഹരണമായി എട്ടാം വാർഡിൽ മാത്രം 24 ഏക്കറോളം തരിശു ഭൂമി തീറ്റപ്പുൽ കൃഷിക്കു യോജിച്ചതാണ്. ഇവയിലെല്ലാം തന്നെ കൂട്ടായ്മയിലൂടെയോ സഹക

രണ സംഘങ്ങൾ മുഖേനയോ തീറ്റപ്പുൽ കൃഷി നടത്താവുന്നതാണ്.

**ഇൻഷുറൻസ് പരിരക്ഷ**

കന്നുകാലി വളർത്തലിൽ കർഷകർ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് കാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന നഷ്ടം. നിലവിൽ കന്നുകാലികളെ ഇൻഷൂർ ചെയ്യുന്നതിനുള്ള സംവിധാനമുണ്ടെങ്കിലും അതിനുള്ള പ്രീമിയം വളരെ കൂടുതൽ ആകയാൽ ഭൂരിപക്ഷം കർഷകരും അതിന് തുനിയാറില്ല. ഇപ്പോഴുള്ള സംവിധാനത്തിൽ കാലികൾക്ക് മരണം സംഭവിക്കുമ്പോഴല്ലാതെ [illegible] വിന് ഇൻഷുറൻസ് പരിരക്ഷ നിലവിലില്ല. ഇപ്രകാരമുള്ള കഷ്ടനഷ്ടങ്ങൾ ഒഴിവാക്കുന്നതിനായി ഒരു സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തേണ്ടതാണ്.

**പേവിഷ നിർമ്മാർജ്ജനം**

പഞ്ചായത്തിൽ പേവിഷ ബാധ ഒരു പൊതുജനാരോഗ്യ പ്രശ്നമായി മാറിയിരിക്കുന്നു. പേവിഷ നിയന്ത്രണ പദ്ധതിയിൻ കീഴിൽ നായകൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്പ് സബ്സിഡി നിരക്കിൽ മൃഗാസ്പത്രിയിൽ ലഭ്യമാണെങ്കിലും ജനങ്ങൾ അത് പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നില്ല. 2000 ആണ്ടോടു കൂടി പഞ്ചായത്തിൽ പേവിഷ ബാധ പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഒരു തീവ്ര യത്നം ആരംഭിക്കേണ്ടതാണ്. അതിനായി നായ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തുകയും പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധകുത്തിവെയ്പ്പ് സൗജന്യ നിരക്കിൽ നൽകുകയും നായപിടുത്തത്തിന് യുവാക്കൾക്ക് പരിശീലനം നൽകുകയും ലൈസൻസ് ഇല്ലാത്തതും അലഞ്ഞു തിരിയുന്നതുമായ മുഴുവൻ നായക്കളേയും നശിപ്പിക്കുകയും ചെയ്യണം. പേവിഷ നിർണ്ണയത്തിന് ജില്ലാടിസ്ഥാനത്തിൽ ലാബറട്ടറി സ്ഥാപിക്കേണ്ടതാണ്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിൽ ക്ഷീരസംഘങ്ങളില്ല നിലവിലുള്ള രണ്ടു വാർഡുകളിലൊഴിച്ച് ബാക്കി എല്ലാ വാർഡുകളിലും പാൽ വിപണനത്തിന് വിഷമം അനുഭവപ്പെടുന്നു.

2. കൃത്രിമ ബീജദാന സൗകര്യങ്ങളുടെ അപര്യാപ്തത. 3,5,9,10 എന്നീ വാർഡുകളിലെ കർഷകർക്ക് കൃത്രിമ ബീജദാനത്തിനായി മൂന്നു മുതൽ 5 കി.മീ. വരെ പശുക്കളെ നടത്തി കൊണ്ടു വരേണ്ടതായിട്ടുണ്ട്.

3. പശുക്കളെയും ആടുകളെയും വാങ്ങിക്കുന്നതിന് ധനകാര്യവായ്പാ സ്ഥാപനങ്ങൾ കാണിക്കുന്ന താൽപ്പര്യക്കുറവ്.

4. കാലിതീറ്റയുടെ അമിത വില, ഗുണമേന്മക്കുറവ്, തീറ്റപ്പുല്ലിന്റെ ദൗർലഭ്യം.

5. കോഴിവസന്ത രോഗം ഫലപ്രദമായി തടയാനുള്ള സംവിധാനത്തിന്റെ അപര്യാപ്തത.

6. പേപ്പട്ടി ശല്യം എല്ലാ വാർഡുകളിലും അനുഭവപ്പെടുന്നു.

7. ഉൽപ്പാദനച്ചിലവിനെ അപേക്ഷിച്ച് പാലിന് താരതമ്യേനയുള്ള വിലകുറവ്.

8. കർഷകരെ മൃഗസംരക്ഷണ രംഗത്ത്

ബോധവൽക്കരിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങളുടെ അഭാവം.

**സാദ്ധ്യതകൾ**

1. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഡയറി യൂണിറ്റുകൾ, മിനി ഡയറിയൂണിറ്റുകൾ, വനിത സംരംഭകർക്കുള്ള പശുവളർത്തൽ, കിടാരി വളർത്തൽ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കുക.

2. 3,5,9,10 എന്നീ വാർഡുകൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ 9-ാം മൈലിലൊരു [illegible] കന്നുകാലി വികസന ഉപകേന്ദ്രം സ്ഥാപിക്കുക. മൃഗാസ്പത്രിക്കും ഉപകേന്ദ്രത്തിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വേണം

3. കന്നുകാലികളിൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കുമ്പോൾ അത്യാവശ്യ മരുന്നുകൾ വാങ്ങുന്നതിന്നും പ്രതിരോധ നടപടികൾ ഉടനടി സ്വീകരിക്കുന്നതിനും മൃഗാസ്പത്രിക്ക് ഒരു കരുതൽ തുക (മുൻകൂർ തുക) നീക്കി വെക്കേണ്ടതാണ്.

4. കന്നുകാലികളെ കൃത്രിമ ബീജദാനത്തിനും ചികിത്സക്കും മറ്റും മൃഗാസ്പത്രിയിൽ കൊണ്ടു വരുന്നതിന് കർഷകർക്ക് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാലും അതിനു വേണ്ടി നിയോഗിക്കുന്ന തൊഴിലാളികൾക്ക് അമിത കൂലി നൽകേണ്ടുന്നതിനാലും മേൽ പറഞ്ഞ സൗകര്യങ്ങൾ കർഷകന്റെ വീട്ടു മുറ്റത്ത് ലഭ്യമാക്കുന്നതിനു വേണ്ടി മൃഗാസ്പത്രിക്ക് ഒരു വാഹനം നൽകേണ്ടതാണ്.

5. പഞ്ചായത്തിലെ പുൽകൃഷിക്കു യോജിച്ച തരിശുഭൂമികളിൽ സഹകരണ സംഘങ്ങൾ മുഖേനയോ കൂട്ടായ്മയിലൂടെയോ തീറ്റപ്പുൽ കൃഷി നടത്തുക. തീറ്റപ്പുൽകൃഷി നടത്താനായി കർഷകരെ പ്രോത്സാഹിപ്പിക്കണം.

6. പഞ്ചായത്തിലെ ഓരോ [illegible] വാർഡുകൾക്ക് ഒരു ക്ഷീരസഹകരണ സംഘം വീതം ആരംഭിക്കുക. സംഘങ്ങൾ മുഖേന കാലിത്തീറ്റയും കോഴിത്തീറ്റയും വിലകുറച്ചു നൽകുക.

7. മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ബ്രോയിലർ കോഴിവളർത്തൽ, ആടു വളർത്തൽ, കാളക്കുട്ടി പരിപാലനം തുടങ്ങിയ പദ്ധതികൾ ആരംഭിക്കുക.

8. പഞ്ചായത്തിൽ ശാസ്ത്രീയമായ ഒരു അറവുശാലയും ആവശ്യാനുസരണം മാംസ വിൽപ്പന കേന്ദ്രങ്ങളും ആരംഭിക്കുക.

9. മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വീട്ടു മുറ്റത്തെ കോഴി വളർത്തൽ, എഗ്ഗർ നഴ്സറി, സ്ക്കൂൾ പൌൾട്രി ക്ലബ്ബ് തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കണം.

10. പഞ്ചായത്തിൽ ഉൽപ്പാദിക്കപ്പെടുന്ന ചാണകം ഉപയോഗിച്ച് കൂടുതൽ ബയോ ഗ്യാസ് പ്ലാന്റുകൾ ആരംഭിക്കുക.

11. കുടുംബത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഒഴിവു സമയം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള മുയൽ വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കുക.

12. രണ്ടായിരം ആണ്ടോടു കൂടി

പഞ്ചായത്തിൽ പേ വിഷബാധ പൂരണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിന് ഒരു തീവ്രപരിപാടി നടപ്പിലാക്കുക.

13. പശു, ആട് തുടങ്ങിയ മൃഗങ്ങളെ വാങ്ങാനുള്ള വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുകയും സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുകയും വേണം.

14. കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകരെ ആദരിക്കുകയും അവർക്ക് പഞ്ചായത്ത്, ജില്ലാ, സംസ്ഥാന അടിസ്ഥാനത്തിൽ അവാർഡുകൾ ഏർപ്പെടു [illegible]ണം.

15. പഞ്ചായത്തിൽ മൃഗങ്ങളോടുള്ള ക്രൂരത തടയുവാനായി ഒരു ജന്തു ദ്രോഹ നിവാരണ സംഘം (SPCA) ആരംഭിക്കുകയും ഈ സംഘത്തിലൂടെ ബോധവൽക്കരണം നടത്തുകയും വേണം.

16. കർഷകരെ മൃഗസംരക്ഷണ രംഗത്ത് പരിശീലിപ്പിക്കുന്നതിന് ജില്ലാതലത്തിൽ ഒരു കർഷക പരിശീലന കേന്ദ്രം ആരംഭിക്കേണ്ടതാണ്. കർഷകരെ ബോധവൽക്കരിക്കുന്നതിന് പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനമായ സംയോജിത ഗ്രാമീണ സാങ്കേതിക വിദ്യാ കേന്ദ്രം (IRTC)വുമായി സഹകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്.

**മൃഗസംരക്ഷണവും – മത്സ്യബന്ധനവും കരട് റിപ്പോർട്ട് തയ്യാറാക്കിയവർ**

- ഡോ. ജി. ദിനേശ്
- ശശിധരൻപിള്ള (IRTC)
- സ്വാമിനാഥൻ (Vice President)
- രാമകൃഷ്ണൻ
- സുലോചന രാമകൃഷ്ണൻ
- വാസു
- ആദം മുഹമ്മദ്
- രാമചന്ദ്രൻ

## മത്സ്യബന്ധനം

**ഉൾനാടൻ മത്സ്യബന്ധന മേഖല**

പഞ്ചായത്തിനാവശ്യമായ മത്സ്യ വിഭവങ്ങൾ ഇന്ന് ലഭ്യമാവുന്നത് വിദൂരത്തു നിന്നും എത്തിച്ചേരുന്ന കടൽ മത്സ്യങ്ങളിലൂടെയാണ്. ഒരു പ്രധാന ഭക്ഷണ വസ്തു എന്ന നിലയിൽ ഒഴിച്ചു കൂടാനാവാത്തതാണ് മത്സ്യം. കടൽ മേഖലയിൽ നിന്നും അകലെ സ്ഥിതി ചെയ്യുന്നതു കൊണ്ടാവാം ഉണങ്ങിയ മത്സ്യം കൂടുതലായി ഇവിടെ വിപണനത്തിനെത്തുന്നത്.

എന്നാൽ പഞ്ചായത്തിനു അകത്ത് തന്നെ ലഭ്യമായ ജലസമ്പത്തിന്റെ ജൈവ ഉൽപ്പാദന സാദ്ധ്യതകൾ ഒരു ചെറിയ അളവെങ്കിലും ഉപയോഗപ്പെടുത്തിയിട്ടില്ല. ചെറുതും വലുതുമായി 100 ഓളം കുളങ്ങളും ചിറകളും ഈ പഞ്ചായത്തിലുണ്ട്. (പട്ടിക 1) ഇവയിൽ പകുതിയിലധികവും വേനൽക്കാലത്തും വെള്ളം ലഭിക്കുന്നവയാണ് ഇവയുടെ വിസ്തീർണ്ണം 10 സെന്റ് മുതൽ 2.5 –3 ഏക്കർ വരെ വരുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട വസ്തുതയാണ്.

ഉദാഹരണമായി പഞ്ചായത്തിലെ 11–ാം വാർഡിലെ കുളങ്ങളുടെ ആകെ വിസ്തൃതി ഏതാണ്ട് 6 ഏക്കറോളം വരുന്നുണ്ട്.

പട്ടിക 1

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| കുളം എണ്ണം | 4 | 10 | 12 | 11 | 6 | 10 | 10 | 8 | 8 | 7 | 12 |

പട്ടിക 2

| ക്രമനമ്പർ | കുളങ്ങളുടെ പേര് | ഏകദേശ വിസ്തീർണ്ണം (സെന്റ് അളവിൽ) |
|---|---|---|
| 1 | ചക്കാൻ കുളം | 50 |
| 2 | തൈക്കാട് കുളം | 50 |
| 3 | കാപ്പിൽ കുളം | 50 |
| 4 | വടക്കേക്കര കുളം | 40 |
| 5 | കയാൻ കുളം | 50 |
| 6 | പുത്തൻ കുളം | 75 |
| 7 | കുളത്തിങ്കൽ കുളം | 20 |
| 8 | കുളത്തിങ്കൽ കുളം | 30 |
| 9 | പുത്തൻകുളം | 80 |
| 10 | വടക്കേക്കരകുളം | 15 |
| 11 | കുനിയൻ പറമ്പ് കുളം | 30 |

പട്ടിക 3

## പഞ്ചായത്തിലെ കുളങ്ങളുടെയും ചിറകളുടെയും പേരു വിവരം വാർഡ് തിരിച്ച്

**വാർഡ് 1**

കോരകുളം, മുട്ടേക്കാട്ട് കുളം, വെട്ടിങ്ങാടി കുളം, മലക്കുളം

**വാർഡ് 2**

മുട്ടിപ്പാടകുളം, എരിഞ്ഞിപ്പാടം കുളം, പഞ്ഞമലപ്പാടം കുളം, അയ്യപ്പൻകുളം, ചെറുമുറ്റത്തു കുളം, ഈസ്റ്റ് മഠം കുളം, വടക്കുംപുറം കുളം, ഇല്ലത്തു പാടത്തു കുളം, ഇല്ലത്തു കുളം

**വാർഡ് 3**

ആറാട്ടുകുളം, പുത്തൻകുളം, പുനത്തിൽകുളം, കുളശ്ശേരി പുത്തൻ കുളം, നെടുഞ്ചികുളം, ചൂണ്ടയിൽ കുളം, കരിങ്കരകുളം,പനങ്ങാട് കുളം, മുട്ടിയിൽ കുളം, പറകുളം,കുണ്ടുകാട് കുളം, കിഴക്കുംപുറം കുളം

**വാർഡ് 4**

വഴുക്കപ്പാറകുളം, അമ്മൻകുളം, മാരാത്തുകുളം, പൊരിയാനികുളം (2എണ്ണം), കണക്കുപറമ്പു കുളം, വാഴയിൽ കുളം, മഠത്തിൽകുളം, പെരുംകുളം, വടുവകുളം, പുലയങ്ങാട് കുളം, വിജയന്റെ കുളം

**വാർഡ് 5**

അരകുളം, കോതകുളം, കുണ്ടുകുളം, തൈകാട് കുളം, പഞ്ഞമലകുളം, ശ്രീകുറവൻകാവ് കുളം

**വാർഡ് 6**

അമ്പലക്കുളം (2 എണ്ണം), കോട്ടൂർ കുളം, പാലക്കിഴികുളം, കിഴക്കര കുളം, വടുകകുളം, മേലേ കുളം, പടിക്കൽ കുളം, കണ്ടംപിഷാരം കുളം, വാഴാൻ കുളം

**വാർഡ് 7**

നെടുതാണികുളം, വാളുകുളം, കുളിക്കുന്ന കുളം, മഠത്തിൽ കുളം, വെള്ളേകുളം, പൂപ്പള്ളി കുളം, ഏലങ്കോടു കുളം, ചെറുപാരകുളം, വളയനാടു കുളം, കളത്തിൽപടി കുളം

**വാർഡ് 8**

കാപ്പുകാട് ചിറ, ചോലപ്പാറ കുളം, പറിയങ്ങാടു കുളം, മേച്ചേരി കുളം, വെട്ടാത്തു കുളം, മേപ്പാടം പരശുരാമകുളം

**വാർഡ് 9**

പുന്നകുളം, മന്ദിരംകുളം, പൊട്ടൻചിറകുളം, മേലേകുളം, ചാകരകുളം, ഭാസ്കരൻ നായർ കുളം, ആലിൻകുണ്ട് പൊക്കർണി, പുത്തൻകാട് കുളം

**വാർഡ് 10**

ചമ്പക്കുളം, അയ്യപ്പൻകുളം, കവറകുളം, മൂശാലികുളം, അർത്തക്കാട് കുളം, ചെമ്പക്കര കുളം, ഊഞ്ചിറ കുളം

**വാർഡ് 11**

ചക്കാൻകുളം, തൈക്കാട്ടുകുളം, കാപ്പിൽ കുളം, വടക്കേക്കര കുളം, പുത്തൻകുളം, കയാൻ കുളം, കുളത്തിങ്കൽ കുളം, പുത്തൂർ കുളം,ചമ്പക്കുളം, വടക്കേക്കരകുളം (ചെറുത്), കുനിയൻപറമ്പ് കുളം

കടൽ മത്സ്യസമ്പത്തിന്റെ ലഭ്യതക്ക് പരിമിതികളുണ്ടെന്ന് തിരിച്ചറിഞ്ഞതിനാലും മത്സ്യത്തിനുള്ള ആവശ്യകത ദിനംപ്രതി വർദ്ധിക്കുന്നതിനാലും കേരളത്തിന്റെ ഉൾനാടൻ ജലസമ്പത്തിന് പരമാവധി മത്സ്യ കൃഷിക്കായി ഉപയോഗിക്കുവാൻ ഒട്ടേറെ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി മത്സ്യകൃഷി വികസന ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ നമ്മുടെ തൊട്ടടുത്ത പഞ്ചായത്തായ മലമ്പുഴയിലാണ് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട . ശുദ്ധജലമത്സ്യ വിത്തുൽപ്പാദന കേന്ദ്രം പ്രവർത്തിക്കുന്നതും. ഈ സാദ്ധ്യതകൾ നിലനിൽക്കുമ്പോഴും നമ്മുടെ കൈവശമുള്ള ജലസമ്പത്തിനെ മത്സ്യകൃഷിക്കായി ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. മറ്റേതൊരു കൃഷി പോലെയും പ്രാധാന്യമർഹിക്കുന്നതാണ് മത്സ്യകൃഷി എന്ന ധാരണ ഇനിയുമുണ്ടായിട്ടില്ല. ഒരു പ്രദേശത്തിന്റെ സമഗ്ര സ്ഥല ജല മാനേജ്മെന്റിൽ കുളങ്ങളുടെയും മറ്റു ജലാശ്രയങ്ങളുടെയും സംരക്ഷണം ഏറെ പ്രാധാന്യമർഹിക്കുന്നു. മത്സ്യകൃഷിക്കായി ഈ കുളങ്ങളും ചിറകളും വൃത്തിയാക്കുകയും ജലം സംഭരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്താൽ വരൾച്ചയുടെ രൂക്ഷതയെ ഒരു പരിധി വരെ നിയന്ത്രിക്കാനാവും.

പൊതുവിൽ നിലനിൽക്കുന്ന ഒരു ധാരണ ഒരു ജലാശയം മത്സ്യം വളർത്തു ന്നതിനായി ഉപയോഗിക്കുവാൻ തുടങ്ങിയാൽ മറ്റാവശ്യങ്ങളെല്ലാം തടയപ്പെടുമെന്നതാണ്. കുളങ്ങളും ചിറകളും ഇന്ന് നിർവഹിക്കപ്പെടുന്ന സാമൂഹ്യ ധർമ്മങ്ങൾ തുടർന്നും നിലനിർത്തി കൊണ്ട് തന്നെ മത്സ്യകൃഷിക്കായി അത് ഉപയോഗിക്കുവാൻ കുളങ്ങളുടെ പ്രത്യേകതകളും നിലവിലുള്ള ഉപയോഗങ്ങളും കണക്കിലെടുത്ത് വ്യത്യസ്ഥ തരത്തിലുള്ള മത്സ്യകൃഷി രീതികൾ അവലംബിക്കാവുന്നതാണ്. സാധാരണ രീതിയിൽ ഒരു ഹെക്ടർ ജലവിസ്തൃതിയിൽ നിന്ന് ചുരുങ്ങിയത് 1500 – 2000 കി.ഗ്രാം വരെ മത്സ്യത്തെ ഒരു വർഷം വളർത്തിയെടുക്കാം. എന്നാൽ ശാസ്ത്രീയ കൃഷി രീതിയിലുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനാവും. പഞ്ചായത്തിൽ ചുരുങ്ങിയത് 15– 20 ഹെക്ടർ സ്ഥലം കുളങ്ങളും ചിറകളുമായി ലഭ്യമാകുമെന്നാണ് ഇതു സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കുന്നത്. ഇത് മത്സ്യകൃഷിക്കായി ഉപയോഗിച്ചാൽ 20,000– 30,000 കി.ഗ്രാം മത്സ്യം വളർത്തിയെടുക്കാനാവും. ഏറ്റവും ചുരുക്കി ഉൽപ്പാദനം കുറച്ചാലും 15,000– 20,000 കി.ഗ്രാം ഉൽപ്പാദിപ്പിക്കാം. ഏറ്റവും ചുരുങ്ങിയ വില കണക്കാക്കിയാലും 5–6 ലക്ഷം രൂപയ്ക്ക് മത്സ്യം പഞ്ചായത്തിനുള്ളിൽ തന്നെ ഉൽപ്പാദിപ്പിക്കാനാവുംഇത് നമ്മുടെ ആഭ്യന്തര മത്സ്യ ലഭ്യതയെ കാര്യമായി സ്വാധീനിക്കുമെന്നതിന് സംശയമില്ല.

**അലങ്കാര മത്സ്യകൃഷി**

കേരളത്തിന്റെ പൊതു സാമൂഹ്യാവസ്ഥയിൽ വന്ന മാറ്റം കുടുംബത്തിന്റെ ആവശ്യങ്ങളിലും മാറ്റം വരുത്തിയിട്ടുണ്ട്. വീട് ഭംഗിയായി അലങ്കരിച്ച് സൂക്ഷിക്കുന്നതിൽ ഇന്ന് ശ്രദ്ധ ഏറിയിട്ടുണ്ട്. വീടലങ്കരിക്കുന്നതിനും ഓമന മൃഗങ്ങളേയും മറ്റും സംരക്ഷിക്കുന്നതിനും ഏറെ പണവും സമയവും ഇന്ന് മാറ്റിവക്കപ്പെടുന്നു. ഈ കൂട്ടത്തിൽ അലങ്കാര മത്സ്യങ്ങൾ ഒരു പ്രധാന ഇനമായിരിക്കുന്നു. അക്വേറിയം സൂക്ഷിക്കൽ ഒരു ഹോബിയും വരുമാന മാർഗ്ഗമായും വളർന്നു വരികയാണ്. എന്നാൽ കേരളത്തിൽ വിപണനം നടത്തുന്ന അലങ്കാര

മത്സ്യങ്ങളിൽ നല്ലൊരു പങ്ക് തമിഴ്നാട്ടിൽ നിന്നുമാണ് എത്തിച്ചേരുന്നത്. ഏതാനം സ്വകാര്യ സംരംഭങ്ങൾ കേരളത്തിൽ ഉണ്ടെങ്കിലും അവ തീരെ പര്യാപ്തമാകുന്നില്ല. തൊഴിൽരഹിതരായ വീടമ്മമാർക്കും കുട്ടികൾക്കും വരെ സംരക്ഷിച്ച് വളർത്തിയെടുക്കാവുന്നവയാണ് അലങ്കാര മത്സ്യങ്ങൾ. നമ്മുടെ കാലാവസ്ഥയിൽ തനിയെ മുട്ടയിട്ട് വളരുന്ന 25 ൽ അധികം അലങ്കാര മത്സ്യങ്ങളുണ്ട്. ഇവയെ വളർത്തുന്നതു കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നതും ആദായകരമായ ഒരു തൊഴിലായി മാറിയിരിക്കുന്നു. പഞ്ചായത്തിലെ വിപുലമായ ജലസമ്പത്തിനെ കുറെ എങ്കിലും ഇത്തരം വൈവിദ്ധ്യവും രസകരവുമായ അലങ്കാര മത്സ്യകൃഷിക്കു വേണ്ടി മാറ്റി വക്കുവാൻ കഴിയും. ഇതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും ആവശ്യമായ പരിശീലനവും നമ്മുടെ പഞ്ചായത്തിൽ തന്നെയുള്ള IRTC യിൽ നിന്ന് ലഭ്യമാകുമെന്നതും അനുകൂലഘടകമായി കാണണം .

**പ്രശ്നങ്ങൾ**

1. മത്സ്യകൃഷിയിലെ മുൻ അനുഭവങ്ങളുടെ കുറവ്

2. പൊതുകുളങ്ങൾ മത്സ്യകൃഷിക്കായി ഉപയോഗിക്കുന്നതിന് പൊതുസ്വീകാര്യതയുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അഭാവം.

3. മത്സ്യ കൃഷി ലാഭകരമായ തൊഴിലാക്കി മാറ്റൽ

4. ചിലവ് കുറക്കൽ

5. മത്സ്യം കളവു പോകുന്നത് തടയുന്നതിനുള്ള പ്രാദേശിക ജാഗ്രത സമിതികളുടെ രൂപീകരണം .

6. വിപണനത്തിന് നിലവിലുള്ള സംവിധാനങ്ങളുടെ ചെറുത്തു നില്പ്

7. മത്സ്യ കൃഷിക്കാവശ്യമായ വസ്തുക്കളുടെ പ്രാദേശികമായി ലഭ്യത ഇല്ലായ്മ

**സാദ്ധ്യതകൾ**

1. സമ്പന്നമായ ഉൾനാടൻ ജലസ്രോതസ്സുകൾ

2. കേരളത്തിലെ പ്രധാന ശുദ്ധജല മത്സ്യ വിത്തുൽപ്പാദന കേന്ദ്രമായ മലമ്പുഴ ഫിഷ് സീഡ് ഫാമിന്റെ അടുപ്പം.

3. മത്സ്യത്തീറ്റക്കാവശ്യമായ തവിട്, വിവിധ ഇനം പിണ്ണാക്ക് ഇവയുടെ വർദ്ധിച്ച പ്രാദേശിക ലഭ്യത

4. ജൈവ വളങ്ങളുടെ പ്രാദേശിക ലഭ്യത

5. ഐ.ആർ.ടി.സി. യുടെ സാങ്കേതിക സൗകര്യങ്ങളും മറ്റു വിഭവങ്ങളും ഉപയോഗപ്പെടുത്തുവാനുള്ള സാധ്യതകൾ.

6. വികസനത്തിന്റെ കൂട്ടായ്മകളുടെ പുതിയ സങ്കൽപം

7. ൯–൧൦ പദ്ധതിയിൽ പ്രാഥമിക മേഖലകളുടെ പ്രധാന ഊന്നൽ ഉപയോഗപ്പെടുത്തൽ.

**പ്രവർത്തന പരിപാടിയിൽ ഊന്നൽ നൽകേണ്ടത്**

1. നമ്മൾ മുമ്പു ചെയ്ത് പരിചയം സിദ്ധിച്ചിട്ടില്ലാത്ത ഒരു കൃഷി മേഖലയായതിനാൽ മത്സ്യ കൃഷി സമ്പ്രദായങ്ങൾ പരിചയപ്പെടുന്നതിനും സാങ്കേതിക പരിജ്ഞാനം കർഷകർക്ക് ലഭിക്കുന്നതിനും സൗകര്യമുണ്ടാവണം.

2. ഒരു പ്രധാന സാമൂഹ്യ ആവശ്യം ഉറപ്പാക്കുവാൻ കഴിയുന്നു എന്നതുകൊണ്ട് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും മുഴുവൻ ആളുകളുടെയും ശ്രദ്ധയും സഹകരണവും ആവശ്യമാണ്.

3. പഞ്ചായത്തിലെ ലഭ്യവും അനുയോജ്യവുമായ മുഴുവൻ കുളങ്ങളിലും അടുത്ത ഒരു വർഷത്തിനകം മത്സ്യ കൃഷിയാരംഭിക്കാൻ തീവ്ര പദ്ധതി .

4. ഇതിനായി നമ്മുടെ പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനമായ സംയോജിത ഗ്രാമീണ സാങ്കേതിക വിദ്യാ കേന്ദ്ര (ഐ.ആർ.ടി.സി) യുമായി സഹകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ കഴിയും.

5. ഗ്രാമീണ തൊഴിൽ രഹിതരിൽ ചെറിയ ഒരു ശതമാനത്തിന് ഈ മേഖലയിൽ തൊഴിൽ ലഭ്യമാക്കുക എന്നത് പരിപാടിയുടെ ലക്ഷ്യമാക്കാം.

6. ഇതിനായി ഇതിൽ പെടുന്നവരുടെ കൂട്ടായ ഒരു സംരംഭത്തെകുറിച്ച് ആലോചിക്കാം. ഇത് ചിലവ് കുറക്കുന്നതിനും കൃഷി നിലനിർത്തുന്നതിനും സഹായകമാവും.

7. വിപണനത്തിനും കൃഷിയാവശ്യങ്ങൾ പ്രാദേശികമായി ഉറപ്പാക്കാനും പ്രവർത്തനങ്ങളാരംഭിക്കണം.

വികസന രേഖ

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

# 4.c

# വിദ്യാഭ്യാസം

തെക്കിൻകര, വേലിക്കാട്, കാഞ്ഞിക്കുളം, മോഴികുന്നം, കയറം കോടം, പാലക്കീഴ്, പൊരിയാനി, കീഴ്പ്പാടം, നാമ്പുള്ളി പുര, പൂതനൂർ, എഴക്കാട് എന്നീ പ്രദേശങ്ങൾ അടങ്ങിയതാണ് മുണ്ടൂർ ഗ്രാമ പഞ്ചായത്ത്. പൊതുവെ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണിത്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശയിലാണ് പൊതു വിദ്യാഭ്യാസത്തിനുള്ള വിദ്യാലയങ്ങൾ ഇവിടെ സ്ഥാപിതമായത്. അതിനു മുമ്പ്, 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ, വിദ്യാഭ്യാസം നേടാൻ സ്വകാര്യ സ്ഥാപനങ്ങളെ ഇവിടെ ഉണ്ടായിരുന്നുള്ളൂ. സ്വകാര്യ സ്ഥാപനങ്ങൾക്ക് ഒരു വിശദീകരണം ആവശ്യമാണെന്നു തോന്നുന്നു. പ്രമാണികുടുംബങ്ങൾ സംസ്കൃതവും മലയാളവും പഠിപ്പിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നു. ക്രമേണ ആശാന്മാർ സ്വന്തം സമ്പ്രദായത്തിനനുസരിച്ച് കുടിപ്പള്ളിക്കൂടങ്ങൾ നടത്തിയിരുന്നു. ഇവയെയാണ് സ്വകാര്യ സ്ഥാപനങ്ങൾ എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നത്.

സംസ്കൃത പഠനത്തിന് ഈ പഞ്ചായത്തിൽ കുറെകൂടി പഴമയാർന്ന ചരിത്രമുണ്ടെന്നു തോന്നുന്നു. തലമുറകളായി കളരിപ്പണിക്കന്മാർ ഇവിടെ സംസ്കൃതവും ജോതിഷവും പഠിച്ച് പ്രമുഖരായി തീർന്നിട്ടുണ്ട്. പടിഞ്ഞാറ്റുമുറി പൊന്നേത്തു തറവാട്ടിൽ സംസ്കൃത പഠനത്തിനുള്ള സൗകര്യങ്ങൾ മുമ്പു മുതലെ ഉണ്ടായിരുന്നിരിക്കണം. 1940 ആകുമ്പോഴേക്കും പ്രശസ്തമായ ഒരു സംസ്കൃത വിദ്യാലയം തന്നെ നിലവിൽ വന്നു. മഠത്തിൽ പൊന്നേത്തു നാരായണൻ നായർ ഈ വിദ്യാലയ നടത്തിപ്പിന് കുറെ ത്യാഗം സഹിച്ചിട്ടുണ്ട്. ഒരു ജ്യോതിഷ പണ്ഡിതനായ കേളു പണിക്കർ ഇവിടെ അധ്യാപകനായി സേവനമനുഷ്ഠിച്ചതായി രേഖകളിൽ കാണുന്നു. കേരളം മുഴുവൻ പ്രസിദ്ധനായ സംസ്കൃത

പണ്ഡിതൻ ഡോ. എം.എസ്.മേനോൻ ഇവിടെ അധ്യാപകനായിരുന്നിട്ടുണ്ട്.

മൂത്തേടത്ത് ഒരു കുടിപ്പള്ളിക്കൂടം കുറേ വർഷങ്ങളോളം നിലനിന്നിരുന്നു.അതുപോലെ കയറംകോടം ആലയിലും ഒരു പള്ളിക്കൂട മുണ്ടായിരുന്നു. ഈ പള്ളിക്കൂടങ്ങളിൽ പഠിപ്പി ച്ചിരുന്ന ആചാര്യനായിരുന്നു പഴണാണ്ടി എഴുത്തശ്ശൻ. ഇദ്ദേഹം പൂഴിയെഴുത്തിൽ കൊടുത്തിരുന്ന ഭാഷാപരിശീലനം വളരെ പ്രസിദ്ധമായിരുന്നു. ഇതേ സന്ദർഭത്തിൽ തന്നെ പല തറവാടുകളിലും സ്വകാര്യമായി വിദ്യ അഭ്യസിക്കുന്നതിനുള്ള സൗകര്യങ്ങളു ണ്ടായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകം മുതലാണ് പൊതു വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇവിടെ നിലവിൽ വന്നത് എന്നു പറയാം. ഈ പഞ്ചായത്തിലെ ഏറെ പഴക്കം ചെന്ന വിദ്യാലയം ഇപ്പോൾ മുണ്ടൂർ ജി.എൽ.പി.എസ്. എന്നു പറയുന്ന സ്ഥാപനം തന്നെയാണെന്ന് ഉറപ്പിച്ച് പറയാമോ എന്ന് സംശയമുണ്ട്. തേക്കിൻ കാട്ടിൽ രാഘവൻ നായർ എന്ന അദ്ധ്യാപകന്റെ കാരണവരായ ഒരു ദാമോദരൻ നായർ ഇന്നത്തെ കൂട്ടുപാതയിൽ നടത്തിയിരുന്ന ഒരു വിദ്യാലയമായിരിക്കണം ആദ്യത്തെ നമ്മുടെ പൊതുവിദ്യാലയ സ്ഥാപ നം. പടിഞ്ഞാറ്റുമുറിയിലെ തേക്കിൻകാട്ടു കുടുംബത്തിന് ഈ പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ കാര്യമായ പങ്കുണ്ടായിരുന്നെന്ന് നാം വിസ്മരിച്ചു കൂടാ. തേക്കിൻകാട്ടിലെ തന്നെ കരുണാകരൻ നായർ എന്ന കണ്ണൻ മാസ്റ്റർ ഇന്നത്തെ നരകശ്ശേരിയിൽ സുമാർ 1913ൽ ഒരു വിദ്യാലയം ആരംഭിച്ചു. കാഞ്ഞികുളത്തെ പരിയങ്ങാട് കൃഷ്ണൻ നായർ ഈ കാലത്തു തന്നെ കണ്ണൻ മാസ്റ്റർക്ക് സഹായിയായിരുന്നു.

കാഞ്ഞികുളത്തു മലങ്കാട്ടിൽ തറവാട്ടുകാർ നടത്തി വന്ന പ്രാഥമിക വിദ്യാലയത്തിന് ഈ നൂറ്റാണ്ടോളം തന്നെ പഴക്കമുണ്ട്. മലങ്കാട്ടിലെ ഏരേശ്ശൻ നായർ ഈ വിദ്യാലയത്തിന്റെ മാനേജറായി സ്തുത്യാർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

കൂട്ടുപാതയിൽ നടന്നിരുന്ന വിദ്യാലയം 1920 – 21 കാലത്ത് ബോർഡ് സ്കൂളായി മാറിയപ്പോൾ അതിനൊരു കെട്ടിടമുണ്ടാക്കി വാടകക്ക് നൽകിയത് പ്രമുഖ കർഷകനായിരുന്ന ആനപ്പാറ മാലൻ മകൻ ചാമായി ആയിരുന്നു. ബോർഡ് സ്കൂളിലെ ആദ്യത്തെ മുഖ്യാധ്യാ പകൻ കേളുമാസ്റ്ററായിരുന്നു എന്നു കരുതുന്നു. 1923 ൽ നരകശ്ശേരി സ്കൂൾ കണ്ണൻ മാസ്റ്ററിൽ നിന്നും കോങ്ങാട് പൂവപ്പുള്ളി ചാമുണ്ണി മാസ്റ്റർ ഏറ്റെടുത്തു. ഇദ്ദേഹം പല പരിഷ്കാരങ്ങളും വരുത്തി. 1931 ൽ കെ.എ.മാധവൻ മാസ്റ്റർ [illegible] ഏറ്റെടുത്തു. പിൽകാലത്ത് നരകശ്ശേരി സ്കൂൾ കല്പാത്തി ചാത്തപുരം ശ്രീ. സി.എ.പി.രാമചന്ദ്രഅയ്യർ എന്ന ജന്മിയുടെ മാനേജ്മെന്റിൻ കീഴിൽ ഈ വിദ്യാലയം പിൽകാലത്ത് വളരെ അഭിവൃദ്ധിപ്പെടുക യുണ്ടായി. 1930നു മുമ്പ് മുണ്ടൂരിലെ വീരാസാഹിബ് നിർമ്മിച്ച കെട്ടിടത്തിൽ മാപ്പിള സ്ക്കൂൾ പ്രവർത്തിച്ചിരുന്നു. അതാണ് പിന്നീട് ഗേൾസ് സ്ക്കൂളായി മാറിയത്.

പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗ തിക്കു വേണ്ടി മുണ്ടൂർ ബോർഡ് സ്ക്കൂളിനെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി വിഭജിച്ചു. ഇന്ന് എൽ.പി. സ്ക്കൂൾ നിൽക്കുന്ന സ്ഥലത്ത് ആൺകുട്ടികളുടെ സ്ക്കൂളും പടിഞ്ഞാറ് പെൺകുട്ടികൾക്കുമായുള്ള സ്ക്കളും പ്രവർത്തിച്ചു വന്നു. കേരള സംസ്ഥാന രൂപീകരണത്തോടെ രണ്ടു സ്ക്കൂളും വീണ്ടും ഒന്നിച്ച് സർക്കാർ എൽ.പി.സ്ക്കൂളായി തീർന്നു.

ആദ്യം മുതലേ സവർണ്ണർ മാത്രമല്ല അവർണ്ണരും ഇവിടെ വിദ്യാഭ്യാസ കാര്യത്തിൽ ശ്രദ്ധ ചെലുത്തി വന്നു. മൂത്തേടം,കയറംകോടം ആലയിൽ എന്നിവിടങ്ങളിൽ ഉണ്ടായിരുന്ന കുടിപ്പള്ളിക്കൂടങ്ങൾ അവർണ്ണരുടെ ഇടയിലുള്ള വിദ്യാഭ്യാസ വികസനത്തിന് കാര്യമായ സംഭാവന നൽകിയിട്ടുണ്ട്. കളരിപ്പണിക്ക ന്മാരും വിദ്യാഭ്യാസ രംഗത്ത് കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്.

ബോർഡ് എലിമെന്ററി സ്ക്കൂളിൽ നിന്നും പാസ്സായി വരുന്ന കുട്ടികളെ പഠിപ്പിക്കാൻ ഒരു ഹയർ എലിമെന്ററി സ്ക്കൂൾ 1927 ൽ ഇന്നത്തെ ഹൈസ്ക്കൂൾ നിൽക്കുന്ന സ്ഥലത്ത് സ്ഥാപിക്കപ്പെട്ടു. ഇതിന് മുൻകൈയെടുത്തത് കിഴക്കേ വാരിയത്തുകാരാണ്. 1957 ലാണ് ഈ പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിതമായത്. ഹയർ എലിമെന്ററി സ്ക്കൂളിനെ ഹൈസ്ക്കൂളാക്കി ഉയർത്തുകയാണു ചെയ്തത്.ഇതിന്റെ സ്ഥാപകൻ കെ.വി. സുന്ദര വാരിയരാണ്.

ഹരിയജനങ്ങളുടെ ഉന്നമനത്തിനു വേണ്ടി സ്ഥാപിക്കപ്പെട്ടതാണ് ഏഴക്കാട് ലേബർ സ്ക്കൂൾ. 1939നു തന്നെ ഈ വിദ്യാലയം നിലവിൽ വന്നിരുന്നു. അപ്പു ഇൻസ്പെക്ടർ എന്ന ഡിസ്ട്രിക്ട് ബോർഡ് ഉദ്യോഗസ്ഥന്റെ ശ്രമഫലമായി കിഴക്കേപാട്ട് രാമൻകുട്ടി മേനോന്റെ സഹധർമ്മിണിയായ ചിന്നുകുട്ടി അമ്മ മുൻകൈയെടുത്ത് സ്ഥാപിച്ചതാണ് ഈ വിദ്യാലയം. ക്രമേണ സർക്കാർ വെൽഫേർ സ്ക്കൂളായി അറിയപ്പെട്ടു തുടങ്ങി. ഇവിടുത്തെ ആദ്യത്തെ പ്രധാന അധ്യാപകനു മായൻ മാസ്റ്ററായിരുന്നു. ഹരിജനോത്കാരത്തിന് വേണ്ടി മാസ്റ്ററുടെ പ്രവർത്തനം വിലമതിക്കതക്കതായിരുന്നു. ഇതേ കാലത്തു തന്നെ വിദ്യാഭ്യാസ വികസനത്തിനു വേണ്ടി പൂതനൂർ ഒരു പ്രാഥമിക വിദ്യാലയിവും നിലവിൽ വന്നു.

1952–ൽ സുന്ദരവാരിയരുടെ മാനേജ് മെന്റിൽ നാമ്പുള്ളി പുര പ്രാഥമിക വിദ്യാലയം ആരംഭിച്ചു. പഴയ സംസ്കൃത വിദ്യാലയം 1957–ൽ നാരായണൻ നായർ മെമ്മോറിയൽ പ്രാഥമിക വിദ്യാലയമായി തീർന്നു.

ഈ സന്ദർഭത്തിൽ പെൺകുട്ടികളുടെ വിദ്യാഭ്യസ പുരോഗതിക്കു വേണ്ടി ആദ്യകാലത്ത് പ്രവർത്തിച്ച രണ്ടു പേരെ പ്രത്യേഡം സ്മരിക്കേണ്ടതുണ്ട്. ഏളിയ ടീച്ചർമാർ എന്നു പരക്കെ അറിയപ്പെടുന്ന തൃശ്ശൂർ ഏനാമാവിൽ നിന്നും ഇവിടെ വന്ന് അധ്യാപക വൃത്തിയിൽ ഏർപ്പെട്ടു. പിന്നീട് അവർ മുണ്ടൂർ സ്ഥിരതാമസമാക്കുകയും ചെയ്തു. പഴയ തലമുറയിൽ പെട്ട സ്ത്രീകൾക്കെല്ലാം ഇതവരെ രണ്ടു പേരെയും ഇപ്പോഴും നല്ലപോലെ ഓർമ്മയുണ്ടാവും.

വിദ്യാഭ്യാസ പുരോഗതിക്കു കാര്യമായ സംഭാവന ചെയ്ത ചില അനൗപചാരിക സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ടായിരുന്നു. 1951 ൽ മുണ്ടൂർ ചുങ്കത്ത് ആരംഭിച്ച വിവേകാനന്ദ വായനശാല പുതിയ അറിവും സാമൂഹ്യ സാംസ്കാരിക ബോധവും ഉണ്ടാക്കാൻ യുവജനങ്ങളെ കുറച്ചൊന്നുമല്ല സഹായി ച്ചിട്ടുള്ളത്. വളരെ പ്രശസ്തമായി ഒരു വ്യാഴവട്ടകാലഘട്ടത്തിലേറെ പ്രവർത്തിച്ചു വന്ന ഈ സ്ഥാപനം അയൽ പ്രദേശത്തു നിന്നു കൂടി ജനങ്ങളെ ആകർഷിച്ചിരുന്നു. പിന്നീട് ഈ സ്ഥാപനം 60കളിൽ പഞ്ചായത്തിനെ ഏൽപ്പിക്കുകയാണുണ്ടായത്. ഏകദേശം ഈ കാലത്തു തന്നെ പടിഞ്ഞാറ്റുമുറിയിൽ ജയ്ഹിന്ദ് വായനശാലയും പ്രവർത്തിച്ചു വന്നിരുന്നു. ഏഴക്കാട് ശാന്തിസേനാ വായനശാലയും

കാര്യമായ സംാസ്കാരിക നേട്ടമുണ്ടാക്കിയ സ്ഥാപനമാണ്. വളരെ സൗകര്യമുള്ള സ്വന്തമായ കെട്ടിടം ശാന്തി സേനക്ക് വർഷങ്ങൾക്കു മുമ്പുധ തന്നെ ഉണ്ടായിരുന്നത് ഒരു വലിയ നേട്ടമാണ്. കുളമുള്ളി ഇഞ്ചൻ സ്മാരക വായനശാല, കുന്നത്തു പറമ്പ് ജയഭാരത് വായനശാല, കയനകോടം വായനശാല എന്നിവയും അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളായി പ്രവർത്തിച്ചു വന്നിട്ടുണ്ട്. യുവ പ്രഭാത് വായനശാല, സ്റ്റാർ ആർട്സ് എന്നിവ ഇരുന്നഴും സജീവമായി പ്രവർത്തിച്ചു വരുന്നു.

ഈ പഞ്ചായത്തിൽ ജനസംഖ്യ 91 ലെ സെൻസസ് പ്രകാരം 25,996 ആണ് ആകുന്നു. ഇതിൽ 12,512 പുരുഷന്മാരും 13484 സ്ത്രീകളുമാണ് . പഞ്ചായിത്തിലെ മൊത്തം സാക്ഷരതാ 80.09 ശതമാനമാണ്. ഇതിൽ പുരുഷന്മാരിൽ 87.42 ശതമാനവും സ്ത്രീകളിൽ 73.34 ശതമാനം സാക്ഷരരാണ്.സാക്ഷരതാ പ്രവരത്തനം വളരെ സജീവമായിനടന്ന ഒരു പഞ്ചായത്തായിരുന്നു ഇത്.

ഇതിനോടൊപ്പം ചേർത്തിട്ടുള്ള പട്ടിക 1ൽ ഇവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ചുള്ള കുറെ അറിവുകൾലഭിക്കുന്നതാണ്. കഴിഞ്ഞ 10 കൊല്ലത്തിനിടയിൽ ഒരു പുതിയ സ്ക്കൂളും (Govt. or Aided) ഇവിടെ പുതുതായി ആരംഭിച്ചിട്ടില്ല. ഉള്ളവ നിർത്തലാക്കുകയും ചെയ്തിട്ടില്ല.

കഴിഞ്ഞ 50 വർഷകാലത്തെ വിദ്യാഭ്യാസ ചരിത്രം പരിശോധിക്കുകയാണെങ്കിൽ കേരളത്തിന്റെ മറ്റെല്ലായിടത്തു ഉണ്ടായതു പോലെ വ്യാപകമായ അഭിവൃദ്ധിയാണ് ഈ രംഗത്തുണ്ടായിട്ടുള്ളത്. ഒരു ഇംഗ്ലീഷ് മീഡിയം ആൺഎയിഡഡ് സ്ക്കൂൾ ഇവിടെ ആരംഭിച്ചത് പൊതു വിദ്യാഭ്യാസ സംരംഭത്തെ എങ്ങിനെയാണ് ബാധിക്കുക എന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. സ്ക്കൂളിനെ സംബന്ധിച്ചുള്ള വിവരങ്ങൾ അടങ്ങുന്ന പട്ടിക ഇതിനോടൊപ്പം ചേർത്തിട്ടുണ്ടല്ലോ. അതിനോടനുബന്ധമായ ഇവിടെ അൺഎയിഡഡ് സ്ക്കൂളിനെ സംബന്ധിച്ചുള്ള വിവിരം താഴെ കൊടുക്കുന്നു.

**വിദ്യാലയ വിവരം**

എം.ഇ.എസ്. ഇംഗ്ലീഷ് മീഡിയം സ്കൂൾ

സ്വഭാവം : അൺഎയ്ഡഡ്

ക്ലാസ്സുകൾ : 1,2

ജീവനക്കാർ : 2 അധ്യാപികമാർ

കുട്ടികൾ : 1 - 35, 2 - 44

ശമ്പളം : കൃത്യമായ വിവരം തരുവാൻ ബുദ്ധിമുട്ടുണ്ട്

ഇവിടെയുള്ള വിദ്യാഭ്യാസ പുരോഗതിക്ക് സ്വകാര്യ വ്യക്തികളുടെ സംഭാവന ശ്രദ്ധേയമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. കഴിഞ്ഞ 5 വർഷമായി സ്ക്കൂളുകളിൽ കുട്ടികളുടെ എണ്ണം അനുക്രമമായി കുറഞ്ഞു വരുന്നുണ്ട്. ഇതിനൊരു മുഖ്യ കാരണം ചെറിയ കുടുംബമെന്ന സാമൂഹ്യ ബോധം തന്നെയാണ്. 200 ഓളം കുട്ടികൾ പഞ്ചായത്തിനു പുറത്തുള്ള അൺഎയിഡഡ് സ്ക്കൂളുകളിൽ പഠിക്കാൻ പോകുന്നതും ഇതിനൊരു കാരണമാണ്.

സ്വകാര്യ രംഗത്ത് പ്രശസ്തമായി നടന്നു വരുന്ന എം.ഇ.എസ് കാരുടെ ഐ.ടി.സി. ആണ്. ഇവിടുത്തെ മുഖ്യമായ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം. തൊഴിലധിഷ്ഠിതമായ കോഴ്സുകളാണ് ഇവിടെയുള്ളത്. ഭൗതിക സാഹചര്യങ്ങൾ ഇവിടെ തൃപ്തികരമാണ്. ഇതിനു പുറമെ 4 ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റുട്ടുകൾ സ്വകാര്യ വ്യക്തികൾ ഈ പഞ്ചായത്തിൽ നടത്തുന്നുണ്ട്. ഏഴക്കാട്, പൊരിയാനി,

പൂതനൂർ എന്നിവിടങ്ങളിൽ പെൺകുട്ടികൾക്കുള്ള തുന്നൽ പരിശീലന സ്ഥാപനങ്ങളും സ്വകാര്യ രംഗത്തു നടത്തുന്നുണ്ട്. രണ്ട് പാരലൽ കോളേജുകൾ കുട്ടികളെ പഠന സഹായിക്കുന്നുണ്ട്. പഞ്ചായത്തിന്റെ എല്ലാവാറും എല്ലാ പ്രദേശങ്ങൾക്കും ഉപകാരപ്രദമായ വിധത്തിൽ അംഗനവാടികൾ ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്. ആകെ 30 അംഗനവാടികളാണുള്ളത്. ബാപ്പുജി നേഴ്സറി സ്ക്കൂൾ എന്ന ശിശു പഠന കേന്ദ്രവും സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു വരുന്നു.

**ഭൗതിക സാഹചര്യങ്ങൾ**

ഹൈസ്ക്കൂളിന് സൗകര്യപ്രദമായ ക്ലാസ്സുമുറികൾ വേണ്ടത്രയില്ലെന്നു പറയാം. പല ക്ലാസ്സുകളും മുറികളായി തിരിച്ചിട്ടില്ല. ക്ലാസ്സുകൾ രണ്ടു സ്ഥലത്തായി നടത്തുന്നതുകൊണ്ട് ചില അസൗകര്യങ്ങൾ ഉണ്ട്. പക്ഷേ, കളിസ്ഥലത്തുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഇല്ല. ഇത്തരം അസൗകര്യങ്ങൾ മറ്റെല്ലാ വിദ്യാലയങ്ങളിലും ഏറ്റകുറച്ചിലുകളോടെ നിലനിൽക്കുന്നു. സർക്കാർ സ്ക്കൂളുകളിൽ മുണ്ടൂർ എൽ.പി.എസ്. നു മാത്രമെ സ്വന്തം കെട്ടിടവും സ്ഥലവുമുള്ളൂ. വിദ്യാഭ്യാസ ചട്ടപ്രകാരമുള്ള ക്ലാസ്സു മുറികൾ പ്രൈമറി തലത്തിലെങ്കിലും നിശ്ചയമായും ഉണ്ടായിരി ക്കേണ്ടതാണ്. പൂതനൂർ, ഏഴക്കാട് വെൽഫേയർ സ്ക്കൂളുകൾ സർക്കാറിന്റെതാണെങ്കിലും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പട്ടിക 2 നോക്കുക.

**അധ്യാപക രക്ഷാകർതൃസമിതി**

എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ. നിലവിലുണ്ട്. കഴിഞ്ഞ ഏതാനം വർഷങ്ങളായി മുണ്ടൂർ എൽ.പി.സ്ക്കൂൾ ജനപങ്കാളിത്തത്തോടെ പി.ടി.എ. വളരെ ശ്രദ്ധേയമായ ക്ഷേമ പദ്ധതികൾ നടപ്പാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഈ വിദ്യാലയത്തിലെ പ്രധാനാദ്ധ്യാപകനായിരുന്ന ശ്രീ. കെ. രാജ വിശ്വനാഥന് കേരള സർക്കാറിന്റെ സംസ്ഥാന അദ്ധ്യാപക അവാർഡ് കിട്ടിയത് ഇത്തരണത്തിൽ പ്രസ്താവ്യമാണ്. കെട്ടിടം സർക്കാരിന്റേതാക്കി മാറ്റാനും ഒരു കളിസ്ഥലം സ്വന്തമായി ഏറ്റെടുക്കാനും പലതരം വികസന പ്രവർത്തനങ്ങളും സ്ക്കൂളിൽ നടപ്പാക്കാനും പി.ടി.എ.ക്കു കഴിഞ്ഞിട്ടുണ്ട്. മാതൃ സംഗമം കുറേ കൂടി സജീവമാക്കാൻ എല്ലാ വിദ്യാലയങ്ങളും ശ്രദ്ധിക്കേണ്ടതാണെന്നു തോന്നുന്നു.

പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ പല രംഗത്തും സജീവമായി പങ്കെടുക്കുന്നുണ്ടെങ്കിലും അതിശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടായതായി കാണുന്നില്ല. കായിക രംഗത്ത് യുവ പ്രതിഭകളെ കണ്ടെത്താനുള്ള ഒരു കൂട്ടായ ശ്രമം നടത്തുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിന് അത് ഒരു മുതൽകൂട്ടായിരിക്കും.

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം കാണിക്കുന്ന പട്ടിക 3 ഇതോടൊപ്പം ചേർത്തിട്ടുണ്ട്. അതു പരിശോധിക്കുമ്പോൾ നമ്മുടെ പഠന നിലവാരം എല്ലാ തലത്തിലും മെച്ചപ്പെടേണ്ടതുണ്ടെന്ന് വ്യക്തമാക്കുന്നു.

**പ്രശ്നങ്ങൾ**

1. തെക്കിൻകര, വടക്കേക്കര, ചളിർക്കാട്, പൊരിയാനി, പന്നിയംപ്പാടം, പാലക്കീഴ്, ഒടുവങ്ങാട് എന്നിവിടങ്ങളിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് ഒന്നര രണ്ടു കി.മി. ദൂരം നടക്കേണ്ടിയിരിക്കുന്നു.

2. മിക്ക വിദ്യാലയങ്ങളിലും അധ്യാപക - രക്ഷാകർതൃബന്ധം സുദൃഢമല്ല.

3. അധ്യാപകരുടെ ആത്മാർത്ഥത കുറവ്.

4. എല്ലാ സ്ക്കൂളുകൾക്കും ഭൗതിക സാഹചര്യങ്ങൾ കുറവാണ്.

5. ഏഴക്കാട്‌യു.പി.സ്ക്കൂളിൽ മാനേജ്മെന്റ് തർക്കം മൂലം വേണ്ടത്ര അദ്ധ്യാപകരെ നിയമിക്കാനോ, സ്ക്കൂൾ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനോ സാധിക്കുന്നില്ല.

6. പൂതനൂർ വെൽഫേർ സ്ക്കൂളുകൾ വാടക കെട്ടിടങ്ങളായതിനാൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുന്നില്ല.

7. ഗവ: എൽ.പി.എസ്.മുണ്ടൂരിൽ കുട്ടികൾക്ക് ക്ലാസ്സ് മുറി സൗകര്യം കുറവ്.

8. സർക്കാർ സ്വന്തമായ മുണ്ടൂർ എൽ.പി. എസ് ന് വേണ്ടി വാങ്ങിയ കളിസ്ഥലത്ത് ചുറ്റുമതിൽ ഇല്ലാത്തതു കൊണ്ടും സമീപത്ത് പൊതു കിണർ ഇല്ലാത്തതു കൊണ്ടും വേണ്ടത്ര സുരക്ഷിതത്വം ഇല്ല.

9. തൊഴിലധിഷ്ഠിത · കോഴ്സുകൾ സ്ക്കൂളിനോട് ബന്ധപ്പെട്ട് ഇല്ല.

10. സ്ത്രീകൾക്ക് പ്രത്യേക തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആവശ്യത്തിനനുസരിച്ച് ഇല്ല.

11. അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളായ വായനശാലകളുടെ പ്രവർത്തനത്തിൽ ജനപങ്കാളിത്തം കുറവ്.

12. കലാകായിക പരിശീലന കേന്ദ്രങ്ങൾ ഇല്ല.

13. പിന്നോക്ക വിഭാഗങ്ങളിൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകത അർഹിക്കുന്ന ഗൗരവത്തോടെ എത്തിയിട്ടില്ല.

14. നിർധനരായ വിദ്യാർത്ഥികളെ കണ്ടെത്തി സഹായിക്കാനുള്ള സംവിധാനമില്ല.

15. ഹരിജൻ കുട്ടികൾക്ക് കിട്ടികൊണ്ടിരിക്കുന്ന സഹായ ധനം വളരെ കുറവാണ്.

**സാദ്ധ്യതകൾ**

1. സമീപത്ത് സ്ക്കൂളുകളിലേക്കുള്ള യാത്രാസൗകര്യം മെച്ചപ്പെടുത്തുകയാണ് ഇതിന് പ്രായോഗികമായ പോംവഴി.

2. മാതൃസംഗമം കുറേകൂടി സജീവമാക്കുക. ദേശീയ ആഘോഷങ്ങളും മതപരമായ ആഘോഷങ്ങളും എല്ലാവരും ചേർന്ന് ജനപങ്കാളിത്തത്തോടെ വിദ്യാലയങ്ങളിൽ ആഘോഷിക്കുക.

3.a പി.ടി.എ. സജീവമാക്കുക.

3.b സ്ക്കൂൾ കോംപ്ലക്ഷസുകൾ പഞ്ചായത്തു തലത്തിൽ സജീവമാക്കുക.

4. മാനേജ്മെന്റ് സ്ക്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കാൻ മാനേജ്മെന്റിനെ നിർബന്ധിക്കുക.

5. ഏഴക്കാട് യു.പി.സ്ക്കൂളിലെ മാനേജ്മെന്റ് തർക്കം പഞ്ചായത്ത് മുൻകൈയെടുത്ത് തീർക്കേണ്ടതാണ്.

6. പൂതനൂർ വെൽഫേർ സ്ക്കൂൾ കെട്ടിടങ്ങൾ സർക്കാർ ഏറ്റെടുക്കുക

7. ഗവ: എൽ.പി.സ്ക്കൂളിന് 12 ക്ലാസ്സു മുറികളുള്ള കെട്ടിടം നിർമ്മിക്കുക. യു.പി.സ്ക്കൂളായി അപ്ഗ്രേഡ് ചെയ്യുക.

8. പൊതുജന സഹകരണത്തോടെ G.L.P.S. മൂണ്ടൂരിനു വേണ്ടി വാങ്ങിയ സ്ഥലത്തിനു ചുറ്റും മതിൽ കെട്ടി സുരക്ഷിതമാക്കുക. സ്ക്കൂളിന്റെ സമീപത്ത് പൊതുജനങ്ങൾകു വേണ്ടി കിണർ കുഴിച്ച് സ്കൂൾ ഗേറ്റ് പൂട്ടിയിടാനുള്ള സംവിധാനമുണ്ടാക്കുക.

9. ഹൈസ്ക്കൂളിനോടനുബന്ധിച്ച് തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കാൻ വേണ്ടതു ചെയ്യുക.

10. സ്ത്രീകൾക്ക് പ്രത്യേക തൊഴിൽ പരിശീലനം നൽകുന്ന വനിത പോളിടെക്നിക് സർക്കാർ ഉടമയിൽ ആരംഭിക്കാൻ വേണ്ടതു ചെയ്യുക.

11. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുക.

12. പഞ്ചായത്തിന്റെ കീഴിൽ തെരഞ്ഞെടുക്കപ്പെടുന്ന സ്ക്കൂൾ വിദ്യാർത്ഥികൾക്ക് കലാ - കായിക രംഗത്ത് വേണ്ടത്ര പരിശീലനം നൽകാൻ പരിശീലന കേന്ദ്രമാരംഭിക്കുക.

13. പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ക്കൂളുകളിലെ ദൈനം ദിന പ്രവർത്തനങ്ങളിൽ ജനശ്രദ്ധയുണ്ടാക്കുക.

14. നിർധനരായ കുട്ടികളെ കണ്ടെത്തി പഠനോപകരണങ്ങൾ, യൂണിഫോം എന്നിവ നൽകാൻ ശ്രമിക്കുക.ഉച്ചകഞ്ഞി സാർവ്വത്രികമാക്കുക.

15. SC, ST ലംപ്സം ഗ്രാന്റ് തുക വർദ്ധിപ്പിക്കുക

| നമ്പ്ര് | സ്ക്കൂളിന്റെ പേര് | HS, UP or LP | ഉടമ | | കുട്ടികൾ | | | അധ്യാപകർ | | | സാമ്പത്തിക ആനുകൂല്യം കുട്ടികൾക്ക് | | | | | കളി സ്ഥല ത്തിന്റെ വിസ് തീർണ്ണം | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | Govt. | Aided | ആ | പെ | ആകെ | അധ്യാപകർ | നില വിലുള്ളവർ | ഒഴിഞ്ഞു കിടക്കുന്നത് | മെരിറ്റ് സ്കോളർഷിപ്പ് | ലംപ് സം ഗ്രാന്റ് | മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാൻമാരുടെ മക്കൾക്കുള്ള ആനുകൂല്യം | | |
| 1 | GLPS മുണ്ടൂർ | LP | ✓ | | 257 | 258 | 515 | 14 | 4 -\|- 10 | - | - | 49 | - | 2 | - | 58.5 സെ | - |
| 2 | NNMBLPS [illegible]ൂർ | LP | | ✓ | 73 | 53 | 126 | 5 | 1 -\|- 4 | - | - | 13 | - | 1 | - | 10 " | - |
| 3 | SVMLPS നാമ്പുള്ളിപ്പുര | LP | | ✓ | 159 | 163 | 322 | 8 | 2 -\|- 6 | - | - | 105 | - | 1 | - | 20 " | - |
| 4 | GWLPS എഴക്കാട് | LP | ✓ | | 133 | 139 | 272 | 8 | 2 -\|- 6 | - | 2 | 119 | 4 | - | 3 | 0.63ആർ | ✓ |
| 5 | GLPS പുതനൂർ | LP | ✓ | | 80 | 91 | 171 | 6 | 4 -\|- 0 | 2 | - | 58 | - | - | - | 50 സെ | ✓ |
| 6 | ALPS കാഞ്ഞിക്കുളം | LP | | ✓ | 55 | 84 | 139 | 4 | 1 -\|- 3 | - | - | 22 | - | - | 1 | 7 " | - |
| 7 | AUPS വേലിക്കാട് | UP | | ✓ | 218 | 211 | 429 | 17 | 7 -\|- 10 | - | 2 | 63 | 31 | 2 | - | 40 " | - |
| 8 | AUPS എഴക്കാട് | UP | | ✓ | 179 | 265 | 444 | 18 | 3 -\|- 15 | - | - | 206 | - | - | - | 1.2[illegible] ഏ[illegible] | - |
| 9 | HS മുണ്ടൂർ | HS | | ✓ | 1167 | 1227 | 2394 | 70 | 29 -\|- 41 | - | 6 | 391 | 40 | 4 | - | 95.2ആർ | - |
| | ആകെ | | | | 2321 | 2491 | 4812 | 15 | 53 -\|- 95 | 2 | 10 | 1026 | 75 | 10 | 4 | | - |

# മുണ്ടൂർ ഗ്രാമപഞ്ചായത്ത് വിദ്യാലയ സൗകര്യങ്ങൾ – പട്ടിക 2

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലാബറട്ടറി | ലൈബ്രറി | ഉച്ചഭാഷിണി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | GLPS മുണ്ടൂർ | 87.5 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | NNMBLP മുണ്ടൂർ | 80 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 3 | SVMLPS നാമ്പുള്ളിപ്പുര | 65 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | GWLPS എഴക്കാട് | 1 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 5 | GLPS പുതനൂർ | 1 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 6 | ALPS കാഞ്ഞിക്കുളം | 20 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 7 | AUPS വേലിക്കാട് | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 8 | AUPS എഴക്കാട് | 2.21 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 9 | HS മുണ്ടൂർ | 3.33 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

| പട്ടിക 3 | | | |
|---|---|---|---|
| ഹൈസ്ക്കൂൾ , മുണ്ടൂർ<br>എസ്.എസ്.എൽ.സി. വിജയ ശതമാനം ഒറ്റനോട്ടത്തിൽ | | | |
| വർഷം | മൊത്തം വിദ്യാർത്ഥികൾ | വിജയിച്ചവർ | ശതമാനം |
| 1989_90 | 224 | 58 | 26 |
| 1990_91 | 230 | 58 | 25 |
| 1991_92 | 233 | 56 | 24 |
| 1992_93 | 260 | 50 | 19 |
| 1993_94 | 278 | 63 | 23 |
| 1994_95 | 294 | 46 | 17 |
| 1995_96 | 279 | 56 | 20 |
| 1996_97 | | | |

വികസന രേഖ

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

# 4.D

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളും കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നു. ബാക്കിയുള്ളവർ പൈപ്പുവെള്ളത്തെയാണ് ആശ്രയിക്കുന്നത്. K.W.A. യുടെ ഒരു പദ്ധതിയാണ് ഈ പഞ്ചായത്തിലുള്ളത്. അതിൽ ഉപയോഗപ്രദമായ 16 ടാപ്പുകളുമാണുള്ളത്. ഏതാണ്ട് 21 പൊതുകിണറുകളാണ് ഉപയോഗപ്രദമായത്. എങ്കിലും ഈ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ് കൂടുതൽ ക്ഷാമം അനുഭവപ്പെടുന്നത്.

## പ്രധാന ജലസ്രോതസ്സുകൾ

തെക്കുംകരപുഴ, 11-ാം വാർഡിലെ ചമ്പക്കുളം, 5-ാം വാർഡിലുള്ള അറക്കുളം, എഴക്കാട് ചമ്പക്കുളം, പൂതന്നൂർ ആറാട്ടുകുളം എന്നിവ യാണ്. 9-ാം വാർഡിലെ തെക്കുംപുറം മന്ദിരക്കുളം ഇവയിൽ എല്ലാ കാലങ്ങളിലും വെള്ളം ലഭ്യമാണ്. ഈ സ്രോതസ്സുകളെ പ്രയോജനപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ചാൽ ഇവിടത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

## കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ

| വാർഡ് | പ്രദേശം |
|---|---|
| 1 | അമ്പാഴകുണ്ട്, തെക്കുംകര |
| 2 | വേലിക്കാട് പത്താം മൈൽ, മമ്പുള്ളികുന്ന് |
| 3 | പട്ടത്തൊടി,ചെന്ത്രത്തിൽഹരിജൻകോളനി |
| 4 | മുണ്ടേക്കോട്, (കണക്കുപറമ്പ് ഹരിജൻ കോളനി), കൂളൻകുന്ന് |
| 5 | നായമ്പാടം, ഒമ്പതാംമൈൽ |
| 6 | മീനംങ്ങാട്, വാലിപ്പറമ്പ് |
| 7 | മുതുകാട് (പണ്ടാരത്തറ) |
| 8 | കാപ്പുകാട് |
| 9 | കൂട്ടുപാത, ആലങ്കാട്, പള്ളിപ്പറമ്പ് ഹരിജൻ കോളനിയും പള്ളിപ്പറമ്പും |

10 പാണത്തറ, അലിംകുണ്ട്, മുണ്ടുകുളം, പുലികുന്ന്, കവറത്തറ

11 മുത്തേടം, ആശാരിത്തറ, തോട്ടത്തിൽ കുന്ന് ചവിട്ടുപറമ്പ്, മന്ദത്തുപറമ്പ്

**വാർഡുതല പ്രശ്നങ്ങളും പരിഹാരങ്ങളും**

**വാർഡ് 1**

അമ്പാഴകുന്ന്, തെക്കുകര എന്നീ പ്രദേശങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. 4 പൊതു കിണർ ഉള്ളതിൽ രണ്ടെണ്ണം ഉപയോഗശൂന്യമാണ്. അവ ഉപയോഗക്ഷമമാക്കിയാൽ ഒരു പരിധി വരെ ഇവിടത്തെ പ്രശ്നം പരിഹരിക്കാം.

**വാർഡ് 2**

പത്താം മൈലിലാണ് പ്രധാന പ്രശ്നം. അവിടെയുള്ള പഞ്ചായത്തുകിണർ ശുദ്ധീകരിച്ച് പ്രവർത്തനക്ഷമമാക്കിയാൽ ആ പ്രദേശത്തെ ക്ഷാമം പരിഹരിക്കാവുന്നതാണ്. മണലിപ്പൊറ്റ പ്രദേശത്ത് ഒരു കുഴൽകിണർ നിർമ്മിച്ചാൽ 500 കുടുംബങ്ങളുടെ ജലക്ഷാമം പരിഹരിക്കാം.

**വാർഡ് 3**

ഇവിടെ 3 പഞ്ചായത്തു കിണറുകളും, ഒരു കുഴൽ കിണറുമാണ് ഉള്ളത്. ഒന്നിൽ (കിണർ) മുഴുവൻ സമയവും, രണ്ടു കിണറുകളിൽ പകുതി ക്കാലവും ജലം ലഭ്യമാണ്. പുനത്തിൽപറമ്പിൽ ഉപയോഗശൂന്യമായ കിണർ നന്നാക്കിയാൽ ജലം ലഭിക്കുമെന്ന് കരുതുന്നു.

**വാർഡ് 4**

മുണ്ടേക്കോട്, കൂളൻകുന്ന്,പുന്ന, വഴുക്കപ്പറമ്പിൽ ഹരിജൻ കോളനി എന്നിവടങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു. കണക്കുപറമ്പിൽ നിലവിലുള്ള കുഴൽകിണർ പ്രവർത്തനയോഗ്യമാക്കിയാൽ ആ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാം. നിലവിലുള്ള K.W.A. യുടെ പദ്ധതി കാര്യക്ഷമമാക്കി മുണ്ടേക്കോട് പ്രദേശത്തുകാർക്ക് പൈപ്പ് ലൈൻ വഴി ജലം എത്തിക്കാം.

**വാർഡ് 5**

നായമ്പാടം, ഒമ്പതാം മൈൽ, ചളിർക്കാട് എന്നീ സ്ഥലങ്ങളിൽ പ്രധാനമായും ജലഷാമം അനുഭവപ്പെടുന്നു. പുതിയ കിണറുകളോ, പൈപ്പുലൈനിലൂടെയോ മാത്രമെ ഈ പ്രദേശത്തുകാർക്കുള്ള ജലവിതരണം നടത്താൻ കഴിയൂ.

**വാർഡ് 6**

ഈ വാർഡിൽ കൂടുതൽ ക്ഷാമം നേരിടുന്ന സ്ഥലങ്ങൾ വാലിപ്പറമ്പ്, മിനക്കോട് എന്നിവയാണ്. കണ്ടംപിഷാരംകുളം ധഞ്ചായത്ത് ഏറ്റെടുത്ത് ജലം വിതരണണ നടത്താനാവുമെന്ന് ഇവിടത്തുക്കാർ വിശ്വസിക്കുന്നു.

**വാർഡ് 7**

മുതുകാട് പ്രദേശമാണ് കൂടുതൽ ജലക്ഷാമം നേരിടുന്ന സ്ഥലം. നിലവിലുള്ള പൈപ്പു ലൈൻ ഒറ്റത്തേക്കു ഭാഗത്തേക്ക് 1 കി.മി. ദൂരം നീട്ടിയാൽ ജലവിതരണം നടത്താവുന്നതാണ്. മോഴികുന്നം ഭാഗത്തേക്കും ഒരു കിണർ ആവശ്യമാണെന്ന് ഗ്രാമീണർ പറയുന്നു.

**വാർഡ് 8**

കാപ്പുകാട്ടുകാർ കുടിവെള്ളത്തിനായി ഏറെ കഷ്ടപ്പെടുന്നു. കാഞ്ഞിരക്കുളം ചെക്ക് പോസ്റ്റു വരെയുള്ള കരിമ്പ പഞ്ചായത്തിന്റെ പൈപ്പ് ലൈൻ നീട്ടിയാൽ ഇവർക്ക് കുടിവെള്ളം ലഭ്യമാകും. മീൻകുളം ഹരിജൻ കോളനിയിലും ജലക്ഷാമം നേരിടുന്നു.

**വാർഡ് 9**

കൂട്ടുപാത, ലക്ഷംവീട് കോളനി, ആലംങ്ങാട് പള്ളിപ്പറമ്പ് ഹരിജൻ കോളനി കിഴക്കേകര 9-ാം മൈൽ പള്ളിപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. 3-ാം വാർഡിലുള്ള ആറാട്ടുകുളത്തിലും , 5-ാം വാർഡിലുള്ള അരകുളത്തിൽ നിന്നും വാട്ടർ സപ്ലൈ നടത്തുകയാണെങ്കിൽ 4,3,5,9,10 വാർഡുകളിലെ കുടിവെള്ള ക്ഷാമം ഏതാണ്ട് പരിഹരിക്കാൻ കഴിയും. വാർഡിൽ 3 കുഴൽകിണറുണ്ടെങ്കിലും വെള്ളം ഉപയോഗ യോഗ്യമല്ല. ലക്ഷം വീട് കോളനിയിലെ കിണർ ഉപയോഗപ്രദമാക്കിയാൽ അവർക്ക് ഗുണകര മാകും.

**വാർഡ് 10**

ഈ വാർഡിലുള്ള കിണറുകൾ വേണ്ടത്ര ശുചിത്വം ഇല്ലാത്തതു മൂലം ജലം മലിനമാണ്. ധാരാളം ജലം കിട്ടുന്ന സ്ഥലങ്ങൾ ഈ വാർഡിലുണ്ട്. അവിടെ പൊതു കിണറുകൾ നിർമ്മിച്ച് ഇപ്പോൾ അനുഭവപ്പെടുന്ന വെള്ളക്ഷാമം പരിഹരിക്കാം. മുണ്ടക്കുളം, പുലികുന്ന്, കവറത്തറ, തെക്കുമുറി എന്നിവ യാണ് കുടിവെള്ളക്ഷാമം നേരിടുന്ന പ്രധാന സ്ഥലങ്ങൾ.

**വാർഡ് 11**

വടക്കേക്കര, മുത്തേടം, തോട്ടത്തിൽകുന്ന്, ചവിട്ടുപറമ്പ്, മന്ദത്തുപറമ്പ്, കാപ്പിൽ ആശാരിത്തറ എന്നിവിടങ്ങളിൽ രൂക്ഷമായ് ജലക്ഷാമം അനുഭവപ്പെടുന്നു. തോട്ടത്തിൽ കുന്നിലുള്ള ചമ്പക്കുളം ശുദ്ധ[illegible]ല വിതരണം നടത്തിയാൽ ക്ഷാമം [illegible]രിടാം. മന്ദത്തുപറമ്പിൽ ഒരു സ്വകാര്യ കിണർ പഞ്ചായത്തിനു വിട്ടു കൊടുക്കാൻ തയ്യാറാണ് ആയത് പ്രയോജനപ്പെടുത്തിയാൽ അവർക്ക് ആശ്വാസമാകും. ഇത് 4-ാം വാർഡിൽ ഉൾപ്പെ ടുന്ന കുറച്ചു കുടുംബങ്ങൾക്കും ഉപയോഗിക്കാൻ കഴിയും.

**പഞ്ചായത്തുതല പുതിയ പദ്ധതികൾ**

1. തെക്കുംകര പുഴയുടെ സമീപത്ത് ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്യുകയാണെങ്കിൽ ഈ പ്രദേശത്തെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകും. കാപ്പുകാട് ഭാഗത്തേക്കു കൂടി ഇത് ഉപയോഗിക്കാം.

2. 11-ാം വാർഡിലുള്ള തോട്ടത്തിൽ കുന്നിലെ ചമ്പക്കുളം പുനരുദ്ധരിച്ച് തോട്ടത്തിൽ കുന്നിൽ ഒരു ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തിയാൽ 7,11,8,5,2 എന്നീ വാർഡുകളിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിലെ ജലക്ഷാമത്തിന് പരിഹാരമാകും.

3. 5-ാം വാർഡിലുള്ള അരക്കുളത്തിൽ നിന്ന് ജലം ശേഖരിച്ച് മുത്തംപാറക്കാട്ടിൽ നിർമ്മിക്കുന്ന ടാങ്കിലൂടെ ജല വിതരണം നടത്തിയാൽ കൂട്ടുപാത, 9-ാം മൈൽ, കൂട്ടുപാത ലക്ഷം വീടു കോളനി, നായമ്പാടം, പുന്ന എന്നീ പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാകും. ജനങ്ങൾക്ക് ഏറെ സാദ്ധ്യത കൽപ്പിക്കപ്പെട്ട ഒരു പദ്ധതി യാണിത്.

4. മുണ്ടകളത്ത് ഒരു ടാങ്ക് നിർമ്മിച്ച് ഏഴക്കാട് ചമ്പക്കുളത്തിൽ നിന്നും ജലം ശേഖരിച്ച് വിതരണം ചെയ്താൽ 10,9,3 വാർഡുകളിലെ ക്ഷാമം പരിഹരിക്കാം. അടുത്ത കോങ്ങാട് പഞ്ചായത്തിലെ ചില പ്രദേശങ്ങൾക്കു കൂടി ഇതിന്റെ സൗകര്യം ലഭിക്കും.

5. 3-ാം വാർഡിലെ പൂതനൂർ ആറാട്ടുകുളത്ത ഒരു മിനി വാട്ടർ സപ്ലൈ ഏർപ്പെടുത്തിയാൽ 3,5,9,10 എന്നീ വാർഡിലെ ജനങ്ങളുടെ ജലക്ഷാമത്തിനു പരിഹാരമാകും.

6. 4-ാം വാർഡിൽ കണക്കുപറമ്പിലെ നിലവിലുള്ള ബോർവെൽ ശരിയാക്കി, ഇപ്പോഴുള്ള ടാങ്കിലേക്ക് ജലം പമ്പു ചെയ്യാവുന്നതാണ്. ഈ പദ്ധതിയിലുള്ള മീനംങ്ങാട്, വാലിപ്പറമ്പ് എന്നീ പ്രദേശങ്ങളിലെ നാട്ടുകാർക്ക് ജലം ലഭ്യമാകും.

നിലവിലുള്ള പദ്ധതി (K.W.A.)ക്ക് ഉപയോഗിക്കുന്ന കിണർ വൃത്തിയാക്കേണ്ടിയിരിക്കുന്നു. മാത്രമല്ല പൈപ്പു ലൈനുകൾ യഥാകാലം അറ്റകുറ്റപണികൾ നടത്തിയാൽ, ലൈനിലൂടെയുള്ള ജലവിതരണം കാര്യക്ഷമമാകും. ഉപയോഗശൂന്യമായി കിടക്കുന്ന പൊതു കിണറുകൾ നന്നാക്കിയെടുക്കാൻ ശ്രദ്ധിച്ചാൽ ഒട്ടേറെ ജനങ്ങൾക്ക് ഗുണപ്രദമാകും.

## പൊതുജനാരോഗ്യം

ഒരു പ്രൈമി ഹെൽത്ത് സെന്ററും, 4 സബ്ബ്സെന്ററുകളും, ഒരു ആയുർവ്വേദ ഡിസ്പെൻസറിയും അടങ്ങുന്നതാണ് ഈ പഞ്ചായത്തിലെ സർക്കാർ മേഖലയിലുള്ള പൊതുജനാരോഗ്യ സംവിധാനം.

പ്രൈമറി ഹെൽത്ത് സെന്റർ 6-ാം വാർഡിലും എഴക്കാട്, പൂതനൂർ, ഒടുവങ്ങാട്, വേലിക്കാട് എന്നീ സ്ഥലങ്ങളിൽ സബ്ബ് സെന്ററുകളും, 4-ാം വാർഡി[illegible] ആയുർവ്വേദ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു. കൂടാതെ 9-ാം മൈലിൽ ഒരു I.P.P സെന്ററും ഉൾപ്പെടുന്നു. പക്ഷേ ഇത് പ്രവർത്തനരഹിതമാണ്.

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും, സബ്ബ് സെന്ററുകളിലുമായി 17 ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നു. പക്ഷേ ഇവിടെ സ്ഥിരമായി ഒരു ഡോക്ടറില്ലെന്ന വസ്തുത ഗ്രാമീണരെ അസ്വസ്ഥരാക്കുന്നു.

മെഡിക്കൽ ഓഫീസർ ഉൾപ്പെടെ 4 പേർ ജോലി ചെയ്യുന്ന ഗവ: ആയുർവ്വേദ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടമില്ലെ കാര്യം നാം ഒരിക്കലും വിസ്മരിച്ചു കൂടാ. മറ്റ് ആരോഗ്യ കേന്ദ്രങ്ങളെല്ലാം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

പൊതുജനാരോഗ്യ നിലവാരത്തിന്റെ ഏറ്റവും നല്ല അളവുകോലാണ് ശിശു മരണ നിരക്ക്. നമ്മുടെ പഞ്ചായത്തിലെ നിരക്ക് ഒന്നു പരിശോധിക്കാം

| | പഞ്ചായത്തു നിരക്ക് | സംസ്ഥാന നിരക്ക് |
|---|---|---|
| ശിശുമരണനിരക്ക് | 10 | 16 |
| പൊതുമരണ നിരക്ക് | 5 | 5.9 |
| ജനന നിരക്ക് | 14.45 | 17 |
| മാതൃമരണ നിരക്ക് | – | ഒന്നിൽ താഴെ |

(നിരക്ക് ആയിരത്തിൽ)

അവലംബം : ദ്വിതീയ സ്ഥിതി വിവര കണക്ക്

ആരോഗ്യകാര്യങ്ങളിൽ ജനങ്ങൾ നന്നായി ശ്രദ്ധിക്കുന്നതായി പട്ടികയിൽ നിന്നും വ്യക്തമാകുന്നു. പ്രത്യേകിച്ചും ജനനനിയന്ത്രണകാര്യത്തിൽ ഇത് സംസ്ഥാന ശരാശരിയേക്കാൾ കുറവാണല്ലോ.

കുട്ടികളിൽ കുറെ പേർക്ക് വിളർച്ച രോഗം കണ്ടുവരുന്നു.പക്ഷേ മുതിർന്നവരിൽ കൂടുതലായും വാതം, ക്ഷയം,ത്വക്ക് രോഗം എന്നിവയാണ്

കണ്ടുവരുന്നത്. ചില കാലങ്ങളിൽ വയറിളക്കം, ചൊറി, ചെങ്കണ്ണ് തുടങ്ങിയ പകർച്ച വ്യാധികളും കണ്ടു വരുന്നു.

| വർഷം | ത്വക് രോഗം | വാത രോഗം | മറ്റു പകർച്ച വ്യാധികൾ |
|---|---|---|---|
| 92–93 | 94 | 1650 | 529 |
| 93–94 | 108 | 1704 | 474 |
| 94–95 | 112 | 1891 | 373 |
| 95–96 | 86 | 1566 | 471 |

അവലംബം : ദ്വിതീയ സ്ഥിതി വിവര കണക്ക്

ഈ പകർച്ച വ്യാധികളിൽ കൂടുതലും ജല ജന്യ രോഗങ്ങളാണെന്ന് കണക്കുകൾ കാണിക്കുന്നത്.

| വർഷം | ജല ജന്യം | വായു ജന്യം | പ്രാണി ജന്യം |
|---|---|---|---|
| 93–94 | 360 | 98 | – |
| 94–95 | 353 | 71 | – |
| 95–96 | 269 | 63 | 2 |

കുടുംബക്ഷേമ പ്രവർത്തകർ യഥാസമയം ഗൃഹ സന്ദർശനം നടത്തുകയും കിണറുകളിലും റോഡരികിലുള്ള ഓടകളിലും ക്ലോറിനേഷൻ നടത്തുകയും ചെയ്യുന്നത് പകർച്ച വ്യാധികൾ പടരുന്നത് തടയാൻ ഒരു പരിധി വരെ സഹായിക്കുന്നു.

ഗ്രാമീണരിൽ ഭൂരിപക്ഷവും ചികിത്സക്കായി ആയുർവ്വേദത്തെ ആശ്രയിക്കുന്നു. അതിനൊരു പ്രധാന കാരണം ഹെൽത്ത് സെന്ററിലെ പ്രവർത്തനം കാര്യക്ഷമമല്ലെന്നതാണ്. ആയുർവ്വേദ രംഗത്ത് പാരമ്പര്യ വൈദ്യന്മാരുടെ ചികിത്സാ രീതികൾ പഞ്ചായത്തിൽ ഇന്നും നിലനിൽക്കുന്നു. കയറംകോടത്തുള്ള രാമകൃഷ്ണ വൈദ്യരുടെ വൈദ്യശാല, മുണ്ടൂർ മുണ്ടേക്കോട് കണ്ടു വൈദ്യരുടെ കുടുംബക്കാർ നടത്തുന്ന വൈദ്യശാല എന്നിവയാണ് അവ. സ്വകാര്യ മേഖലയിൽ ആരോഗ്യ രംഗത്ത് നിലനിൽക്കുന്ന ഏക സ്ഥാപനമാണ് പൊരിയാനിയിലെ കൃസ്ത്യൻ മിഷനറീസ് നടത്തുന്ന സെന്റ് ജോസഫ്സ് ആശുപത്രി.

**ചികിത്സാ രീതി – ഒരെത്തിനോട്ടം**

| വർഷം | അലോപ്പതി | ആയുർവ്വേദം |
|---|---|---|
| 92–93 | 8653 | 15,510 |
| 93–94 | 9212 | 16,510 |
| 94–95 | 7918 | 18,853 |
| 95–96 | 8006 | 18,784 |

അവലംബം : ദ്വിതീയ സ്ഥിതി വിവര കണക്ക്

**പ്രശ്നങ്ങൾ**

1. പ്രൈമറി ഹെൽത്ത് സെന്ററിലും, സബ്ബ് സെന്ററുകളിലും സ്ഥിരമായി ഡോക്ടറോ, ആവശ്യത്തിന് പാരാമെഡിക്കൽ സ്റ്റാഫോ ഇല്ല.

2. ഗവ: ആയുർവ്വേദ ഡിസ്പെൻസറിക്ക് സ്വന്തമായി ഒരു കെട്ടിടമില്ല.

3. പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി ആവശ്യമാണ്.

4. കുടംബക്ഷേമ പ്രവർത്തകർ യഥാസമയം

ഗൃഹസന്ദർശനവും, സ്ക്കൂൾ സന്ദർശനവും നടത്തുന്നില്ല.

5. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ വേണ്ടവിധം ലഭികുന്നില്ല.

**കൂടുതൽ നിർദ്ദേശങ്ങൾ**

1. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ സ്ഥിരമായ ഒരു ഡോക്ടറെയും ആവശ്യമായ സ്റ്റാഫിനേയും നിയമിച്ചാൽ പഞ്ചായത്തിലെ ആളുകൾക്ക് ചികിത്സക്കായി 15 കി.മീ. ദൂരം യാത്ര ചെയ്യേണ്ടി വരില്ല. മാത്രമല്ല രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാകുന്നുണ്ട് എന്ന് ബോധ്യപ്പെടുകയും വേണം.

2. ആയുർവേദ ഡിസ്പെൻസറി സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുകയും, നേത്രം, ത്വക്ക്, വിഷചികിത്സ, പഞ്ചകർമ്മം എന്നീ ചികിത്സാ രീതികൾ ഏർപ്പെടുത്തുകയും ചെയ്യാവുന്ന താണ്.

3. 5-ാം വാർഡിൽ പ്രവർത്തനരഹിതമായ IPP സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സംവിധാനം ഒരുക്കിയാൽ പാവപ്പെട്ടവരായ ഗ്രാമീണർക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാതിരിക്കാം.

4. വാർഡടിസ്ഥാനത്തിൽ ഓരോ സബ്ബ് സെന്ററുകൾ ആരംഭിച്ചാൽ അഭികാമ്യമായി.

5. ഒരു ഹോമിയോ ഡിസ്പെൻസറിയുടെ അഭാവം ഈ ചികിത്സാ രീതി ആശ്രയിക്കുന്ന ആളുകൾക്ക് പട്ടണങ്ങളെ ലക്ഷ്യമാക്കി യാത്ര ചെയ്യേണ്ടി വരുന്നു. ഗ്രാമീണരുടെ ഒരു പ്രധാന ആവശ്യവും ഈ ചികിത്സാ സൗകര്യം ഇവിടെ ഏർപ്പെടുത്തണമെന്നു തന്നെയാണ്.

6. ജനപങ്കാളിത്തത്തോടു കൂടി ഒരു ഔഷധത്തോട്ടം വച്ചു പിടിപ്പിക്കുവാൻ മലയോര ഗ്രാമമായ ഇവിടെ സാഹചര്യങ്ങൾ കാണുന്നു.

7. പ്രതിരോധ ചികിത്സ വ്യാപകവും ഫലപ്രദവുമാക്കണം.

**പരിസര ശുചിത്വം**

നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 80 ശതമാനം കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസുകൾ ഇല്ല. സമ്പത്തിക പരിമിതിയാണ് അതിനു കാരണമായി ചൂണ്ടികാണിക്കുന്നത് ചുരുക്കം ചിലർക്ക് അതിന്റെ ആവശ്യകതയെ കുറിച്ചുള്ള അജ്ഞതയും. ജനങ്ങൾ പ്രധാന മായും കൃത്യനിർവഹണത്തിന് റോഡുകളെ ആശ്രയിക്കുന്നു. ഇത് ശുചിത്വത്തെ ബാധി ക്കുന്നു. അതു വഴി ആരോഗ്യത്തെയും.

അറവു ശാലകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന മലിനീകരണവും ഇവിടെ ഉണ്ട്. ഈ പഞ്ചായത്തിൽ നാല് മാംസവിൽപനശാല കളാണ് ഉള്ളത്.

റോഡരികിൽ ഖരമാലിന്യങ്ങൾ അലക്ഷ്യ മായി നിക്ഷേപിക്കുന്നതു മൂലം പരിസരമലിനീ കരണത്തിന് സാദ്ധ്യതകൾ ഏറുന്നു. ഖരമാലി ന്യങ്ങൾ ശ്രദ്ധാപൂർവ്വം നീക്കം ചെയ്യുന്ന കുടുബങ്ങൾ 40 ശതമാനത്തോളം മാത്രമാണ്.

പഞ്ചായത്തു റോഡുകളിൽ ഡ്രൈനേജിന്റെ അഭാവം മൂലം വെള്ളം കെട്ടിനിൽക്കുകയും രോഗാണുക്കൾ പെരുകുകയും ചെയ്യുന്നത് വരും കാലങ്ങളിൽ നമ്മുടെ ആരോഗ്യ രംഗത്തെ ബാധിച്ചേക്കാം.

പഞ്ചായത്തിലെ രണ്ടാം വാർഡിൽ വേലിക്കാട് പാലത്തിന് താഴെയുള്ള പുഴയിൽ വാഹനങ്ങൾ ഇറക്കി കഴുകുന്നതു മൂലം ഉണ്ടാകുന്ന ജലമലിനീകരണം കൂടുതലാണ്. ഇത് തടയേണ്ടത് ഗ്രാമവാസികളുടെ ഒരാവശ്യമാണ്. ഏതാണ്ട് 30 ശതമാനം വീടുകളിലും മലിന ജലം കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഒന്നുമില്ല. അത് അലക്ഷ്യമായി ഒഴുക്കി വിടുകയാണ് ചെയ്യുന്നത്.

വഴുക്കപ്പാറയിലും, വാലിപ്പറമ്പിലുമാണ് ശ്മശാനങ്ങൾ ഉള്ളത്. അവ് കുറേ കൂടി ഗുണകരമാക്കണം.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിന്റെ സിരാകേന്ദ്രമായ മൂണ്ടൂർ ജംഗ്ഷനിൽ മൂത്രപ്പുരയോ പൊതുകക്കൂസോ ഇല്ല.
2. മിക്ക വീടുകൾക്കും സ്വന്തമായി കക്കൂസുകൾ ഇല്ലാത്തത് പരസര ശുചിത്വത്തെ ബാധിക്കുന്നു.
3. പ്രധാന നിരത്തുകളിലും, കടകളുടെ മുന്നിലും ഖരമാലിന്യങ്ങൾ ശേഖരിക്കുവാൻ സംവിധാനമില്ല.
4. റോഡരികിൽ ഡ്രൈനേജിന്റെ അഭാവം മൂലം മലിനീകരണം ഉണ്ടാവുന്നു.
5. കൊതുക്, ഈച്ച നിവാരണ പരിപാടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

**സാദ്ധ്യതകൾ**

1. പഞ്ചായത്തിന്റെയും, സഹകരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ കക്കൂസുകൾ ഇല്ലാത്ത കുടുംബങ്ങൾക്ക് ചുരുങ്ങിയ ചിലവിൽ നിർമ്മിക്കാം. ഗുണഭോക്താവിൽ നിന്ന് ഒരു ചെറിയ തുക ഈടാക്കുകയും ചെയ്യാം.
2. പൊതു നിരത്തുകളിൽ നിന്നും, കടകളിൽ നിന്നും " വീപ്പകളിലൂടെ" ഖരമാലിന്യങ്ങൾ ശേഖരിക്കുകയും അതിനെ " കമ്പോസ്റ്റ് വളമാക്കി" മാറ്റാനുള്ള പദ്ധതികൾ നടപ്പിലാക്കിയാൽ കർഷകർക്ക് അത് പ്രയോജനപ്പെടുത്താം
3. ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാർ പൊതു നിരത്തുകളിലുള്ള ഓടകളിൽ ബ്ലീച്ചിങ്ങ് പൗഡർ ഇട്ടാൽ കൊതുക്, ഈച്ച എന്നിവയുടെ പെരുപ്പത്തെ നിയന്ത്രിക്കാം.
4. പൊതുജനങ്ങൾ കുളിക്കാൻ ഉപയോഗിക്കുന്ന കുളങ്ങൾ കാലാകാലങ്ങളിൽ ശുചിയാക്കാൻ കൂടുതൽ ശ്രദ്ധ ചെലുത്തണം.
5. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ജനങ്ങളെ ബോധവൽക്കരിക്കാൻ ഫിലിം ഷോ, ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

വികസന രേഖ

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

# 4.E

# വ്യവസായം

ജില്ലാ ആസ്ഥാനത്തുനിന്ന് 13 കി.മീ. മാത്രം അകലെയുള്ള സ്ഥലമാണെങ്കിലും വ്യാവസായികമായി ഏറെ പിന്നിലാണ് മുണ്ടൂർ ഗ്രാമ പഞ്ചായത്ത്. ഈ ഗ്രാമപഞ്ചായത്തിൽ കുടിൽ വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും ഉണ്ടെങ്കിലും വ്യാവസായിക മുന്നേറ്റത്തിന് തീരെ ആഭിമുഖ്യമില്ലാതായി തീരുവാൻ കാരണങ്ങൾ വളരെ ഏറെയുണ്ട്. വിവിധ പ്രദേശങ്ങളിൽ ഈ ഗ്രാമപഞ്ചായത്തിൽ നടന്നു വരുന്ന പരമ്പരാഗത വ്യവസായങ്ങൾ താഴെ പറയുന്നു.

**കുടിൽ വ്യവസായങ്ങൾ (പരമ്പരാഗതം)**

1. പപ്പട നിർമ്മാണം
2. മുള ഉപയോഗിച്ച് കുട്ട,പരമ്പ് തുടങ്ങിയവയുടെ നിർമ്മാണം.
3. കൈത,തെങ്ങ് എന്നിവയുടെ ഓല ഉപയോഗിച്ചുള്ള പായ നിർമ്മാണം.
4. ഓട്ടു പാത്ര നിർമ്മാണം
5. മരപ്പണി, ഇരുമ്പുപണി, സ്വർണ്ണ പണി

ഈ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ ഒരു സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനം കുട്ട, പരമ്പ് എന്നിവ നിർമ്മിച്ച് വിൽപ്പന നടത്തുന്നുണ്ട്.

ആധുനിക വ്യവസായങ്ങൾ (ചെറുകിട) വാർഡ് തിരിച്ച്

1. 1-ാം വാർഡിൽ ഒരു മിനി റൈസ് മിൽ, ഒരു ഫെനോയിൽ (Phenyl) ഉൽപ്പാദന യൂണിറ്റ് ഉണ്ട്.
2. 2-ാം വാർഡിൽ ഒരു സോമിൽ, ഒരു കരിങ്കൽ ക്വാറി, ഒരു ഫ്ളോർ മിൽ എന്നിവ
3. 3—ാം വാർഡിൽ 3 റൈസ് മിൽ (കുലി അരവ്) ഒരു കിടക്ക നിർമ്മാണ യൂണിറ്റ് എന്നിവ

4. 4–ാം വാർഡിൽ 2 പ്രിന്റിംഗ് പ്രസ്സ്, 2 പി.വി.സി. പൈപ്പ് നിർമ്മാണ കമ്പനികൾ, ഒരു ടയർ വൾക്കനൈസിങ്ങ് കമ്പനി, 4 മോട്ടോർ വാഹന വർക്ക് ഷോപ്പുകൾ ഒരു റൈസ് മിൽ ഒരു സോമിൽ രണ്ടു ഫ്ളോർ മിൽ രണ്ടു വെൽഡിങ്ങ് കമ്പനികൾ ഒരു അച്ചാർ കമ്പനി, രണ്ടു വനിത തുന്നൽ പരിശീലന കേന്ദ്രങ്ങൾ, ഒരു കരിങ്കൽ ക്വാറി എന്നിവയുണ്ട്. പാലക്കാട് – കോഴിക്കോട് സ്റ്റേറ്റ് ഹൈവേയുടെ സാന്നിദ്ധ്യം ഈ വാർഡിന് മേൽ പറഞ്ഞ വ്യവസായങ്ങളുടെ നില നിൽപ്പിന് കാരണമാക്കുന്നു.

5. 5–ാം വാർഡിൽ ഒരു മിനി റൈസ് മിൽ, ഒരു പ്ലൈവുഡ് കമ്പനി, ഒരു പട്ടിക ആണി ഉൽപ്പാദന കേന്ദ്രം എന്നിവ.

6. ഒരു പെയിന്റ് കമ്പനി, ഒരു സോമിൽ, ഒരു റൈസ് മിൽ, ഒരു വനവിഭവ സംഭരണ കേന്ദ്രം എന്നിവ.

7. 7–ാം വാർഡിൽ ഒരുു മിനി റൈസ് മിൽ.

8. 8–ാം വാർഡിൽ ഒരു റൈസ് മിൽ, ഒരു വുഡൻ പാക്കേജ് കമ്പനി, ഒരു മിനി റൈസ് മിൽ എന്നിവ.

9. 9–ാം വാർഡിൽ ഒരു റൈസ് മിൽ, ഒരു ഇർച്ചമിൽ,ഒരു മിനി റൈസ് & ഫ്ളോർ മിൽ എന്നിവ.

10. 10–ാം വാർഡിൽ ഒരു സോമിൽ, 4 റൈസ് & ഫ്ളോർ മിൽ, ഒരു സ്റ്റീൽ ഫർണിച്ചർ കമ്പനി, ഒരു അവിൽ ഇടിക്കുന്ന കമ്പനി, 1 കരിങ്കൽ ക്വാറി, ഒരു ഗെയിറ്റ് & ഗ്രിൽസ് കമ്പനി എന്നിവ.

11. 11–ാം വാർഡിൽ ഒരു ഓയിൽ മിൽ, ഒരു മിനി റൈസ് & ഫ്ളോർ മിൽ, ഒരു റൈസ് മിൽ എന്നിവ.

10–ാം വാർഡിലെ ഒരു ബാംബു സൊസൈറ്റി ഒഴികെ എല്ലാം സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഇവയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നവ എന്നു പറയാവുന്നത് താഴെ പറയുന്നവയാണ്.

1. ഷാരോൺ പ്ലാസ്റ്റ് – PVC പൈപ്പ്
2. ദുർഗ്ഗാ പ്ലാസ്റ്റ് – ”
3. ഗായത്രി കെമിക്കൽസ് – പെയിന്റ്
4. അരുണഗിരി ഫുഡ് പ്രോഡക്ടസ് – അച്ചാർ
5. മോഡേൺ ബോഡി ബിൽഡേഴ്സ്
6. സതീഷ് ഫർണീച്ചർ വർക്സ്
7. രാജധാനി പാക്കേജ് ഇൻഡസ്ട്രീസ്
8. അക്ബർ സോമിൽ
9. ശ്രീകൃഷ്ണാ ഇൻഡസ്ട്രീസ്

ഈ ഗ്രാമപഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം ദ്രുതഗതിയില ല്ലെങ്കിലും വർദ്ധിച്ചു വരുന്നു എന്നത് ആശാവഹ മായ ഒരു സംഗതിയാണ്. കാർഷിക മേഖലയായ തിനാൽ ആ മേഖലയുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്കാണ് മുൻതൂക്കം. പരമ്പരാഗത വ്യവസായ മേഖലകളിൽ ആധുനികവൽക്ക രണം തീരെ നടപ്പിലാക്കിയിട്ടില്ല എന്നു പറയാം. വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം തീരെ പരിമിതമാണ്. വ്യവസായ മേഖലയിൽ വേതന നിരക്കുകൾ താരതമ്യേന മെച്ചമാണെങ്കിലും സ്ത്രീകളുടെ പങ്ക് വർദ്ധിച്ചു വരുന്നതായി കാണുന്നില്ല.

കാർഷിക മേഖലയിലും തടി വ്യവസായ മേഖലയിലും ഒഴികെ മറ്റെല്ലാ മേഖലയിലും

അസംസ്കൃത വസ്തുക്കളുടെ വരവ് പുറമെ നിന്നാണ്.

റബ്ബർ, നാളികേരം, നാളികേരഉൽപ്പന്നങ്ങൾ എന്നിവ ഈ ഗ്രാമപഞ്ചായത്തിൽ ലഭ്യമാണെങ്കിലും ഇവ വേണ്ടത്ര ഉപയോഗിക്കപ്പെടുന്നില്ല. പഞ്ചായത്തിനകത്ത് വിപണന സാദ്ധ്യത മേൽ പറഞ്ഞ വ്യാവസായിക ഉൽപ്പന്നങ്ങൾക്ക് വളരെ കുറവാണ്. പുതിയ വ്യവസായിക സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സഹായങ്ങളെ കുറിച്ചുള്ള ബോധ്യ കുറവാണ് ഈ മേഖലയിലെ പ്രധാന പ്രശ്നം.

## സാദ്ധ്യതകൾ

1. വ്യവസായങ്ങൾക്കു വേണ്ട സ്ഥലസൗകര്യങ്ങൾ ഈ ഗ്രാമപഞ്ചായത്തിൽ ലഭ്യമാണ്.
2. വൈദ്യുതി ലഭ്യതയുണ്ട്.
3. ലൈസൻസിംഗ് സമ്പ്രദായം ഒട്ടും സങ്കീർണ്ണമല്ല.
4. വ്യവസായ സബ്സിഡികൾ ലഭ്യമാണ്.
5. മലിനീകരണപ്രശ്നങ്ങൾ ഇപ്പോൾ ഇല്ല.
6. വിദ്ഗദ്ധ തൊഴിലാളികൾ ലഭ്യമാണ്.
7. എല്ലാ മേഖലയിലും സഹകരണ സ്ഥാപനങ്ങൾക്കുള്ള സാദ്ധ്യത.
8. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത.

## നിർദ്ദേശങ്ങൾ

1. വ്യവസായ എസ്റ്റേറ്റുകൾക്ക് സ്ഥലം കണ്ടെത്തി സ്ഥാപിക്കുക.
2. പരമ്പരാഗത വ്യവസായങ്ങൾ ആധുനികവൽക്കരിക്കുകയും സഹകരണാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തുകയും ചെയ്യുക. മൺപാത്രനിർമ്മാണം, ഓട്ടു പാത്ര നിർമ്മാണം എന്നിവ ഇത്തരം സംരം ഭങ്ങൾ തുടങ്ങാൻ സാധ്യതയുള്ള മേഖല കളാണ്.
3. സംരംഭകത്വപരിശീലനം, വിദഗ്ധതൊഴിലാളികളെ സംഘടിപ്പിച്ച് നടപ്പിൽ വരുത്തുക.
4. അച്ചാർ,വറ്റലുകൾ,റെഡിമെയ്ഡ് തുണിത്തരങ്ങൾ മുതലായവയിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
5. ഗൾഫ് കുടിയേറ്റക്കാർക്ക് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ സെമിനാറുകൾ സംഘടിപ്പിക്കുക.
6. റബ്ബർ, അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുക.
7. ജനറൽ എഞ്ചിനീയറിംഗ് വർക്ഷോപ്പുകൾ തുടങ്ങുന്നതിനു സഹായം നൽകുക.
8. മോഡേൺ റൈസ് മില്ലുകളെ കുറിച്ച് ബോധവൽക്കരണം നടത്തുക.

വികസന രേഖ

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

# 4.F

# ഗതാഗതവും ഊർജ്ജവും

## ഗതാഗതം

മുണ്ടൂർ പഞ്ചായത്തിലെ ഏക ഗതാഗത മാർഗ്ഗം റോഡാണ്. പാലക്കാട് കോഴിക്കോട് റോഡും, മുണ്ടൂർ ചെർപ്പുളശ്ശേരി റോഡുമാണ് പഞ്ചായത്തിലൂടെ കടന്നു പോകുന്ന പ്രധാന പാതകൾ. ഗ്രാമാന്തരങ്ങളിൽ നിന്നും വരുന്ന പഞ്ചായത്ത് റോഡുകൾ ഈ പ്രധാന പാതകളിൽ എത്തുന്നു. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് റോഡുകൾ ഉണ്ട്.

ആകെ 70.456 കി.മി റോഡാണ് പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഉള്ളത്. അതിൽ 18.400 കി.മി. റോഡ് പൊതുമരാമത്തു വകുപ്പിൻ കീഴിലുള്ള ടാർ റോഡാണ് പഞ്ചായത്ത് വക ടാർ ചെയ്ത് ഏക റോഡാണ്. പഞ്ചായത്ത് വക ടാർ ചെയ്ത് ഏക റോഡ് ഒമ്പതാം മൈൽ - പൂതനൂർ പൂതക്കോട് റോഡാണ്. ഇത് 3.600 കി.മി. നീളം വരും. ബാക്കി 58.00 കി.മി. നീളം മെറ്റൽ ചെയ്തതോ ചരൽ റോഡോ ആണ്. ഇവയിൽ മിക്കതും നിർമ്മാണ പ്രവർത്തനത്തിനു ശേഷം അറ്റകുറ്റപണികൾ നടത്താത്ത അവസ്ഥയിലാണ്. മിക്കവാറും റോഡുകൾക്ക് ഓവുചാലുകളില്ലാത്തതും അരികിലൂടെ വെള്ളം ഒഴുകി പോകുവാൻ സൌകര്യം ഇല്ലാത്തതും റോഡുകളുടെ തകർച്ചക്കു കാരണമാകുന്നു.

ഏറ്റവും അവസാനമായി പഞ്ചായത്ത് നേതൃത്വത്തിൽ JRY പദ്ധതി വഴി റോഡിനു വേണ്ടി ചെലവഴിച്ച തുകയെ കുറിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

(പട്ടിക അടുത്ത പേജിൽ)

പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റ പണികൾക്കായും നടപ്പാലം നിർമ്മിച്ച വകയിലുമായി സമീപ വർഷത്തിൽ 30124 രൂപ ചെലവാക്കിയിട്ടുണ്ട്. വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നന്നാക്കേണ്ട 32.740

## എറ്റെടുത്ത JRY പണിയെ സംബന്ധിച്ച വിവരങ്ങൾ 1995 – 96

| പണിയുടെ വിവരം | എസ്റ്റിമേറ്റ് രൂപ | ചെലവായ തുക | ഉദ്ദേശിച്ച പണി പൂർത്തിയാക്കിയോ ഇല്ലയോ |
|---|---|---|---|
| പുതനൂർ റോഡ് വികസിപ്പിക്കൽ | 1,00,000 | 20,000 | പൂർത്തിയായിട്ടില്ല |
| നാമ്പുള്ളിപുര റോഡ് | 85,000 | 68,000 | " |
| കീഴ്പാടം റോഡ് (പാടം വരെ മെറ്റലിങ്ങ്) | 85,000 | 81,712 | പൂർത്തിയായി |
| വാകശ്ശേരി റോഡ് | 65,500 | 52,500 | " |
| കോൽപ്പാടം റോഡ് | 45,000 | 44,570 | " |

കി.മി. റോഡും വെഹിക്കിൾ ടാക്സ് കോംപൻസേഷൻ ഗ്രാന്റ് ഉപയോഗിച്ച് നന്നാക്കേണ്ട 13.516 കി.മി. റോഡും പഞ്ചായത്തിൽ ഉണ്ട്. പ്രസ്തുത ഗ്രാന്റുകൾ അതാതുസമയങ്ങളിൽ പഞ്ചായത്തിനു അനുവദിച്ചാൽ മാത്രമെ റോഡുകളുടെ ശോചനീയാവസ്ഥക്ക് പരിഹരിമാവുകയുള്ളു. ഇതിൽ തന്നെ ചില റോഡുകൾ പ്രദേശ നിവാസികൾ സ്വയം ഏറ്റെടുത്ത് ചെയ്യാൻ സന്നദ്ധമായിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. ഭൂരിഭാഗം പഞ്ചായത്തു റോഡുകൾക്കും ഓടയില്ല.

2. ചുങ്കം, കല്ലിപ്പാറ, വഴുക്കപ്പാറ, ITC മുണ്ടൂർ,കാഞ്ഞിക്കുളം MLA റോഡ്, ലേബർ സ്ക്കൂൾ ബംഗ്ലാവുകുന്ന്, എന്നീ ബസ്സ് സ്റ്റോപ്പുകളിൽ വെയിറ്റിങ്ങ് ഷെഡ്ഡുകൾ ഇല്ല.

3. വീതി കുറവായ റോഡുകൾ വാഹനഗതാഗതം തടസ്സപ്പെടുത്തുന്നു.

4. വേലിക്കാട് സ്ക്കൂളിനു മുമ്പിലൂടെ പോകുന്ന റോഡിൽ ചൂലിപ്പുറം തോട്ടിൽ പാലമില്ല.

5. താഴെ എഴുതിയിട്ടുള്ള റോഡുകളിൽ അറ്റകുറ്റപണി വേണ്ടത്ര നടന്നിട്ടില്ല.

1. തെക്കുംക്കര – കോൽപ്പാടം
2. കോൽപ്പാടം – അമ്പാഴകുണ്ട്
3. അമ്പലവട്ടം – പ്ലാച്ചിക്കാട്
4. കോട്ടപ്പള്ളി ഹരിജൻകോളനി
5. മമ്പള്ളികുന്ന് ഹരിജൻകോളനി
6. കാട്ടുകുളം
7. MLA റോഡ് – പുഴമ്പള്ള(വാർഡ് 2)
8. ചമ്പലകുന്ന് – വേലിക്കാട്
9. ഒമ്പതാം മൈൽ – പൂതംകോട്
10. ലേബർ സ്ക്കൂൾ – ചടയൻകുന്ന്
11. ചന്ത്രത്തിൽകുണ്ട് തെക്കേക്കര കോളനി
12. തെക്കേക്കളം – ചുണ്ടയിൽ റോഡ്
13. തെക്കുമുറി ആലുംചോട് – കിഴക്കുംപുറം
14. പടിഞ്ഞാറെമുട്ടി – ആശാരിത്തറ
15. നെളികൻ പറമ്പ് ഹരിജൻകോളനി
16. ITC – വടക്കുമ്പുറം
17. മൈലംപുള്ളി – കാട്ടുകുളം
18. വിക്രമുണ്ടേശ്വരം ക്ഷേത്രം – കൂട്ടുപാത
19. ചെട്ടിപ്പാളയം റോഡ്
20. ചക്കാംകുളം – മുതുകാട്
21. മോഴികുന്നം – ആലിങ്കൽ

22. മോഴികുന്നം – കണ്ണാടംചോല
23. ചേലപ്പാറ – കാപ്പ്കാട്
24. മണ്ണുക്കാട് – കാഞ്ഞിക്കുളം സ്ക്കൂൾ
25. വാകശ്ശേരി – അത്തിപ്പാടം കോളനി
26. ചേലപ്പാറത്തറ റോഡ്
27. ഇരുവിളങ്കാട് കോളനി
28. കിഴക്കേക്കര – കുട്ടൻകാട്
29. ആലംകാട് – കാരക്കാട്
30. പള്ളിപ്പറമ്പ് – ഒമ്പതാംമൈൽ റോഡ്
31. മുണ്ടൂർ പോസ്റ്റോഫീസ് – കൂളൻകുന്ന് റോഡ്
32. മഠത്തിൽൽപ്പടി റോഡ് – പള്ളിയിലേക്ക്
33. തലപ്പൊറ്റ – നെട്ടമൂച്ചി
34. മുത്തൻപ്പാറ – തെക്കുംപുറം വഴി പൊട്ടൻ ചിറ
35. ലക്ഷം വീട് – കിഴക്കര – തെക്കുംപുറം
36. കീഴ്പ്പാടം – തലപൊറ്റ
37. കണ്ടം പിഷാരം – കുമ്മംകോട്
38. പൊരിയാനി – കൈയ്യറ
39. നരകശ്ശേരി – എഴക്കാട് പോസ്റ്റോഫീസ്
40. വടക്കേകര റോഡ്
41. തെക്കുമുറി – കതിരുപൊറ്റ (10 വാർഡ്)
42. കപ്ലിപ്പാറ – കണ്ടംപിഷാരം
43. ഒറ്റതേക്ക് – കുമ്മംകോട്
44. മീനംങ്ങാട് – നൊച്ചിപുള്ളി
45. ഒറ്റതേക്ക് – ചുക്കിനി
46. ചളിർക്കാട് ലക്ഷം വീട്
47. ചളിർക്കാട് – എരണിപ്പാടം – മണലിപൊറ്റ

6. താഴെ എഴുതിയിട്ടുള്ള പ്രദേശങ്ങളിലേക്ക് ഗതാഗത യോഗ്യമായ റോഡുകളില്ല.
   1. വടക്കേക്കര
   2. അഴിയമ്പാടം
   3. പുലിക്കുന്ന്
   4. പഞ്ഞമല
   5. മീനംങാട് – നൊച്ചിപുള്ളി
   6. കൊള്ളുക്കാട്
   7. തെക്കുംപുറം
   8. നെട്ടമൂച്ചി
   9. കാപ്പുക്കാട് ഹരിജൻ കോളനി
   10. അത്തിപ്പാടം കോളനി
   11. മീൻകുളവെട്ടത്ത്
   12. കൂളൻകുന്ന്
   13. മഠത്തിൻപ്പടി – മുസ്ലീംപള്ളി
   14. തെക്കുംകര – അമ്പാഴകുണ്ട്
   15. ഞെളികൻപറമ്പ്
   16. പൂവ്വാട്ടുകുന്ന്
   17. തെക്കേമുറി – ഏലംകോടു കുളം
   18. കുട്ടൻകാട്
   19. കോട്ടപ്പള്ളം ഹരിജൻകോളനി
   20. പഞ്ഞമല ഹരിജൻകോളനി
   21. കാട്ടുകുളം തെക്കുമ്പുറം പടിഞ്ഞാറ്
   22. പ്ലാച്ചിക്കാട്
   23. മഠത്തിൻപടി തെക്കുമുറി

**സാദ്ധ്യതകൾ**

1. നരകശ്ശേരി തോടു കാടു റോഡ്, തെക്കുംശര മെയിൻ റോഡ് ശ്രമദാനം വഴി നന്നാക്കുവാൻ നാട്ടുകാർ തയ്യാറാണ്.

2. പാണ്ടത്തുകുന്ന്ചുണ്ടേക്കാട് മണലിപൊറ്റ റോഡ്, പഞ്ഞമല, കവറത്തറ, എരിഞ്ഞിപ്പാടം, മണലിപൊറ്റ ഹരിജൻ കോളനി പാടത്തേക്കുള്ള റോഡ്, അത്താണി പറമ്പ്, കോതകുളം, ചേലകുളം പണമല റോഡുകൾ ശ്രമദാനം വഴി നന്നാക്കുവാൻ പ്രദേശവാസികൾ ഒരുക്കമാണ്.

3. നായമ്പാടം – അംഗനവാടി, അരകുളം – ചക്കാൻപ്പാറ, കുളമുള്ളി, നാമ്പുള്ളിപ്പുര ലക്ഷം വീട് കോളനി, നാമ്പുള്ളിപ്പുര – വാരിയത്ത് പാടം റോഡുകൾ നന്നാക്കാൻ ജനം തയ്യാറാണ്.

4. സത്രംകാവ്, കിഴക്കുംപുറം റോഡ്, കാപ്പ്

കാട്ട് ഹരിജൻകോളനി, കാപ്പ്കാട് ആശാരിത്തറ - കോങ്ങാട് റോഡു വരെ ശ്രമദാനം വഴി നന്നാക്കാൻ നാട്ടുകാർ തയ്യാറാണ്.

5. പുലികുന്ന്, പന്നിയമ്പാടം, പാണത്തറ റോഡുകൾ നന്നാക്കാം.

6. ആലിങ്കൽ ചിറകുളം റോഡ് നിർമ്മാണത്തിന് 25,000 രൂപ സംഭാവന ചെയ്യാൻ നാട്ടുകാർ തയ്യാറാണ്.

7. മൊഴികുന്നം കുണ്ടുപറമ്പു വഴി കോർമ്മാ റോഡ് (മുണ്ടൂർ പഞ്ചായത്തും പുതുപ്പരിയാരം പഞ്ചായത്തും ബന്ധിപ്പിക്കുന്നത്) നന്നാക്കാൻ വരുന്ന ചിലവിന്റെ പകുതി പണമായോ മനുഷ്യാദ്ധ്വാനമായോ നൽകാൻ ആ പ്രദേശത്തെ ജനങ്ങൾ തയ്യാറാണ്.

8. മന്നത്തുകാവ്, തട്ടാത്തറ, കൂട്ടുപാത, ചവിട്ടുപറമ്പ്, മൊഴികുന്നം, വടക്കേക്കര കുനിമൻപറമ്പ് ശ്രമദാനം വഴി നന്നാക്കുവാൻ തയ്യാറാണ്.

9. സ്ഥലജല മാനേജ്മെന്റിന് വിധേയായി ഓവു ചാലുകളും വെള്ളച്ചാലുകളും പണി കഴിപ്പിക്കണം.

10. കിഴക്കേതെക്കുംകര, കോൽപ്പാടം റോഡ് ശ്രമദാനമായി ചെയ്യാവുന്നതാണ്.

## ഊർജ്ജം

പഞ്ചായത്തിലെ പ്രധാന ഊർജ്ജ സ്രോതസ്സുകൾ വൈദ്യുതി, മണ്ണെണ്ണ, വിറക് തുടങ്ങിയവയാണ്. കന്നുകാലികളുടെ എണ്ണം കണക്കാക്കുമ്പോൾബയോഗ്യാസ് പ്ലാന്റുകൾ വേണ്ടത്രയില്ലാത്തത് ആ മേഖലയിലെ അജ്ഞതയും സാമ്പത്തിക പ്രശ്നങ്ങളുമാണ്.

1957-ൽ ആണ് മുണ്ടൂർ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തുന്നത്. ഷൊർണ്ണൂർ 110 KV ലൈനിൽ നിന്ന് വെണ്ണക്കര പറളി 11 KV വഴിയാണ് പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത്. പഞ്ചായത്തിലുള്ള 24 ട്രാൻസ്ഫോർമറുകൾ ഉപയോഗിച്ച് വിതരണം നടത്തുന്നു. മൊത്തം വൈദ്യുതിയുടെ ഭൂരിഭാഗവും ഗാർഹിക ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നത്. പഞ്ചായത്തിലെ 35 കതമാനം വീടുകൾ വൈദ്യുതീകരിച്ചതാണ്. വിതരണത്തിനെത്തുന്ന വൈദ്യുതിയുടെ അളവും ഉപഭോക്താക്കളുടെ എണ്ണവും വെച്ചു കണക്കാക്കിയാൽ എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നവയാണ്.

പഞ്ചായത്തിലെ മിക്ക വാർഡുകളിലും പീക് ലോഡ് സമയത്ത് വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. ഈ അവസ്ഥയിലും പുതിയ കണക്ഷനുവേണ്ടി 300-ൽ കൂടുതൽ കുടുംബങ്ങൾ കാത്തിരിക്കുന്നു. വൈദ്യുതീകരിച്ച മിക്ക വീടുകളിലും ഫ്ളൂറസെന്റ് ട്യൂബുകൾ ഉണ്ടെങ്കിലും അവ കത്താൻ മതിയായ വോൾട്ടേജ് ഇല്ലാത്തതിനാൽ ഉപയോഗിക്കാൻ കഴിയുന്നില്ല. IREP വഴി ഇലക്ട്രോണിക് ചോ ക്കുകളും CFL ട്യബുകളും വിതരണം ചെയ്യുന്നു ണ്ടെങ്കിലും അവ തികച്ചും അപര്യാപ്തമാണ്. വൈദ്യുതി കടന്നു ചെല്ലാത്ത ഒട്ടേറെ പ്രശ്നങ്ങൾ പഞ്ചായത്തിലുണ്ട്. പല ഭാഗങ്ങളിലും തോട്ടങ്ങൾക്കുള്ളിലൂടെ ലൈൻ വലിച്ചിരിക്കുന്നതിനാൽ വൃക്ഷശിഖരങ്ങൾ മുട്ടി പ്രസരണനഷ്ടവും ലൈൻ തകരാറുകളും സാധാരണമാണ്.

വൈദ്യുത മോഷണം പഞ്ചായത്തിൽ പൊതുവെ കുറവാണെന്നാണ് ജീവനക്കാരുടെ അഭിപ്രായം. കേടായ മീറ്ററുകളും കുറവാണ്. ആറു മാസത്തിലൊരിക്കൽ റീഡിംഗ് എടുക്കുന്ന രീതിയാണ് നിലവിലുള്ളത്.

പൊതു വിതരണ സമ്പ്രദായത്തിലൂടെ പഞ്ചായത്തിൽ വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ 16–17 ശതമാനവും പെർമിറ്റ് വഴിയാണ് നൽകുന്നത്. ഇതിന്റെ ഭൂരിഭാഗവും പാചക ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നത്. കാർഷിക ആവശ്യങ്ങൾക്ക് വളരെ കുറഞ്ഞ അളവിൽ ഉപയോഗിക്കുന്നുള്ളൂ.

65 ശതമാനം വീടുകളും വെളിച്ചത്തിനായി മണ്ണെണ്ണ ഉപയോഗിക്കുന്നു. വോൾട്ടേജ് ക്ഷാമം കാരണം വൈദ്യുതീകരിച്ച വീടുകളിലേക്ക് 2 ലിറ്റർ മണ്ണെണ്ണ മതിയാകുന്നില്ലെന്ന് പരാതിയുണ്ട്. സ്വകാര്യ മേഖലയിൽ മണ്ണെണ്ണ വിൽക്കുന്ന രണ്ടു കേന്ദ്രങ്ങൾ മുണ്ടൂരിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു ഡീസൽ പെട്രോൾ പമ്പ് ഉണ്ട്.

പാചക ആവശ്യത്തിനും നെല്ലു പുഴുങ്ങുാനും, വെള്ളം ചൂടാക്കാനും ഭൂരിഭാഗം കുടുംബങ്ങളും വിറകിനെ ആശ്രയിക്കുന്നു. അടുത്ത കാലം വരെ മലകളിൽ പോയി വിറക് ശേഖരിച്ചു കൊണ്ട് വന്ന് ഉപയോഗിക്കുകയോ വിൽക്കുകയോ ചെയ്തിരുന്നു. എന്നാൽ ഇന്ന് വനങ്ങൾ നശിപ്പിച്ചതിലൂടെയും കുടിയേറി പാർപ്പിന്റെയും ഫലമായി ഈ സാധ്യത നഷ്ടപ്പെട്ടിരിക്കുന്നു. ഇന്ന് വിറകിനെ ആശ്രയിക്കുന്നവരിൽ പകുതിയുലേറെ പേരും തങ്ങളുടെ പുരയിടങ്ങളിലെ ഫലവൃക്ഷങ്ങളോ വൃക്ഷ ശിഖരങ്ങളോ വെട്ടിയും കേരവസ്തുക്കൾ ശേഖരിച്ചുമാണ് വിറകുണ്ടാക്കുന്നത്. ഇതും നിലനിൽക്കുന്നതല്ല. പഞ്ചായത്തിലെ വിറകുപേട്ടയിലെ കണക്കു പരിശോധിച്ചാൽ വിറക് വിലയ്ക്കു വാങ്ങിഉപയോഗിക്കുന്ന നല്ലൊരു വിഭാഗം കുടുംബങ്ങൾ ഇവിടെ ഉണ്ടെന്നു കാണാം.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തിയ ഒരു സാമ്പിൾ സർവ്വേയുടെ അടസ്ഥാനത്തിൽ പഞ്ചായത്തിൽ 80 ശതമാനം വീടുകളിലും സാധാരണ വിറകടുപ്പുകളാണ് ഉപയോിക്കുന്നത്. പഞ്ചായത്തിലെ പരിഷത്ത് യൂണിറ്റുകൾ നടത്തിയ പ്രചരണത്തിലൂടെയും IREP വഴിയും 12 ശതമാനം വീടുകളിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാൻ കഴിഞ്ഞു. ബാക്കി വീടുകളിൽ പാചക വാതകവും മണ്ണെണ്ണയും ഉപയോഗിക്കുന്നു. ദക്ഷത കൂടിയ കൊണ്ടു നടക്കാവുന്ന ഗാമിനി അടുപ്പുകളും ചില വീടുകളിൽ ഉണ്ട്.

പാചക വാതകം ഉപയോഗിക്കുന്ന 2 ശതമാനം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഉപയോഗാക്തകരിൽ ഭൂരിഭാഗവും ഇടത്തരം വരുമാനക്കാരാണ്. പാചക വാതക കണക്ഷനു വേണ്ടി കാത്തിരിക്കുന്ന ധാരാളം കുടുംബങ്ങൾ മുണ്ടൂരിൽ ഉണ്ട്. പാചക വാതക സിലിണ്ടറുകൾ പാലക്കാട് പോയി കൊണ്ടു വരണമെന്ന അവസ്ഥയാണുള്ളത്. ഇത് യഥാർത്ഥ വിലയിൽ നിന്ന് കാര്യമായ വർദ്ധനവ് ഉണ്ടാക്കുന്നു.

മുണ്ടൂർ പഞ്ചായത്തിലെ ഉർജ്ജ സ്രോതസ്സുകളുടെ അന്തിമ ഉപഭോഗം സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ ശതമാനത്തിൽ ——>

| ഊർജ്ജസ്രോതസ്സ് | ഗാർഹികം | | | കാർഷികം | വ്യാവസായികം | വാണിജ്യം |
|---|---|---|---|---|---|---|
| | വെളിച്ചം | പാചകം | മറ്റുള്ളവ | | | |
| വൈദ്യുതി | 75 | 0.8 | 4.2 | 5.6 | 1.4 | 13 |
| വിറക് | – | 70 | 10 | – | 20 | 0 |
| മണ്ണെണ്ണ | 83 | 12 | – | 5 | – | – |
| ഗ്യാസ് | – | 100 | – | – | – | – |

**പ്രശ്നങ്ങൾ**

1. വോൾട്ടേജ് ക്ഷാമം പരക്കെ അനുഭവപ്പെടുന്നു.
2. താഴെ കാണിക്കുന്ന പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

കിഴക്കേതെക്കുംകര, അമ്പാഴകുന്ന്, പ്ലാച്ചിക്കാട്, മുണ്ടേക്കോട്, ലക്ഷം വീട് കോളനി, തോടുകാട്, ചേത്തക്കാട്, പ്ലാച്ചിക്കാട്, പഞ്ചമലകോളനി, കോതകുളം, ചുണ്ടേക്കോട്, എരഞ്ഞിപ്പാടം, അത്താണിപ്പറമ്പ്, വടക്കുമ്പുറം, പാണ്ടത്തുകുന്ന്, കുളശ്ശേരി, മേപ്പാട്ടുപ്പുര, മുണ്ടേക്കോട് പുന്ന, കൂ[illegible]കുന്ന്, വഴുക്കപ്പാറ,കനാലിന്റെ തെക്കു[illegible], കൂളമുള്ളി, വലിയപറമ്പ്, പുള്ളുവത്തറ, നാമ്പുള്ളിപ്പുര പരിജൻ കോളനി, ചളിർക്കാട്, കൊള്ളുക്കാട്, ചെട്ടിയം പാളയം, വലിയപ്പറമ്പ്, മീനങ്ങാട്, കല്ലംപറമ്പ്, കണ്ടംപിഷാരം,ആലങ്ങാട്, കാരക്കാട് കോളനി, കുട്ടൻകാട്, നെട്ടമൂച്ചി, ലക്ഷം വീട് കോളനി,പുന്നകുളം, പുത്തൻപുര, ഇരുവിളംകാട് കോളനി, പുലികുന്ന്, തെക്കുമുറി, പാണത്തറ, മൂശാരിത്തറ, നരകശ്ശേരി,ചവിട്ടുപറമ്പ്, കുനിയൻപറമ്പ് പരിജൻ കോളനി, തോട്ടത്തിൽ കുന്ന്, ലക്ഷം വീട് തെക്കുംപുറം പടിഞ്ഞാറുഭാസം,കണ്ണാൻച്ചോല, ചേലപ്പാറ, കാപ്പുക്കാട്.

3. ഗ്രാമാന്തരങ്ങളിൽ നിലവിലുള്ള തെരുവു വിളക്കുകൾ മിക്കതും കത്തുന്നില്ല.

4. തെരുവു വിളക്കുകൽ സ്ഥാപിച്ചിട്ടില്ലാത്ത പ്രദേശങ്ങൾ

പഞ്ചായത്തിലെ 1,3,5,7 വാർഡുകളിൽ ഭൂരിഭാഗം പ്രദേശങ്ങൾ, മുണ്ടൂർ പോസ്റ്റോഫീസ് മുതൽ കൂളൻകുന്ന് വരെ, വാകശ്ശേരി, അത്തിപ്പാടം, കാഞ്ഞിക്കുളം, തണ്ണീർ പന്തൽ മുതൽ വെട്ടത്തു വരെ, വേലിക്കാട് - അമ്പലക്കാട് റോഡ്,ചേലപ്പാറ, 9–ം, മൈൽ മുതൽ ഹരിജൻ കോളനി വരെ, കാപ്പിൽ ആശാരിത്തറ മുതൽ മന്ദത്തു പറമ്പു വരെ, കയറംകോടം, വടക്കേക്കര,കയറംകോടം വായനശാല മുതൽ കയറംകാവ് വരെ, നരകശ്ശേരി മുതൽ ചേത്തക്കാട് വരെ, വെട്ടിത്തൊടി മുതൽ അമ്പാടികുന്ന് വരെ, തെക്കുംകര - കോൽപ്പാട്, മണലികുളം, പൂതംകോട്, പടിഞ്ഞാറെമുട്ടി, കുന്നപ്പുള്ളിക്കാവ്- ആശാരിത്തറ,ബാലവാടി മുതൽ മലമ്പള്ള വരെ (3–ാം വാർഡ്),കൂട്ടുപാത-

കീഴ്പാടം-തലപ്പൊറ്റ-ഇരുവിളംകാട് റൂട്ടിൽ വേലിക്കാട് വാകശ്ശേരി ലക്ഷംവീട്.

5. പല ഭാഗങ്ങളും വൃക്ഷകൊമ്പുകൾ ലൈനിൽ വീണ് വൈദ്യുതി തടസ്സം സൃഷ്ടിക്കുന്നു.

6. തെക്കേക്കര, പൂതനൂർ തുടങ്ങിയ പല ഭാഗങ്ങളിലും ഇലക്ട്രിക് പോസ്റ്റ് റോഡ് തടസ്സം ഉണ്ടാക്കുന്നു.

7. വിറകിനു വേണ്ടി ഫലവൃക്ഷങ്ങൾ വെട്ടിനശിപ്പിക്കുന്നു.

**സാധ്യതകൾ**

1. കാഞ്ഞികുളം നീളിപ്പാറ വെള്ളച്ചാട്ടത്തിൽ ഒരു ചെറുകിട ജലവൈദ്യുതി പദ്ധതി ആവാം.

2. വിറകിനായി എളുപ്പം വളരുന്ന വൃക്ഷതൈകൾവീട്ടുവളപ്പിൽ നട്ടു വളർത്തണം.

3. വ്യാപകമായി ബയോഗ്യാസ് പ്ലാന്റുകൾ ആരംഭിക്കണം.

4. IREP വഴി ദക്ഷത കൂടിയ അടുപ്പുകൾ, പ്രഷർ കുക്കർ, CFL എലക്ട്രോണിക് ചോക്ക് എന്നിവ പ്രചരിപ്പിക്കണം.

5. ഊർജ്ജ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ IRTC യുടെ സാങ്കേതിക സഹായങ്ങളും നിർദ്ദേശങ്ങളും പ്രയോജനപ്പെടുത്താം.

6. 7-ാം വാർഡിലെ വോൾട്ടേജ് പ്രശ്നം പരിഹരിക്കാൻ മുണ്ടൂർ AB സ്വിച്ചിൽ നിന്നും ചുങ്കത്ത് കൂടി റോഡരികിലൂടെ HT/LT ലൈൻ വലിച്ച് നിലവിലുള്ള മോളികുന്നം ലൈനിൽ ബന്ധിപ്പിക്കണം.

7. പൂതന്നൂരിലെ വൈദ്യുതി പ്രശ്നം പരിഹരിക്കാൻ മെയിൻ ലൈനിലേക്ക് Inter Linking സംവിധാനം ഏർപ്പെടുത്തണം.

8. വൈദ്യുത ലൈനുകൾ സ്ഥാപിക്കുമ്പോൾ തദ്ദേശവാസികളുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കണം.

9. സൗരോർജ്ജ വിളക്കുകൾ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കണം.

## വ്യവസായം

**പരമ്പരാഗതം (കുടിൽ വ്യവസായം)**

1. പപ്പട നിർമ്മാണം

2. കൊട്ട,പരമ്പ് എന്നിവ മുള ഉപയോഗിച്ച് ഉണ്ടാക്കുന്നുണ്ട്

3. തെങ്ങോലപ്പായ നെയ്ത്ത് (കൈത,ഓല) എന്നിവയും ഉണ്ടാക്കുന്നുണ്ട്

4. ഓട്ടു പാത്ര നിർമ്മാണം, മരപ്പണി, ഇരുമ്പുപണി, സ്വർണ്ണ പണി
5. 10–ാം വാർഡിൽ കൊട്ട, പരമ്പ് എന്നിവ സഹകരണാടിസ്ഥാനത്തിൽ ചെയ്തു കൊടുക്കുന്ന സ്ഥാപനവും ഉണ്ട്.

**ആധുനികം (ചെറുകിട വ്യവസായം)**

1. 1–ാം വാർഡിൽ ഒരു മിനി റൈസ് മിൽ, ഒരു കോട്ടേജ് (Phenyl) ഉൽപ്പാദന കമ്പനിയും ഉണ്ട്.
2. ഒരു ഇർച്ചമിൽ (2–ാം വാർഡ്) , ഒരു കരിങ്കൽ ക്വാറിയും ഉണ്ട് , ഒരു ഫ്ളോർ മില്ലും ഉണ്ട്
3. 3—ാം വാർഡിൽ ഒ റൈസ് മിൽ (കുലി അരവ്), ഒരു കിടക്ക നിർമ്മാണ യൂണിറ്റ്

4–ാം വാർഡിൽ

2 പ്രിന്റിംഗ് പ്രസ്സ് (ബൈന്റിങ്ങ്), 2 പ്ലാസ്റ്റിക് പൈപ്പ് നിർമ്മാണ കമ്പനികൾ, ഒരു ടയർ വൾക്കനൈസിങ്ങ് കമ്പനി, 4 മോട്ടോർ വാഹന വർക്ക് ഷോപ്പുകൾ ഒരു റൈസ് മിൽ ഒരു ഇർച്ചമിൽ രണ്ടു ഫ്ളോർ മിൽ രണ്ടു വെൽഡിങ്ങ് കമ്പനികളും ഉണ്ട്. അച്ചാറു കമ്പനി (ഒന്ന്)ഉണ്ട്. വനിത തുന്നൽ പരിശീലന കേന്ദ്രം (രണ്ട്). കരിങ്കൽ ക്വാറി യും (ഒന്ന്) ഉണ്ട്.

5–ാം വാർഡ്

ഒരു മിനി റൈസ് മിൽ, ഒരു പ്ലൈവുഡ് കമ്പനി, ഒരു പട്ടിക ആണി ഉൽപ്പാദന കേന്ദ്രം

6–ാം വാർഡ്

ഒരു പെയിന്റ് കമ്പനി (രണ്ടു യൂണിറ്റ്) , ഒരു തടിമിൽ, ഒരു റൈസ് മിൽ, ഒരു വനവിഭവ സംഭരണ കേന്ദ്രം.

7–ാം വാർഡ്

മിനി റൈസ് മിൽ.

8–ാം വാർഡ്

ഒരു റൈസ് മിൽ, ഒരു വുഡൻ പാക്കേജ് കമ്പനി, ഒരു മിനി റൈസ് മില്ലും ഉണ്ട്.

9–ാം വാർഡ്

ഒരു റൈസ് മിൽ, ഒരു ഇർച്ചമിൽ,ഒരു മിനി റൈസ്–ഫ്ളോർ മിൽ ഉണ്ട്

10–ാം വാർഡ്

ഒരു ഈർച്ചമിൽ, 4 റൈസ് – ഫ്ളോർ മിൽ, 1 സ്റ്റീൽ ഫർണിച്ചർ കമ്പനി, ഒരു അവിൽ ഇടിക്കുന്ന കമ്പനിയും ഒരു ഓയിൽ മില്ലും ഉണ്ട്. 1 കരിങ്കൽ ക്വാറി, ഒരു ഗേയിറ്റ് – ഗ്രിൽസ് വർക്ക്ഷോപ്പ് ഉണ്ട്.

11. 11–ാം വാർഡിൽ ഒരു ഓയിൽ മിൽ, ഒരു മിനി റൈസ് – ഫ്ളോർ മിൽ, ഒരു റൈസ്

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ 10–ാം വാർഡിലെ ഒരു ബാംബു സൊസൈറ്റി (സഹകരണ മേഖല) ഒഴികെ ബാക്കി എല്ലാം സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. മേൽ പറഞ്ഞ വ്യവസായ സ്ഥാപനങ്ങളിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നവ

1. ഷാരോൺ പ്ലാസ്റ്റ്
2. ദുർഗ്ഗാ പ്ലാസ്റ്റ്
3. ഗായത്രി കെമിക്കൽസ് – പെയിന്റ്
4. അരുണഗിരി ഫുഡ് പ്രോഡക്ടസ് – അച്ചാർ
5. മോഡേൺ ബോഡി ബിൽഡേഴ്സ്
6. സതീഷ് ഫർണിച്ചർ വർക്സ്
7. രാജധാനി പാക്കേജ് ഇൻഡസ്ട്രീസ്
8. അക്ബർ സോമിൽ

9. ശ്രീകൃഷ്ണാ ഇൻഡസ്ട്രീസ്

വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം പഞ്ചായത്തിൽ കൂടുന്നുണ്ട്. കാർഷികം , കാർഷിക ഉപകരണ നിർമ്മാണ മേഖല, മരവ്യവസായം. കാർഷിക മേഖലയായതു കൊണ്ട് ആ മേഖലയുമായി ബന്ധപ്പെട്ട വ്യവ സായങ്ങൾക്കാണ് മുൻഗണന. വ്യവസായ മേഖലയിൽ പണി എടുക്കുന്നവരുടെ എണ്ണം കൂടുതലാണ്. പരമ്പരാഗത വ്യവസായ മേഖ ലകളിൽ ആധുനികവൽക്കരണം നടത്തിയിട്ടില്ല. വ്യവസായത്തിൽ സ്ത്രീകളുടെ എണ്ണം കൂടിയിട്ടില്ല. സാമാന്യം ഭേദപ്പെട്ട രീതിയിലുള്ള ശമ്പളമുണ്ട്.

കാർഷിക മേഖലയിലും തടി വ്യവസായ മേഖലയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഒഴികെ മറ്റു സ്ഥാപനങ്ങളിൽ ഒക്കെ പുറമെ നിന്നുമാണ് അസംസ്കൃത വസ്തുക്കൾ കൊണ്ടു വരുന്നത്. റൈസ് മിൽ, ഓയിൽ മിൽ എന്നിവ പഞ്ചായത്തിനകത്തു നിന്നുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്.

റബ്ബർ, നാളികേരം, നാളികേരഉൽപ്പന്ന ങ്ങൾ പഞ്ചായത്തിൽ ലഭ്യമാണെ് പക്ഷേ ഉപയോഗിക്കപ്പെടുന്നില്ല.

ഉള്ള സ്ഥാപനങ്ങളിലെ വിപണന സാദ്ധ്യത പഞ്ചായത്തിനകത്ത് കുറവാണ്.

വ്യവസായ രേഖലയിൽ പുതിയ സംരംഭങ്ങൾ വരാതിരിക്കുന്നതിനുള്ള കാരണം അതിലുള്ള അറിവില്ലായ്മയാണ്.

ഓട്ടുപാത്രങ്ങളുടെ നിർമ്മാണത്തിന് ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സാദ്ധ്യത യുണ്ട്. പത്താം വാർഡിൽ ഏകദേശം 20 ഓളം കുടുംബങ്ങൾ ഈ മേഖലയിൽ ഉൾപ്പെട്ടിരി ക്കുന്നു.

റെഡിമെയ്ഡ് ഗാർമെന്റ്സിന്റെ ഉത്പാദന സൊസൈറ്റിക്ക് സാദ്ധ്യതയുണ്ട്.

എന്നതാണ് ഈ മേഖലയെ ആകർഷക മാക്കുന്നത്. വ്യക്തിഗത സെക്യൂരിറ്റിയിൽ ആളു കളുടെ വരുമാനത്തെ അടിസ്ഥാനപ്പെടുത്തി വായ്പാ ലഭ്യമാക്കുന്ന സംവിധാനം നിലവിൽ വന്നാൽ മാത്രമെ സാധാരണക്കാരെ വൻപലിശ വാങ്ങുന്ന ധനകാര്യ സ്ഥാപനക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കാൻ സാധിക്കൂ.

പഞ്ചായത്തിൽ 300 -ലധികം വിദേശ തൊഴിലാളികളുണ്ട്. ഇതിൽ 95 ശതമാനം പേരും ഗൾഫ് രാജ്യങ്ങളിലാണ് പ്രവർത്തിക്കുന്നത്. എല്ലാ വിഭാഗങ്ങളിലും പെട്ട യുവജനങ്ങൾ ഗൾഫ് രാജ്യങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഇത് അതാതു കുടുംബങ്ങളെ സാമ്പത്തികമായി ഉന്നതിയിലേക്ക് നയിക്കുന്നുണ്ട്. എന്നാൽ അവരുടെ നിഷേപം ഉത്പാദനക്ഷമമല്ലാത്ത മേഖലകളിൽ ആയതിനാൽ പൊതുവായി പഞ്ചായത്തിന് ഗുണകരമായി ലഭിക്കുന്നില്ല. മാത്രമല്ല ഇത് സ്ഥലങ്ങളുടെ അമിതമായ വിലകയറ്റത്തിനും കാരണമാവുന്നുണ്ട്. ഗൾഫ് പണം പ്രധാനമായും വിനിയോഗിക്കുന്നത് വൻ സൗധങ്ങൾ നിർമ്മിക്കുന്നതിനാണ്. അപൂർവ്വമായി മാത്രം റബ്ബർ എസ്റ്റേറ്റുകളിൽ മുടക്കിയിട്ടുണ്ട്.

വ്യവസായ കാർഷിക മേഖലകളുടെ വളരച്ചക്ക് സർക്കാർ തലത്തിൽ എടുക്കുന്ന നടപടികൾ സൾഫ് പണത്തിന്റെ ശരിയായ വിനിയോഗം അതാതു മേഖലകളിൽ തന്നെ സാദ്ധ്യമാകും. കാർഷിക മേഖലയിൽ നിന്നുള്ള

വരുമാനം കൂടുതൽ ആകർഷകമാക്കുകയും, വ്യവസായത്തിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്താൽ ഗൾഫ് പണം ശരിയായി ഉപയോഗിക്കാൻ സാധിക്കും. ഇതിനുള്ള ഫലപ്രദമായ ഒരു പ്രവർത്തനം എല്ലാ മേഖലകളിൽ നിന്നും ഉണ്ടാകേണ്ടതാണ്.

**സന്നദ്ധപ്രവർത്തനം**

സന്നദ്ധപ്രവർത്തനത്തിലൂടെ നിരവധി പുരോഗമന പരിപാടികൾ നടപ്പിലാക്കാൻ സാധിക്കും. കഴിഞ്ഞ അഞ്ചു വർഷത്തിനിടെ നിരവധി റോഡുകളും കുളങ്ങളും സന്നദ്ധ പ്രവർത്തനത്തിലൂടെ നിർമ്മിക്കുകയും ഉപയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം പഞ്ചായത്തിന് വൻതോതിൽ സാമ്പത്തിക ലാഭം ഉണ്ടായിട്ടുണ്ട്. റോഡുകളിൽ മാത്രം കേന്ദ്രീകരിക്കുന്ന മറ്റു ഉത്പാദന മേഖലകളിലേക്കും സന്നദ്ധ പ്രവർത്തനം വ്യാപികേണ്ടതാണ്.

ഏകദേശം 2 ഏക്കറോളം വിസ്തൃതിയുള്ള ഏഴക്കാട് ചമ്പക്കുളം പടുത്തുകെട്ടി ഉപയോഗയോഗ്യമാക്കാൻ സന്നദ്ധസേവനം വൻതോതിൽ ഉപയോഗപ്പെടുത്തി. ഇതിന് പൊതുജനങ്ങളിൽ നിന്നും സാമ്പത്തികമായും മാതൃകാപരമായും സഹകരണം ലഭിക്കുകയുണ്ടായി.

മുണ്ടൂർ സർക്കാർ L.P. സ്ക്കൂളിൽ P.T.A. മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട്. സ്ക്കൂളിൽ സ്വന്തമായി കെട്ടിടവും കളിസ്ഥലവും വാട്ടർ ടാങ്ക് നിർമ്മാണവും ഏറ്റെടുത്ത് നടത്താൻ P.T.A.ക്ക് സാധിച്ചു. ഇതിനു പ്രധാനമായും "ഇന്ദിരാ വികാസ് " പത്രങ്ങളിൽ പണം നിക്ഷേപിക്കാൻ പ്രേരിപ്പിച്ച് അതിൽ നിന്നും കിട്ടിയ കമ്മീഷൻ ഉപയോഗിച്ചു എന്നുത് പ്രത്യേകം പ്രശംസനീയമാണ്.

**പ്രശ്നങ്ങൾ**

പഞ്ചായത്തിലെ പ്രധാന കാർഷിക വരുമാനം റബ്ബർ കൃഷിയിൽ നിന്നാണ് ലഭിക്കുന്നത്. എന്നാൽ ഇപ്പോഴത്തെ നികുതി സംവിധാനത്തിൽ 1250 രൂപ മാത്രമാണ് പരമാവധി ചുമത്താവുന്ന നികുതി.

നികുതി സംവിധാനം ഉയർന്ന വരുമാനകാരിൽ നിന്നും അധികം നികുതി ലഭിക്കത്തക്ക വിധത്തിൽ പുനർക്രമീകരിക്കേണ്ടതാണ്.

ഇപ്പോൾ റബ്ബർ കൃഷിയുള്ളവർ തന്നെ ശരിയായ വിധം നൽകുന്നില്ല.

**സാമ്പത്തിക സ്ഥാപനങ്ങൾ**

1. **നെടുങ്ങാടി ബാങ്ക് –**

വാണിജ്യ ബാങ്ക് പഞ്ചായത്തിൽ നിന്നും ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നു എന്നല്ലാതെ സാമ്പത്തിക മേഖലയിൽ കാര്യമായ പ്രവർത്തനങ്ങൾ നടത്തുന്നില്ല.

2. **സഹകരണ ബാങ്കുകൾ –**

മുണ്ടൂർ, കാഞ്ഞികുളം, ബാങ്കകളാണ് ഇവിടെ പ്രവർത്തിക്കുന്നത്. കാഞ്ഞികുളം ബാങ്കിന് ഒരു ശാഖയും ഏഴക്കാട് പ്രവർത്തിക്കുന്നുണ്ട്.

സഹകരണ ബാങ്കുകളുടെ പ്രവർത്തന മേഖല കൂടുതൽ വിപുലമാക്കേണ്ടതാവശ്യമാണ്. ഈ ബാങ്കുകളുടെ കടം കൊടുക്കുന്നതിനുള്ള പരിധി വലിയ തോതിൽ ഉയർത്തേണ്ടതാണ്. വിദേശ നിക്ഷേപങ്ങൾ സ്വീകരിക്കാനുള്ള സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്. നിക്ഷേപങ്ങൾ സ്വീകരിയക്കാനുള്ള സൗകര്യങ്ങൾ നടപ്പിലാക്കി

യാൽ അത് ബാങ്കുകളുടെ നിക്ഷേപതോത് വൻതോതിൽ വർദ്ധിക്കാൻ സഹായികും. കൂടുതൽ സാമ്പത്തിക സാദ്ധ്യതയുള്ള വ്യവസായ മേഖലയിൽ കടം നൽകുന്നതിനുള്ള സൗകര്യം സഹകരണ ബാങ്കുകളിൽ ഏർപ്പെടുത്തണം. സഹകരണ മേഖലയിൽ നിന്നും വ്യവസായത്തിന് കടം കിട്ടുന്നതിനുള്ള സംവിധാനങ്ങളൊന്നും നിലവിലില്ല.

ബാങ്കിതര മറ്റു അംഗീകൃത സ്ഥാപനങ്ങളൊന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

വൻതോതിൽ പലിശ ചുമത്തി വായ്പ നൽകുന്ന ധനം ഇടപാടുകാർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും വായ്പ ലഭിക്കാൻ യാതൊരു സാധ്യതയുമില്ലാത്ത കൂലി തൊഴിലാളികളുടെയും മറ്റു വരുമാനം കുറഞ്ഞവരുടെയും ഇടയിലാണ് ഇവർ പ്രവർത്തിക്കുന്നത്. യാതൊരു സെക്യൂറിറ്റിയുമില്ലാതെ സൗകര്യപൂർവ്വം ലഭിക്കുന്നു.

1. പുതിയ വരുമാന മാർഗ്ഗങ്ങളെ കുറിച്ചാലോചിക്കേണ്ടതാണ്.
2. സർക്കാർ സ്ഥാപനത്തിന്റെ 60 ശതമാനത്തോളം അൺടൈഡ് ഫണ്ടാണ്.
3. JRY ഫണ്ട് 95-96ൽ 4.25 ലക്ഷം രൂപ ലഭിച്ചു.
4. പുതുതായ പഞ്ചായത്ത് രാജ് സംവിധാനത്തിൽ സാമ്പത്തിക സഹായങ്ങളിലൊന്നും ഇതുവരെ മാറ്റമുണ്ടായിട്ടില്ല.
5. എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റിൽ അതാതു വർഷത്തെ ചെലവിനനുസൃതമായ വർദ്ധന ഉണ്ടായിട്ടുണ്ട്.
6. പഞ്ചായത്തിന്റെ സ്വന്തം വരുമാനത്തിന്റെ 61 ശതമാനമാണ് എസ്റ്റാബ്ലിഷ്മെന്റ് ചിലവ്.,
7. ശമ്പള വർദ്ധനക്ക് ആനുപാതമായി എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ വർദ്ധിക്കുന്നുണ്ട്.

**പൊതുമരാമത്ത്**

പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ 30 ശതമാനത്തിലധികം പൊതുമരാമത്ത് പണികൾക്കായി വിനിയോഗിക്കുന്നു. ഇതിൽ റോഡ്, കിണർ, അഴുക്കു ചാലുകൾ സംരക്ഷണം, കെട്ടിടങ്ങൾ എന്നിവയാണ് പ്രധാന ചിലവിനങ്ങൾ.

പ്രധാന മരാമത്ത് പണികൾ കോൺട്രാക്ട് കൊടുക്കുകയാണ്. ഖണ്ഡ പതികളിൽ നാട്ടുകാരുടെ നോമിനിയെ ഉൾപ്പെടുത്താറുണ്ട്.

അൺടൈഡ് ഫണ്ട് വിനിയോഗം പഞ്ചായത്ത് നേരിട്ട് ചെയ്യുന്നു. ആസ്പത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനാണ് തുകയുടെ പ്രധാന ഭാഗം വിനിയോഗിച്ചത്.

പ്രത്യക്ഷ ഉൽപ്പാദന മേഖലകളിൽ പഞ്ചായത്ത് നിക്ഷേപം നടത്തിയിട്ടില്ല.

വികസന രേഖ

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

# 4.G

# പാർപ്പിടവും സാമൂഹ്യക്ഷേമവും

**പാർപ്പിടം**

| വാർഡ് | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | 10 | 369 | 53 | 11 | 443 |
| 2 | 36 | 472 | 98 | 23 | 629 |
| 3 | 8 | 491 | 49 | 6 | 554 |
| 4 | 96 | 612 | 15 | 20 | 743 |
| 5 | 64 | 590 | 103 | 7 | 764 |
| 6 | 81 | 490 | 60 | 25 | 656 |
| 7 | 9 | 454 | 50 | 2 | 515 |
| 8 | 42 | 414 | 30 | 6 | 492 |
| 9 | 40 | 600 | 60 | 23 | 723 |
| 10 | 62 | 625 | 100 | 8 | 499 |
| 11 | 15 | 449 | 30 | 5 | 484 |
| | 463 | | | | 6813 |

മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് തിരിച്ചുള്ള വിവിധ തരം കെട്ടിടങ്ങളുടെ വിവരമാണ് മേൽ പട്ടികയിൽ കാണുന്നത്. കഴിഞ്ഞ 10–15 വർഷത്തിനിടയിൽ മാത്രം നിലവിൽ വന്നവയാണ് കോൺക്രീറ്റ് വീടുകൾ എന്നത് പ്രത്യേകം ശ്രദ്ധിക്കുക. വ്യാപകമായ അന്ധമായ കോൺക്രീറ്റ് ഭ്രമം ഉൽഭവിക്കും മുമ്പ് ഈ പ്രദേശത്തെ വീടുകൾ ഏറിയ പങ്കും പ്രാദേശികമായി ലഭ്യമായ നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ചു മാത്രമാണ് നിർമ്മിച്ചിരുന്നത്. അസ്ഥിവാരത്തിനും ചുമരിനും മണ്ണുമാത്രമാണ് പ്രധാന നിർമ്മാണ വസ്തുവായി ഉപയോഗിച്ചിരുന്നത്. മേൽകൂരക്ക് ഓട്, പനയോല എന്നിവയും ശതകങ്ങൾ പഴകം ചെന്നിട്ടും തകരാറുകൾ ഒന്നും ഏല്ക്കാതെ നിലനിൽക്കുന്ന കെട്ടിടങ്ങൾ പ്രാചീന സാങ്കേതികത്ത്വകവിന്റ് തെളിവുകളാണ്. വെട്ടുകല്ലും അത്യാവശ്യകരിങ്കല്ലും പഴയ കാലത്ത് വീടുപണിക്കുപയോഗിച്ചിരുന്നു. ചുണ്ണാമ്പ് (കുമ്മായം)ആണ് മറ്റൊരു പ്രധാന

നിർമ്മാണവസ്ഥു,. ചുമരുകൾ കെട്ടുന്നതിന് മണ്ണും ചുണ്ണാമ്പ് മണൽ മിശ്രിതവും തന്നെയാണ് ഉപയോഗിച്ചു വന്നിരുന്നത്.

സിമന്റിന്റെയും കമ്പിയുടെയും കാലം വന്നതോടെ സ്ഥിതി തീർത്തും വിഭിന്നമായി പാരമ്പര്യമായ സാങ്കേതിക വിദ്യകൾ പാടെ ഉപേക്ഷിച്ചുകൊണ്ട് അന്ധമായി കോൺക്രീറ്റ് ശൈലിയെ സ്വീകരിക്കുന്ന ഒരു അവസ്ഥ യാണ് ഇന്നു സ്വീകരിച്ചു കാണുന്നത്. ഗൾഫ് പണത്തിന്റെ സ്വാധീനം കാര്യമായി - സാധിച്ചിട്ടില്ലാത്ത ഒരു പ്രദേശമായതുകൊണ്ട് ദുർവ്യയത്തിന്റെ സ്മാരകങ്ങളായ കൂറ്റൻ കോൺക്രീറ്റ് മാളികകൾ ഈ ഗ്രാമപഞ്ചാത്തിൽ തീരെ ഇല്ല എന്നു തന്നെ പറയാം. പുതിയ നിർമ്മാണ രീതികൾക്കാവശ്യമായ യാതൊരു വസ്തുവും പ്രാദേശികമായി ലഭ്യമല്ല എന്നതാണ് എടുത്തു പറയേണ്ടതായ പ്രത്യേകത. മണൽ, ഇഷ്ടിക, സിമന്റ്,കമ്പി, .... തുടങ്ങിയവ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ലഭ്യമല്ല എന്നു തന്നെ പറയാം. പൊതുവെ ഈ പ്രദേശത്ത് വെട്ടുകല്ല് പോലെയുള്ള മേൽമണ്ണും കാണുന്നുണ്ടെങ്കിലും വെട്ടുകല്ലിന്റെ (Latirite) ലഭ്യത ഈ ഗ്രാമപഞ്ചായത്തിൽ വളരെ തുച്ഛമാണ്.

പാഴ്ച്ചെലവില്ലാത്ത കെട്ടിട നിർമ്മാണ ശൈലി പ്രചരിപ്പിക്കുന്ന ജില്ലാ നിർമ്മതി കേന്ദ്രം ഈ പഞ്ചായത്ത് അതിർത്തിയിൽ നിന്നും 3 കി.മി.നുള്ളിലുണ്ടായിടും ഇത്തരം കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ സാങ്കേതിക പരിശീലനം നൽകിയിരുന്ന ഐ.ആർ.ടി.സി എന്ന സ്ഥാപനം ഈ ഗ്രാമപഞ്ചായത്തിൽ തന്നെ ഉണ്ടായിട്ടും അത്തരം വീടുകളുടെ നിർമ്മാണം ഈ ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ളത് വിരലിൽ എണ്ണാവുന്നത്ര മാത്രമാണ്. ഇത്തരം ശൈലിയോടുള്ള ജനങ്ങളുടെ സംശയം തന്നെയാണ് ഇതിനു കാരണം.

ഈ ഗ്രാമപഞ്ചായത്തിൽ നിർമ്മാണ മേഖലയിൽ പൊതുവെ തൊഴിലാഴികൾ ധാരാളമുണ്ടെങ്കിലും ആവശ്യത്തിന് ആളെ കിട്ടാനില്ലെന്ന പരാതിയും ജനങ്ങൾക്കുണ്ട്. മേൽപറഞ്ഞ ഭവന നിർമ്മാണ രംഗത്തെ മാന്ദ്യം മൂലമാകാം വളരെയധികം തൊഴിലാളികൾ അയൽ പഞ്ചായത്തുകളിലും ഗൾഫ് സ്വാധീനമുള്ള അയൽ ജില്ലകളിലും തന്നെ ധാരാളമായി നിർമ്മാണ ജോലികളിൽ ഏർപ്പെട്ടിടുണ്ട്. മലപ്പുറം ജില്ലയിലെ നിർമ്മാൺ തൊഴിലാളികളിൽ ഗണ്യമായ ഒരു ശതമാനം ഈ പ്രദേശത്തു നിന്നുള്ളവരാണ്.

നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സൊസൈറ്റികൾ ഒന്നും തന്നെ ഈ ഗ്രാമ പഞ്ചായത്തിൽ ഇല്ല.

ഇവിടെ 5 ലക്ഷം വീടു കോളനികളും 33 ഹരിജൻ കോളനികളും ഇപ്പോഴുണ്ട്. എന്നാൽ മിക്കവാറും കോളനികളിൽ കുടിവെള്ളം, വിദ്യുഛക്തി തുടങ്ങിയവയുടെ അഭാവം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സർക്കാർ നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതികളിലൂടെ ആകെ നിർമ്മിക്കപ്പെട്ട വീടുകൾ 131 എണ്ണമാണ്. ഇതിൽ 14 എണ്ണം കൈരളി പദ്ധതിയിൽ ഉൾപ്പെട്ടതും ബാക്കിയുള്ളവ 1986 മുതൽ 1991 വരെ 3 ഘട്ടങ്ങളിലൂടെ നിർമ്മിക്കപ്പെട്ടവയുമാണ്.

കെട്ടിട നിർമ്മാണചട്ടങ്ങൾ ഈ പഞ്ചായത്തിൽ നിലവിൽ വന്നിട്ടില്ല. ലൈസൻസിംങ്ങ് സമ്പ്രദായം നടപ്പിലാക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ കാര്യമായ വ്യത്യാസം വരുത്തുവാനും നിർമ്മാണ മേഖലയിൽ പഞ്ചായത്തിനു വേണ്ടത്ര നിയന്ത്രണം ഏർപ്പെടുത്തുവാനും സാധിക്കും.

ഭവനരഹിതരായവർക്കു ഭവനനിർമ്മാണത്തിനായി ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനായി അവയെ സംബന്ധിച്ച വിശദമായ പഠനം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

നിലവിലുള്ള പാർപ്പിടങ്ങളിലെ സൗകര്യങ്ങൾ കൂടി കണക്കിലെടുക്കുമ്പോൾ 25 ശതമാനത്തോളം വീടുകൾ പുനർനിർമ്മാണം ചെയ്യുകയോ മെച്ചപ്പെടുത്തുകയോ ചെയ്യേണ്ട അവസ്ഥയിലാണുള്ളത്.

അയൽ പ്രദേശങ്ങളിലെ കൂലി നിരക്കുകൾ ഈ പ്രദേശത്തും നിർമ്മാണ തൊഴിലാളികളുടെ കൂലി വർദ്ധനവിന് ഒരു കാരണമായി മാറി. ഇത് 1985 – 90 കാലയളവിലേതിനെ അപേക്ഷിച്ച് ഇരട്ടിയിലധികം വർദ്ധിച്ചിട്ടുണ്ട്. (താഴെ പട്ടിക നോക്കുക.)

| വർഷം | മേസ്തിരി | ആശാരി | കൈയാൾ പുരുഷൻ | കൈയാൾ സ്ത്രീ |
|---|---|---|---|---|
| 1985 | 60 | 60 | 35 | 20 |
| 1990 | 125 | 125 | 75–80 | 40–50 |

**പ്രശ്നങ്ങൾ**

1. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലകയറ്റം

2. നിർമ്മാണ വസ്തുക്കളുടെ പ്രാദേശിക ദൗർലഭ്യം.

3. കെട്ടിട നിർമ്മാണത്തിലെ ദുർവ്യയത്തെ കുറിച്ച് ധാരണകുറവ്

4. ചെലവു കുറഞ്ഞ നിർമ്മാണ ശൈലിയുടെ പ്രചരണ കുറവ്.

5. പരമ്പരാഗത വിദ്യകളുടെ തിരോധാനം

6. മതിലു നിർമ്മാണത്തിലെ അപാകതകൾ – വികസന ധാരണയില്ലായ്മ

7. പശ്ചാത്തല സൗകര്യങ്ങളില്ലാത്ത ഹരിജൻ കോളനി നിർമ്മാണം

8. ലക്ഷം വീടുകളിലെ സൗകര്യങ്ങളുടെ കുറവ്

**സാധ്യതകൾ / നിർദ്ദേശങ്ങൾ**

1. നിർമ്മാണ സാമഗ്രികളുടെ വിപണനത്തിനുള്ള സിവിൽ സപ്ലൈസ് പോലുള്ള ഏജൻസികൾ ഏർപ്പെടുത്തൽ.

2. പ്രാദേശികമായി ലഭ്യമായ മണ്ണ്, കല്ല് എന്നിവയെ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന വിശദമായ പഠനം

3. നഷ്ടപ്പെട്ടുപോയ പഴയ നിർമ്മാണ വിദ്യകൾ കണ്ടെത്തി പുനരുജ്ജീവിപ്പിക്കുന്നതിന് അടിയന്തിരമായി സർവ്വേകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കൽ.

4. ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ ശൈലിക്ക് പ്രചാരണവും ടാക്സ് ഇളവ് തുടങ്ങിയ പ്രോത്സാഹനവും നൽകലും.

5. ചെലവുകുറഞ്ഞ നിർമ്മാണ ശൈലിയിൽ തൊഴിലാളികൾക്കും സാങ്കേതിക വിദഗ്ദ്ധർക്കും പരിശീലനം നൽകൽ.

(2 മുതൽ 6 വരെ വിശദീകരിച്ച കാര്യങ്ങൾക്ക് IRTC, നിർമിതി കേന്ദ്രം

എന്നിവയുടെ സഹകരണം ലഭ്യമാക്കാവുന്ന താണ്.)

6. നിലവിലുള്ള കോളനികളിൽ വേണ്ട സൗകര്യങ്ങൾ എത്തിക്കൽ.

7. ഹൗസിങ്ങ് സൊസൈറ്റി സ്ഥാപിക്കൽ.

8. വായ്പകളുടെ വിതരണം ലളിതവൽക്ക രിക്കൽ.

9. കോളനികൾ സ്ഥാപിക്കുമ്പോൾ വിശദ മായ പശ്ചാത്തല പഠനവും ആസൂത്രണവും ഏർപ്പെടുത്തൽ.

10. മതിലുകൾക്കു പകരം ശീലൂരി, ആടലോടകം, ചെമ്പരത്തി മുതലായവ ഉപയോഗിച്ചുള്ള ജൈവ വേലികൾക്കു പ്രചാരം നൽകുകയും മതിലുകളുടെ നിർമ്മാണം നിയന്ത്രിക്കുകയും ചെയ്യുക.

11. പഞ്ചായത്തിൽ ആവശ്യമായ ഭേദഗതി കളോടെ നിർമ്മാണ ചട്ടം നടപ്പിലാക്കൽ.

12. വീടുകളുടെ ചെലവിന്റെ പരിധിക്കനു സരിച്ച് നികുതി ഈടാക്കൽ.

13. നൂതനവും പ്രാദേശികവുമായി സ്വീകാര്യ വുമായ സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കൽ.

## സാമൂഹ്യ ക്ഷേമം

മുണ്ടൂർ I, മുണ്ടൂർII എന്നീ വില്ലേജുകള ടങ്ങുന്ന മുണ്ടൂർ ഗ്രാമപഞ്ചായത്ത് തൊഴിൽ , വ്യവസായം, സാമ്പത്തികം, തുടങ്ങിയ മേഖ ലകളിലെ താരതമ്യേന വളരെ പിന്നോക്കാ വസ്ഥയിലാണുള്ളത്. പാലക്കാടു നിന്ന് 13 കി.മി. അകലെ മാത്രമാ,ണ് ഈ ഗ്രാമപഞ്ചായത്തെ ങ്കിലും സാമൂഹ്യ ക്ഷേമ മേഖലയിൽ വളരെ പിന്നിലാണ് ഗ്രാമം ഇന്നും . സർക്കാരിന്റെ സാമൂഹ്യക്ഷേമ പദ്ധതികളെ കുറിച്ചുള്ള ജനങ്ങളുടെ ബോധകുറവും, പദ്ധതികൾ അർഹരായവർക്കെല്ലാം എത്തിക്കുന്നതിന് സർ ക്കാർ സംവിധാനങ്ങൾക്കു വന്നിട്ടുള്ള വീഴ്ചയും ക്ഷേമ പദ്ധതികളുടെ ശരിയായ നടത്തിപ്പിനു തടസ്സം നിൽക്കുന്നതായി കരുതേണ്ടി യിരിക്കുന്നു. ഓരോരോ പരിപാടികളിൽ വിശകലനം ചെയ്താൽ മേൽ പറഞ്ഞ കാര്യങ്ങൾ ബോധ്യമാകും.

### പെൻഷൻ പദ്ധതികൾ

അഗതി പെൻഷൻ

അഗതി പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം 1995ലെ കണക്കുകൾ പ്രകാരം 137 ആണ്. അർഹതപ്പെട്ട ആളുകൾക്ക് ഇതേ കുറിച്ചുള്ള പരിജ്ഞാനം ഇല്ലായ്മയാണ് പ്രധാനമായും ഈ കാര്യത്തിൽ പ്രധാന പ്രശ്നം.

### വിധവാ പെൻഷൻ

ഗ്രാമപഞ്ചായത്തിലെ 174 പേർ വിധവാ പെൻഷൻ വാങ്ങുന്നവരായുണ്ട്. ഇനിയും ഗുണഭോക്താക്കളാവേണ്ടവർ ഉണ്ടെങ്കിലും അവരുടെ അജ്ഞത തന്നെയാണ് ഇക്കാര്യത്തി ലും പ്രശ്നം.

### വികലാംഗ പെൻഷൻ

104 പേരാണ് നിലവിലുള്ള ഗുണഭോക്താ ക്കൾ. അർഹരായ മുഴുവൻ പേരേയും ഇനിയും ഈ പെൻഷൻ പദ്ധതിയിൻ കീഴിൽ കൊണ്ടു വരണമെങ്കിൽ വിശദമായ സർവ്വേയും ബോധ വൽക്കരണവും ആവശ്യമാണ്.

**ക്ഷയരോഗികൾക്കുള്ള പെൻഷൻ**

ക്ഷയരോഗികൾക്കുള്ള പെൻഷൻ വാങ്ങുന്നവർ നിലവിൽ വെറും 3 പേർ മാത്രമാണ്. വിശദമായ പഠനത്തിലൂടെ മുഴുവൻ ഗുണഭോക്താകളെയും ഉൾപ്പെടുത്തുക എന്നത് അടിയന്തിരമായി നടപ്പിലാക്കേണ്ട കാര്യമാണ്.

**കർഷക തൊഴിലാളി പെൻഷൻ**

534 പേർക്കാണ് കർഷക തൊഴിലാളി പെൻഷൻ ഇപ്പോൾ നൽകി വരുന്നത്. ജില്ലാ കേന്ദ്രങ്ങളിൽ നിന്നാണ് പെൻഷൻ പാസ്സാക്കുന്നത് എന്നതിനാൽ അനർഹരായവർ പെൻഷൻ വാങ്ങുന്നതും അർഹരായവർ പരിഗണിക്കപ്പെടാതെ പോകുന്നതും സംഭവിക്കുന്നതിൽ അതിശയിക്കേണ്ടതില്ല. പെൻഷൻ വിതരണം താഴെ തട്ടിലേക്ക് എത്തിക്കുകയും വിശദമായ പുനഃപരിശോധന നടത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമായ കാര്യമാണ്.

**DWCRA**

DWCRA യുടെ 3 യൂണിറ്റുകൾ ഒരു ചടങ്ങെന്നവണ്ണം രൂപീകരിക്കപ്പെട്ടെങ്കിലും (നാമ്പുള്ളിപ്പുര,പൂതനൂർ, ഏഴക്കാട്) ഒന്നും തന്നെ പ്രവർത്തനക്ഷമമല്ല. ഇവയുടെ പ്രവർത്തനത്തിന്റെ ആവശ്യകതയെക്കുറിച്ചും ഇടപെടേണ്ടതായ വിവിധ മേഖലകളെ കുറിച്ചും ജനങ്ങൾക്കുള്ള അവബോധം തികച്ചും അപര്യാപ്തമാണ്.

**അംഗൻവാടികൾ**

മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ 11 വാർഡുകളിലായി 30 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 14 എണ്ണത്തിനാണ് സ്വന്തം കെട്ടിടം നിലവിലുള്ളത്. ബാക്കിയുള്ളവയിൽ 10 എണ്ണം സ്വന്തം സ്ഥലം പോലും ഇല്ലാത്തവയാണ്. കുടിവെള്ളം, കക്കൂസ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളും കുട്ടികൾക്കു വേണ്ട കളികോപ്പുകളും ഒന്നിലും ലഭ്യമല്ല. വൈദ്യുതി കണക്ഷൻ ഒരു അംഗൻവാടിയിലില്ല. അംഗൻ വാടികളുടെ ആവശ്യകതയെ കുറിച്ച് മറ്റേതു ക്ഷേമ പദ്ധതിയിലുമെന്ന പോലെ ജനങ്ങൾക്കുള്ള ബോധം തീരെ തൃപ്തികരമല്ല. പഞ്ചായത്തിന്റെയും പൊതുജനങ്ങളുടേയും സഹകരണത്തോടെ ഏറെ മെച്ചപ്പെട്ട പ്രവർത്തനം നിലവിൽ വരാവുന്ന ഒരു മേഖലയാണിത്. കുട്ടികളുടെയും ഗർഭിണികളുടെയും , മുലയൂട്ടുന്ന അമ്മമാരുടെയും വൈദ്യ പരിശോധനകൾ മാസത്തിൽ ഒന്ന് എന്നത് വർഷത്തിൽ ഒന്നു പോലും നടക്കുന്നില്ല എന്ന പരാതിയുണ്ട്. പൊതുജനാരോഗ്യ കേന്ദ്രത്തിൽ സ്ഥിരമായി ഒരു ഡോക്ടർ ഇല്ലാത്തതാണ് ഇതിനു പ്രധാന കാരണമായി ചൂണ്ടികാണിക്കാവുന്നത്.

ഏതു ക്ഷേമ പദ്ധതികളുടെയും വിജയം ഉറപ്പാക്കുന്നതിന് അത് നേരിട്ടുള്ള ജനങ്ങളിൽ എത്തിക്കാനും അതുവഴി ഇടതട്ടുകാരെ ഒഴിവാക്കാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നു മനസ്സിലാക്കേണ്ടതുണ്ട്.

**ട്രൈസം പദ്ധതികൾ**

തൊഴിൽ പരിശീലനം തേടുന്നവർ അതതു തൊഴിൽ മേഖലയിൽ തന്നെ തുടർന്നു നിൽക്കുന്ന വിരളമായേ സംഭവിക്കാറുള്ളൂ എന്നതാണ് ട്രൈസത്തിന്റെ പദ്ധതികളുടെ പ്രധാന അപാകത.

**പ്രശ്നങ്ങൾ**

1. അർഹരായ വളരെയേറെ ആൾക്കാർ എല്ലാ സാമൂഹ്യ പദ്ധതികളിലും വിസ്മൃതരായി പോവുന്നു.

2. ക്ഷേമ പദ്ധതികളുടെ വിവരം ഗുണഭോക്താക്കളിൽ എത്തുന്നില്ല.

3. IRDP തുടങ്ങിയ പദ്ധതികളിൽ അനർഹരായവരും ഗുണഭോക്താകളായി മാറുന്നു.

4. ഇടതട്ടുകാരെ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥ.

5. അംഗനവാടി ജീവനക്കാരുടെ കുറഞ്ഞ വേതന നിരക്കുകൾ.

6. ആരോഗ്യ പരിശോധനാപരിപാടികളുടെ നടത്തിപ്പിലെ അപാകതകൾ.

**സാധ്യതകൾ / നിർദ്ദേശങ്ങൾ**

1. ക്ഷേമപദ്ധതികളുടെ നടത്തിപ്പ് സ്തുത്യാർഹമാക്കൽ

2. വിവിധ പെൻഷൻ പദ്ധതികളിലെ അനർഹരായവരെ ഒഴിവാക്കുവാനും അർഹരായവരെ മുഴുവൻ ഉൾപ്പെടുത്താനും വേണ്ട രീതിയിൽ പുനഃപരിശോധന

3. 'സ്വയം തൊഴിൽ' തുടങ്ങിയ വായ്പാ പദ്ധതികളുടെ ലളിതവല്കരണം.

4. ജനസഹകരണത്തോടെ അംഗൻവാടികൾക്ക് സ്ഥലവും മറ്റുപ്രാഥമിക സൗകര്യങ്ങളും ഗതാഗത സൗകര്യവും ഏർപ്പെടുത്തുക.

5. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ സ്ഥിരം ഡോക്ടറെ നിയമിച്ച് കൃത്യമായ വൈദ്യപരിശോധന അംഗൻവാടികളിൽ നടക്കുന്നുണ്ടെന്നുറപ്പു വരുത്തുക.

6. വാർഡു തോറും പ്രവർത്തനക്ഷമമായ DWCRA യൂണിറ്റുകൾ രൂപീകരിക്കുക.

7. അംഗൻവാടികളിലെ നിത്യജോലിക്കു തടസ്സം വരുന്ന രീതിയിൽ ജീവനക്കാർക്ക് മറ്റു ജോലികൾ ഏൽപ്പിക്കുന്നത് ഒഴിവാക്കൽ.

8. അംഗൻവാടി ജീവനക്കാരുടെ വേതന നിരക്ക് മെച്ചപ്പെടുത്തുക.

9. ട്രൈസം പദ്ധതിയെകുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ.

10. വൃദ്ധ ജനങ്ങൾക്കായി അഗതി മന്ദിരം നിർമ്മിക്കൽ.

11. വാർഡു തോറും 'ക്രഷ്' പ്രവർത്തനം നടപ്പിലാക്കൽ

12. സോപ്പ്,റെഡിമെയ്ഡ് ഇനങ്ങൾ, മെഴുകുതിരി തുടങ്ങിയവയുടെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.

വികസന രേഖ

മുണ്ടൂർ
ഗ്രാമപഞ്ചായത്ത്

# 4.H

# സംസ്ക്കാരം

വളരെ പണ്ട് മുതൽ തന്നെ സാംസ്കാരികമായ ഒരു അടിത്തറയും ഐക്യവും മുണ്ടൂരിലെ ജനജീവിതത്തെ പഠിക്കുമ്പോൾ തെളിഞ്ഞു കാണാം. വ്യത്യസ്ത വിശ്വാസങ്ങളുടെ സമന്വയത്തിലൂടെ ജീവിതശൈലി ആയിരുന്നതായി കാണുന്നു.

ഇന്ന് നാം എത്തി നിൽക്കുന്ന ദിശയിൽ നിന്ന് തിരിഞ്ഞു നോക്കുമ്പോൾ വിവിധങ്ങളായ സാംസ്കാരിക ശ്രോതസ്സുകൾ ഈ ഗ്രാമസംസ്കൃതിയുടെ പരിപോഷകങ്ങളായി പരിണമിച്ചത് കണ്ടെത്താനാവും.

ജാതി മത ഘടന

മുണ്ടൂരിൽ പണ്ടു മുതൽ ജീവിച്ചിരുന്ന ജനങ്ങൾ പ്രധാനമായും മൂന്ന് വിഭാഗങ്ങളിൽ പെടുന്നു. ഹിന്ദുവും, കൃസ്തീയനും മുസ്ലീങ്ങളും . ഇവരുടെ ആരാധനാലയങ്ങളുടെ ഒരു വിവരം താഴെ കൊടുക്കുന്നു.

| മതവിഭാഗം | ആരാധനാലയങ്ങളുടെ എണ്ണം |
|---|---|
| ഹിന്ദു | 55 |
| കൃസ്തീയൻ | 16 |
| മുസ്ലീം | 8 |

**മുണ്ടൂരിന്റെ ഉത്സവങ്ങൾ**

മുണ്ടൂരിലെ വളരെ ആവേശപൂർവ്വം പങ്കെടുക്കുന്ന ഉത്സവങ്ങൾ ധാരാളമുണ്ട്.

1. മുണ്ടൂർ കുമ്മാട്ടി
2. ഏഴക്കാട് വിഷുവേല
3. പൂതനൂർ കുമ്മാട്ടി
4. സത്രം കാവ് താലപ്പൊലി
5. കയറംകാവ് താലപ്പൊലി
6. മൈലംപുള്ളി പെരുന്നാൾ
7. പൂതനൂർ പള്ളിനേർച്ച

മേൽ കൊടുത്ത പ്രാദേശിക ഉത്സവങ്ങളിലെല്ലാം മുണ്ടൂരിലെ എല്ലാ ജനവിഭാഗങ്ങളും ഉത്സാഹപൂർവ്വം പങ്കെടുക്കുന്നു. കൂടാതെ ഈ

ഉത്സവങ്ങൾ മുണ്ടൂരിലെ സാംസ്കാരിക സമന്വയത്തിന്റെയും മതമൈത്രിയുടെയും പ്രതീകങ്ങൾ കൂടിയാണ്.

സത്രംകാവ്, കയറംകാവ്, പാലക്കീഴ്കാവ്,, എഴക്കാട് കുന്നപ്പുള്ളി കാവ് എന്നിവിടങ്ങളിൽ പാട്ടു താലപ്പൊലി പതിവുണ്ട്. ഇതിൽ പാലകീഴ് കാവ്, കുന്നപുള്ളി കാവ് എന്നിവിടങ്ങളിൽ പാട്ടു താലപ്പൊലിയും കയറംകാവ്, മേപ്പനാട്ടു കാവ് മന്ദത്തു കാവ്, ശ്രീ കുറുമ്പ കാവ്, പൂതനൂർ, ചെറിയ കുന്നംപുള്ളി കാവ് എന്നിവിടങ്ങളിൽ വിളക്കു താലപ്പൊലിയും നടക്കുന്നു. എഴക്കാട്, പൂതനൂർ, പാലക്കീഴ് കാവുകളിൽ തോൽ പാവക്കൂത്തു നടത്തി വരുന്നു. കയറംകാവിലെ കയറനൂട്ട് പ്രസിദ്ധമാണ്.

കിഴക്കേമുറി കോവിൽ പറമ്പിലുള്ള ക്യസ്തീയ ദേവാലയത്തിലും മൂത്തേടത്തു ണ്ടായിരുന്ന ക്യസ്തീയ ദേവാലയത്തിലും വർഷം തോറും നടത്തി വരാറുള്ള ക്രിസ്സ്മസ്സ്, ഈസ്റ്റർ ആഘോഷങ്ങൾ മുണ്ടൂരിന്റെ മതമൈ ത്രിക്ക് ഉദാഹരണമാണ്. അടുത്ത കാലം തൊട്ട് മൈലംപുള്ളി പള്ളിയിലെ പള്ളിപ്പെരുന്നാളാ ഘോഷം ജനങ്ങളാകെ പങ്കെടുക്കുന്ന ആഘോഷമായി മാറികഴിഞ്ഞിരിക്കുന്നു.

പൂതനൂർ 9-ാം മൈലിലെ പള്ളി നേർച്ച ജനശ്രദ്ധയാകർഷിക്കുന്ന ഒരുത്സവമാണ്. ജാതിമത വ്യത്യാസമില്ലാതെ ജനങ്ങൾ പങ്കെടുക്കുന്ന മാത്തൂരിലെ തെരുവത്ത് പള്ളിനേർച്ച വളരെ പ്രസിദ്ധമാണ്. ഈ പള്ളിയിലേക്ക് മുണ്ടൂരിലെ ജനങ്ങൾ വഴിപാടു കൊടുക്കുന്ന രീതി പണ്ടു മുതലെ നടപ്പുള്ളതാണ്.

**സാമ്പത്തിക ഘടന**

മുണ്ടൂരിലെ സാമ്പത്തിക ഘടനയുടെ അടിത്തറ നെൽകൃഷിയായിരുന്നു. പ്രധാന കൃഷിയുടമകൾ വരിക്കാശേരി മന, പൂമുള്ളി മന, കുതിരവട്ടം തമ്പാന്മാർ, ഒളപ്പമണ്ണ മന എന്നിവരും പ്രബല ഈഴവകുടുംബകാരു മായിരുന്നു. ഭൂഉടമകളുടെ പട്ടികയിൽ കിഴക്കേ വാരിയം, അരിമ്പ്രക്കളം, മുണ്ടൂർ നായർ വീട് എന്നിവരും ഉൾപ്പെടുന്നു. നെൽകൃഷിയിൽ ഏർപ്പെട്ടിരുന്നവരിൽ ഏറ്റവും പ്രധാനപ്പെട്ട സമുദായം ഈഴവ സമുദായമായിരുന്നു.

സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ കേരളത്തിലെ ഇതര പ്രദേശങ്ങളെ പ്പോലെ സ്വഭാവികമായും മുണ്ടൂരിലും ഇടതു പക്ഷ രാഷ്ട്രീയത്തിന്റെ സ്വാധീനമുണ്ടായിയരുന്നു. മുണ്ടൂരിലെ ജനജീവിതത്തിന്റെ പുരോഗതിക്കും അവകാശ സംരക്ഷണരംഗത്തും എല്ലാ രാഷ്ട്രീയ ആദർശങ്ങളും സ്വാധീനം ചെലുത്തി വരുന്നു. കേരള പിറവിക്കു ശേഷം 1970 കളിൽ മുണ്ടൂരിലെ കാർഷിക രംഗത്ത് ഭൂപരിഷ്കരണത്തിന്റെ ഫലമായി പുതിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

**ഗ്രന്ഥശാലകൾ**

1950 കളിൽ സമീപ ഗ്രാമങ്ങൾക്ക് മുഴുവനും മാതൃപരമായി മുണ്ടൂരിൽ നല്ല നിലയിൽ ഗ്രന്ഥശാലകൾ പ്രവർത്തിച്ചിരുന്നു. വിവേകാനന്ദ വായനശാല, ജയ്ഹിന്ദ് വായനശാല എന്നിവ ഇവിടെ പ്രത്യേകം സ്മരിക്കേണ്ടതുണ്ട്.

അന്നത്തെ ചെറുപ്പക്കാരുടെ വായന, തുറന്ന ചിന്ത, പ്രതികരണ ശേഷി, സംവാദം എന്നീ സാംസ്കാരിക കൂട്ടായ്മകൾക്ക് ഈ സ്ഥാപനങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്.

സാംസ്കാരിക രംഗത്ത് നാടക പ്രസ്ഥാനം ചെലുത്തിയ സ്വാധീനം വളരെ വലുതാണ്. വർഷം തോറും ചെറുകാട്, കെ.ദാമോദരൻ, കെ.ടി.മുഹമ്മദ്, ഉറൂബ്, വി.ടി.ഭട്ടതിരി, ഇടശ്ശേരി എന്നിവരുടെ നാടകങ്ങൾ അവതരിപ്പിക്കുന്നതിൽ ഈ രണ്ട് ഗ്രന്ഥാലയങ്ങൾക്ക് പ്രമുഖ പങ്കാണ് ഉണ്ടായിരുന്നത്. 1957ൽ പാലക്കാടിനെ പ്രതിനിധീകരിച്ച് നാടകം അരങ്ങേറിയത് മുണ്ടൂരിലെ സാംസ്കാരിക പ്രബുദ്ധത നേടിയ ചെറുപ്പക്കാരായിരുന്നു എന്നതും സ്മരണീയമാണ്.

ഈ സാംസ്കാരിക ഉന്നമനം മുണ്ടൂരിൽ പ്രശസ്തരായ എഴുത്തുകാർ, നടന്മാർ, ഗായകർ എന്നിവരുടെ വളർച്ചയ്ക്കു കാരണമായി തീർന്നിട്ടുണ്ട്.

ഈ വർഷത്തെ ചെറുകാട് അവാർഡ് നേടിയ മുണ്ടൂർ കൃഷ്ണൻകുട്ടിയും മുണ്ടശ്ശേരി അവാർഡ് നേടിയ മുണ്ടൂർ സേതുമാധവനും മുണ്ടൂരിന്റെ സാംസ്കാരിക സമ്പത്ത് തന്നെയാണ്. അവരുടെ സാഹിത്യ സപര്യയിലൂടെ അവർ നമ്മുടെ ഗ്രാമത്തിന്റെ കീർത്തി നാടെങ്ങും എത്തിക്കുകയായാരുന്നു.

മുണ്ടൂർ ബാലകൃഷ്ണൻ, എം.പി.വാസുദേവൻ,കുറുശ്ശിയിൽ കൃഷ്ണൻകുട്ടി,മുണ്ടൂർ അരവിന്ദൻ, പി.ചന്ദ്രശേഖരൻ എന്നീ എഴുത്തുകാരും മുണ്ടൂർ സ്വാമിനാഥൻ എന്ന ഗായകനും ഈ ഗംാസ്കാരിക തരംഗത്തിന്റെ സംഭാവനകളാണ്.

മുണ്ടൂരുമായി ബന്ധമുള്ള പ്രൊഫ. വി.വിജയൻ കഥകളിക്കു നൽകിയ സംഭാവനകളും വിലമതിക്കപ്പെട്ടതാണ്. അടുത്ത കാലത്തായി ചലചിത്ര രംഗത്തെ വിവിധ തുറകളിൽ പ്രവർത്തിക്കുന്ന ടി.എ.അബ്ദുൾ റഹിമാൻ,ഷാജു,പത്മകുമാർ എന്നിവരും നമ്മു ഗ്രാമക്കാരാണ് എന്നത് ശ്രദ്ധേയമാണ്.

മുണ്ടൂരിന്റെ സാംസ്കാരിക ചരിത്രത്തി ശ്രദ്ധിക്കപ്പെടേണ്ട രണ്ട് പത്ര പ്രവർത്തകരാ കേരള കൗമുദിയിൽ പ്രവർത്തിച്ചിരുന്ന കെ വിജയരാഘവനും ആദ്യകാലത്ത് തീക്കതിരിലു ഇപ്പോൾ മുന്നണി പ്പോരാളിയിലും പ്രവർത്ത ക്കുന്ന മുണ്ടൂർ രാവുണ്ണിയും. പുത്ത തലമുറയിലെ ഒരു പത്ര പ്രവർത്തകനായി PT യിൽ പ്രവർത്തിക്കുന്ന പി.വിനു മുണ്ടൂരി മറ്റൊരു സംഭാവനയാണ്.

**കലാസാംസ്കാരിക സ്ഥാപനങ്ങൾ**

പഞ്ചായത്തിൽ നിലവിലുള്ള കലാ സാം സ്കാരിക സ്ഥാപനങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു. നിരന്തരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കുറഞ്ഞു വരുന്നു. സാംസ്കാരിക രംഗത്തെ ഗൗരവത്തോടെ കാണുന്ന സ്ഥാപനങ്ങൾ വളരെ കുറവാണ്.
(പട്ടിക 1 ശ്രദ്ധിക്കുക)

**കായിക സ്ഥാപനങ്ങൾ**

ചെറുപ്പക്കാരുടെ കായിക പുരോഗത് ലാക്കാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ കുറവാണ്. പൂതനൂരിലെ ദർശന ക്ലബ്ബ്, വേലിക്കാട് ജയ്ഹിന്ദ് വായനശാല കൂട്ടുപാതയിലെ സ്റ്റാർ ആർട്സ് ക്ലബ്ബ്, എഴക്കാട് ശാന്തിസേനാ വായനശാല എന്നീ സ്ഥാപനങ്ങൾ ചെറുപ്പക്കാരുടെ കായിക വിനോദത്തിന് പ്രോത്സാഹനം നൽകുന്നു ബാറ്റ്മെന്റൻ, വോളിബോൾ, എന്നീ കളികൾ സംഘടിപ്പിക്കുന്നു. പൂക്കള മത്സരം, നീന്തൽ മത്സരം എന്നിവയും സംഘടിപ്പിക്കുന്നുണ്ട്.

**പത്ര[illegible]ടെ പ്രചാരണം**

[illegible]നകത്ത് 1327 മലയാള പത്ര[illegible] ഇംഗ്ലീഷ് പത്രങ്ങളും പ്രചാ[illegible]തിൽ മാതൃഭൂമി, മനോരമ, ദേശാഭിമാ[illegible]ന്നീ പത്രങ്ങളാണ് കുടുതൽ ഉള്ളത്. 15[illegible] വാരികകൾ വിതരണണം ചെയ്യുന്[illegible] കണക്ക്. ദ്വൈവാരികകൾ 136 എണ്ണ[illegible]കകൾ 304 എണ്ണവും. ശാസ്[illegible]കൾ 50 എണ്ണവും കുട്ടികളുടെ മാസിക[illegible]ണ്ണവും പ്രചാരത്തിലുണ്ടെന്ന് കണ[illegible] സൂചിപ്പിക്കുന്നു.

**ഇലക്[illegible]ക് മാധ്യമങ്ങൾ**

ഇല[illegible]ാണിക് മാധ്യമങ്ങളുടെ സ്വാധീനത്തിൽ [illegible]ടെ ശ്രമവും ഒട്ടും പിന്നിലല്ല.

അ[illegible] സംബന്ധിച്ച് സെക്കണ്ടറി ഡാറ്റയിൽ[illegible]ിന്നുള്ള വിവരങ്ങൾ താഴെ ചേർ[illegible]

| | മാധ്യമത്തി[illegible] പേര് | പഞ്ചായത്തിനകത്തെ എണ്ണം |
|---|---|---|
| 1. | സിന[illegible]ശാല | 1 |
| 2. | ടി.വി | 600 |
| 3. | കേ[illegible] ടി.വി. നടത്തുന്നവർ | 1 |
| 4. | ഡിഷ്[illegible]ന്റിന ഉപയോഗിക്കുന്നവർ | 5 |
| 5. | ഫോ[illegible] | 138 |
| 6. | റേഡി[illegible]ാ | 5000 |
| 7. | ടേപ്പ് റിക്കാർഡുകൾ | 2000 |

**പ്രശ്നങ്ങൾ**

1. എല്ലാ വാർഡുകളിലും ഗ്രന്ഥശാലകളില്ല.
2. സാംസ്കാരിക കേന്ദ്രങ്ങൾക്ക് ടി.വി. ഇല്ല
3. പഞ്ചായത്തിന് ഉള്ള കളിസ്ഥലം ഉപയോഗപ്രദമായ സ്ഥലത്തല്ല.
4. പഞ്ചായത്ത് സാസ്കാരിക നിലയം നിർജീവമാണ്.
5. പൊതുശ്മശാനങ്ങൾ കുറവാണ്
6. സാക്ഷരതാ പ്രവർത്തനം തീരെ നടക്കുന്നില്ല

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്ത് ഓഫീസിനോട് അനുബന്ധമായുള്ള സാംസ്കാരിക നിലയം പ്രവർത്തനക്ഷമമാക്കുക.
2. പൊതു നിരത്തുകളിൽ പഞ്ചായത്ത് അതിർത്തി കാണിക്കുന്ന ബോർഡ് സ്ഥാപിക്കുക.
3. വാർഡ് തോറും സാംസ്കാരിക സദസ്സുകളും കുടുംബസദസ്സുകളും സംഘടിപ്പിച്ച് സാംസ്കാരിക കൂട്ടായ്മ വളർത്തുക.
4. പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളെ പ്രോത്സാഹിപ്പിക്കുക.
5. പ്രവർത്തിക്കാതിരിക്കുന്ന വായനശാലകളെ പ്രവർത്തന യോഗ്യമാക്കുക.
6. തുടർ സാക്ഷരതാ പ്രവർത്തനത്തിന് രൂപം നൽകുക. ജനവിദ്യാ കേന്ദ്രങ്ങൾ സജീവമാക്കുക.

| ക്രമ നമ്പ്ര് | പേര് | വാർഡ് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | മുണ്ടൂർ സ്റ്റാർ ആർട്സ് ലൈബ്രറി കൂട്ടുപാത | 5 | 1972 | D | 1986 | 335 | 3 ദിനപത്രം 3 വാരിക | കേരളഗ്രന്ഥശാലാ സംഘം അംഗീകാരമുണ്ട് സാമൂഹ്യപ്രവർത്തന രംഗത്ത് സജീവം |
| 2 | ശാന്തിസേന റീഡിങ്ങ് റൂം, എഴക്കാട് | 10 | 1958 | B | 4000 | 400 | 3 ദിനപത്രം 3 വാരിക | കേരളഗ്രന്ഥശാലാ സംഘംഅംഗീകാരമുണ്ട്വാർഷികംനടത്താറുണ്ട്,വാർഡ്അടിസ്ഥാന സ്പോർട്സ്നടത്തുന്നു |
| 3 | ഗ്രാമസഭ വായനശാല പൂതനൂർ | 3 | 1974 | D | 1750 | 325 | 2 ദിനപത്രങ്ങൾ | – |
| 4 | യുവപ്രഭാത് വായനശാല മുണ്ടൂർ | 4 | 1968 | D | 3000 | 355 | 4 ദിനപത്രങ്ങൾ 5 വാരികകൾ | കേരളാഗ്രന്ഥശാലാ സംഘം അംഗീകാരമുണ്ട്. സംസ്ക്കാരിക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. |
| 5 | ജയ്ഹിന്ദ് വായനശാല വേലിക്കാട് | 2 | 1967 | - | 250 | 225 | 2 ദിന പത്രങ്ങൾ | കേരളഗ്രന്ഥശാലാ സംഘം അംഗീകാരമുണ്ട്. |

വികസന രേഖ

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

# 4.F

# വനിത

വനിതകളുടെ പൊതു പ്രവർത്തന രംഗത്തേക്കുള്ള മുന്നേറ്റം നമ്മുടെ പഞ്ചായത്തിൽ കുറെയെങ്കിലും കണ്ടുതുടങ്ങിയത് ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ തുടക്കത്തോടെ മാത്രമാണ്. കർഷക തൊഴിലാളി സ്ത്രീകൾ അവരുടെ കൂലി കൂടുതലിന് വേണ്ടിയുള്ള പോരാട്ടത്തിൽ മുന്നോട്ടു വന്നിരുന്ന അനുഭവം കാണാൻ കഴിയും.

സ്ത്രീ വിമോചന പോരാട്ടത്തിന് ആവേശം പകരുന്ന വനിതാമുന്നേറ്റങ്ങളൊന്നും പഞ്ചായത്തിൽ ദൃശ്യമല്ല. 1957-58 കാലത്ത് ബ്ലോക്ക് അടിസ്ഥാനത്തിൽ രൂപികരിച്ചിരുന്ന മഹിളാസമാജങ്ങൾ ഉണ്ടായിരുന്നു. അങ്ങനെ മുണ്ടൂരിൽ രൂപീകരിച്ച ഒരു മഹിളാസമാജത്തിന്റെ പ്രസിഡണ്ടായി കണ്ണത്ത് ജാനകിയമ്മ പ്രവർത്തിച്ചിരന്നു.

ഏതാണ്ട് ഇതേ കാലത്താണ് പെൺകുട്ടികൾക്കായുള്ള സർക്കാർ ബേസിൽ ലോവർ പ്രൈമറി സ്കൂളിൽ തൃശ്ശൂരിൽ നിന്നും രണ്ട് അദ്ധ്യാപികമാർ വരുന്നത്. മുണ്ടൂർകാർക്കൊക്കെ അടുത്തറിയാവുന്ന ആ രണ്ട് ' ഏലിയാടീച്ചർമാർ' മുണ്ടൂരിലെ സ്ത്രീ വിദ്യാഭ്യാസരംഗത്തെ പ്രോൽസാഹിപ്പിക്കുന്നതിൽ പ്രധാന പങ്കാളികളായിരുന്നു.

ഉന്നത വിദ്യാഭ്യാസം നേടിയ വനിതകൾ നമ്മുടെ ഗ്രാമത്തിൽ ആദ്യകാലത്ത് ഉണ്ടായിരുന്നില്ല. മുണ്ടൂരിലെ ആദ്യത്തെ അദ്ധ്യാപിക ജപമാലമേരിടീച്ചറായിരിക്കും. കാവേരിക്കുട്ടിഅമ്മയും, ആരോഗ്യ,മേരി ടീച്ചറുമൊക്കെ അക്കാലത്തെ അദ്ധ്യാപികമാരായി മുണ്ടൂരിൽ പ്രവർത്തിച്ചിരുന്നു.

ഗ്രാജുവേറ്റ് ചെയ്ത ആദ്യത്തെ വനിത അനുപുരത്ത് പിഷാരത്തെ പാർവ്വതി ടീച്ചർ ആണ്. അദ്ധ്യാപകവൃത്തിക്ക് ഉപരിയായ

ജോലിയെ കുറിച്ചുള്ള സങ്കൽപ്പം അന്നു കാലത്ത് സ്ത്രീകൾക്കിടയിൽ ഉണ്ടായിരുന്നില്ല. ഇന്നും ഇവിടത്തെ വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്നവരിൽ അദ്ധ്യാപികമാരാണ് കൂടുതൽ. ആകെ 148 പേരിൽ 95 പേരും സ്ത്രീകൾ ആണ്.

1991 – ലെ സെൻസസ് പ്രകാരം നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സ്ത്രീകളുടെ എണ്ണം 13484 ആണ്. പുരുഷൻമാരെക്കാൾ 972 കൂടുതൽ. സ്ത്രീകൾ മൊത്തം ജനസംഖ്യയുടെ 51.7 ശതമാനമാണ്. സ്ക്കൂളിൽ പഠിക്കുന്ന കുട്ടികളിൽ പെൺകുട്ടികളാണ് എണ്ണത്തിൽ കൂടുതൽ. പഞ്ചായത്തിലെ സ്ക്കുളുകളിൽ പഠിക്കുന്ന 4812 കുട്ടികളിൽ (1 മുതൽ 10 വരെ ക്ലാസ്സുകളിൽ) 2491 പേർ പെൺകുട്ടികളാണ്. പ്രൈമറി വിദ്യാഭ്യാസത്തോടെ പഠനം നിർത്തുന്നവരിൽ കൂടുതൽ പെൺകുട്ടികളാണ്. വീട്ടിൽ ചെറിയ കുട്ടികളെ പരിചരിക്കാൻ ഇവർ നിർബന്ധിതരാവുന്നു. 10–ാം വാർഡിലെ കവറത്തറ, പാണത്തറ മൂന്നാം വാർഡിലെ മല്മ്പള്ള ഹരിജൻ കോളനി, രണ്ടാം വാർഡിലെ പഞ്ഞമല എന്നിവിടങ്ങളിൽ ഈ പ്രവണത കൂടുതൽ കാണുന്നുണ്ട്.

ആരോഗ്യ കാര്യങ്ങളിലും സ്ത്രീകളാണ് പിന്നിൽ. ദാരിദ്ര രേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ വരുമാനത്തിന്റെ 85 ശതമാനവും സ്ത്രീകളുടെ സമ്പാദ്യത്തിലൂടെയാണ്.

പുരുഷൻ പുകവലി എന്ന ദുശ്ശീലത്തിലൂടെയാണ് പുക ശ്വസിക്കുന്നതെങ്കിൽ അതിലെത്രയോ മടങ്ങ് പുക സ്ത്രീകൾ അവരുടെ അടുക്കളയിൽ നിന്നും ശ്വസിക്കുന്നു. മാത്രവുമല്ല സ്ത്രീകൾ അവരുടെ രോഗ വിവരങ്ങൾ പുറത്ത് പറയാതിരിക്കുകയും സ്വയം അവഗണിക്കുകയും ചെയ്യുന്നു.

തൊഴിൽ രംഗത്തെ സ്ത്രീ പങ്കാളിത്തം താഴെ കൊടുത്ത 1991 ലെ സെൻസസ് വെച്ച് പരിശോധിച്ചാൽ അവഗണനയുടെ ചിത്രം നമുക്ക് ബോധ്യമാവും. കർഷക തൊഴിലാളി മേഖലയിൽ മാത്രമാണ് പങ്കാളിത്ത തുല്യത കാണുന്നത്. മുണ്ടൂർ ചുങ്കത്ത് പ്രവർത്തിച്ചിരുന്ന ഖാദി നൂൽനൂൽപ്പ് കേന്ദ്രം ഇന്ന് പ്രവർത്തിക്കുന്നില്ല. ആ സ്ഥാപനത്തിന് മൂത്തേടത്ത് വാങ്ങിയ 75 സെന്റ് സ്ഥലം തറപ്പണി കഴിഞ്ഞ് വെറുതെ കിടക്കുന്ന സ്ഥിതിയാണിന്നുള്ളത്.

| തൊഴിൽ മേഖല | പുരു::എണ്ണം | സ്ത്രീ എണ്ണം | ആകെ |
|---|---|---|---|
| കർഷകർ | 812 | 205 | 1017 |
| കർഷകതൊഴിലാളികൾ | 2220 | 2003 | 4223 |
| മൃഗസംരക്ഷണം | 245 | 21 | 266 |
| കുടിൽ വ്യവസായം | 169 | 206 | 275 |
| കെട്ടിട നിർമ്മാണം | 123 | 7 | 130 |
| ഗതാഗതം, വാർത്താ വിനിമയം | 368 | 5 | 373 |
| വ്യാപാരം | 631 | 47 | 678 |
| കുടിൽ ഇതര വ്യവസായം | 477 | 22 | 499 |
| മറ്റുള്ളവ | 603 | 249 | 852 |

സ്ത്രീകൾക്ക് അവരുടെ കഴിവിനേ കുറിച്ചുള്ള ശക്തമായ അറിവുണ്ടാക്കുന്നതിലൂടെ മാത്രമെ ഇതു പരിഹരിച്ചെടുക്കാനാവൂ.

മൃഗസംരക്ഷണ മേഖലയിലും സഹകരണ മേഖലയിലും പുതിയ തൊഴിൽ തുറകൾ സൃഷ്ടിച്ച് സ്ത്രീകളെ എല്ലാ നിലയിലും ശക്തിപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്.

വനിതകളുടെ മാത്രമായ ഒരു തൊഴിൽ സംരംഭവും ഇവിടെയിലെ DWCRA യുടെ മൂന്ന് യൂണിറ്റ് ഉണ്ടെങ്കിലും പ്രവർത്തനക്ഷമമായത് ഒന്നും തന്നെയില്ല.

| സ്ഥലം | മേഖല | അംഗങ്ങൾ |
|---|---|---|
| എഴക്കാട് കവറത്തറ | ബാംബൂ | 15 |
| എഴക്കാട് | പപ്പടം | 15 |
| നാമ്പുള്ളിപ്പുര | ഡയറി | 20 |

എല്ലാ വാർഡിലും മഹിളാസമാജങ്ങൾ ഉണ്ടെങ്കിലും 3,6,10 വാർഡുകളിൽ മാത്രമാണ് സജീവ പ്രവർത്തനമുള്ളത്. അതിൽ 6-ാം വാർഡിലെ കസ്തൂർബാ മഹിളാ സമാജത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം മറ്റു സമാജങ്ങൾ മാതൃകയായി എടുക്കേണ്ടവയാണ്. അവിടെ ക്രഷ് പ്രവർത്തിക്കുന്നു. സെൻട്രൽ സോഷ്യൽ വെൽഫേർ ബോർഡ് വർഷത്തിൽ 18,000 രൂപ ഗ്രാന്റ് നൽകുന്നു. ഇതുപയോഗിച്ച് 400 രൂപാ വീതം ശമ്പളം കൊടുത്ത് 2 ആയമാരെ നിയമിച്ചാണ് ക്രഷ് പ്രവർത്തിക്കുന്നത്. ക്രഷിലെ 18 കുട്ടികളുടെ പരിരക്ഷ ഈ സമാജത്തിന്റെ നേതൃത്വത്തിൽ നടക്കുന്നു. പാലക്കാട് ചക്കാന്തറയിലുള്ള പ്യൂപ്പിൾസ് സർവ്വീസ് സൊസൈറ്റിയിൽ ഈ സമാജത്തിന് അഫിലിയേഷനുണ്ട്. ദാരിദ്ര രേഖക്കു താഴെയുള്ളവർക്ക് പശു, ആട് എന്നിവ വാങ്ങാനും വീട് നന്നാക്കാനും കക്കൂസ് കെട്ടാനും സൊസൈറ്റി ലോൺ കൊടുക്കുന്നു.

മൂന്നാം വാർഡിലുള്ള മഹിളാസമാജത്തിൽ ബ്ലോക്കും നെഹ്റു യുവകേന്ദ്രയും കൊടുത്ത രണ്ട് തുന്നൽ മെഷീനുകൾ വെച്ച് ഒരധ്യാപിക പെൺകുടികളെ തുന്നൽ പഠിപ്പിക്കുന്നു. പഠിതാക്കളാണ് അധ്യാപികക്ക് ചെറിയ ശമ്പളം കൊടുക്കുന്നത്.

ഇത്തരം പ്രവർത്തനങ്ങൾ മറ്റ് മഹിളാ സമാജങ്ങൾ മാതൃകയായെടുത്ത് പ്രവർത്തിപ്പിക്കേണ്ടിയിരിക്കുന്നു. ബ്ലോക്ക് ജില്ലാ തലങ്ങളിൽ മഹിളാസംഘടനകളിൽ പ്രവർത്തിക്കുന്ന വനിതകൾ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് സാമൂഹ്യ പ്രവർത്തന താൽപ്പര്യം ഈ പ്രവർത്തനങ്ങളിലൂടെ വളർത്തികൊണ്ടു വരേണ്ടതാണ്.

തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന കൂലിക്കന്തരം നമ്മുടെ പഞ്ചായത്തിലും വളരെ വലുതാണ് തുല്യ ജോലിക്ക് തുല്യ വേതനമെന്ന ആശയം എങ്ങും പ്രാവർത്തികമല്ല.

| തൊഴിൽ മേഖല | പുരുഷൻ | സ്ത്രീ |
|---|---|---|
| കർഷക തൊഴിലാളി | 65-75 രൂപ | 35-40 രൂപ |
| കെട്ടിട നിർമ്മാണ തൊഴിലാളി | 75-80 രൂപ | 40-50 രൂപ |

**പ്രശ്നങ്ങൾ**

1. എല്ലാ പെൺകുട്ടികൾക്കും സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയുന്നില്ല.

2. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് പെൺകുട്ടികൾ തീരെ പിന്നിലാണ്.

3. സ്ത്രീകൾക്കുള്ള കൂലി വളരെ കുറവാണ്.

4. വനിതാ വ്യവസായ സംരംഭങ്ങൾ ഒന്നും തന്നെയില്ല.

5. DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.

6. കെട്ടിട സൗകര്യമുള്ള അമ്പലവട്ടത്തെ നൂൽനൂൽപ്പ് കേന്ദ്രം പോലും പൂട്ടി.

7. സ്വയം തൊഴിൽ നേടാനുള്ള സർക്കാർ പദ്ധതികളെ കുറിച്ച് സ്ത്രീകൾ ബോധവതികളല്ല.

8. തുല്യജോലിക്ക് തുല്യ വേതനം

ഗ്രാമങ്ങളിൽ തുടങ്ങുക.

9. സ്ത്രീധനക്കുറവിന്റെ പേരിൽ വിവാഹങ്ങൾ നടക്കാത്ത അവസ്ഥ നിലവിലുണ്ട്.

10. മദ്യത്തിന്റെ കെടുതികൾ മനുഭവികുന്ന സ്ത്രീകൾ ഉണ്ട്.

ഗ്രാമസഭകളിലെ ചർച്ചകളിലൂടെ കണ്ടെത്തിയ പ്രധാന പ്രശ്നങ്ങളാണ് ക്രോഡീകരിച്ചിരിക്കുന്നത്. അതിന് അവർ തന്നെ കണ്ടെത്തിയ നിർദ്ദേശങ്ങളുമുണ്ട്. ആ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

**നിർദ്ദേശങ്ങൾ**

1. 2,3,4 വാർഡുകളിലെ ഹരിജൻ കോളനികളിൽ ക്രഷ്കളും അംഗനവാടികളും സ്ഥാപിക്കുക.

2. മുണ്ടൂരിൽ നിലവിലുള്ള I.T.C യിലെ തൊഴിലധിഷ്ഠിത കോഴ്സുകളെ കുറിച്ച് പെൺകുട്ടികളെ ബോധവൽക്കരിക്കുക.

3. മൃഗസംരക്ഷണ രംഗത്തും സഹകരണ രംഗത്തും വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

4. അമ്പലവട്ടത്തെ നൂൽനൂൽപ്പ് കേന്ദ്രം തുറന്ന് പ്രവർത്തിപ്പിക്കുക.

5. റബ്ബർ, കേരം, കരകൗശലം, തുന്നൽ, സോപ്പ് നിർമ്മാണം തുടങ്ങിയ മേഖലകളിൽ വനിതാ വ്യവസായ യൂണിറ്റ് ആരംഭിക്കുക.

6. മഹിളാ സമാജങ്ങളെ പ്രവർത്തനക്ഷമമാക്കുക.

7. DWCRA യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുക

8. തുല്യ ജോലിക്ക് തുല്യ വേതനമെന്ന തത്വം നടപ്പാക്കാൻ ശ്രമിക്കുക.

9. സ്ത്രീധനസമ്പ്രദായത്തിനെതിരെ യുവതീയുവാക്കളുടെ സംഘടിത ബോധവൽക്കരണ പ്രസ്ഥാനങ്ങൾ രൂപീകരിക്കുക.

10. മഹിളാ സമാജങ്ങൾ സ്വയം തൊഴിൽ സംരംഭങ്ങളെ കുറിച്ച് ചർച്ച സംഘടിപ്പിക്കുക.

11. സമ്പൂർണ്ണ മദ്യവർജ്ജനത്തിന് സാമൂഹ്യ സംഘടനകൾ ബോധവൽകരണം നടത്തുക.

12. പൊതു പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുക.

വികസന രേഖ

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

# 4.J

# സഹകരണ മേഖല

സഹകരണപ്രസ്ഥാനങ്ങൾ വളരെ കുറവായ മുണ്ടൂർ പഞ്ചായത്തിൽ ഇന്ന് നിലനിൽക്കുന്ന സഹകരണസ്ഥാപനങ്ങളുടെ ഉൽഭവത്തെക്കുറിച്ചുള്ള കേട്ടറിവ് വളരെ രസാവഹമാണ്.

മുണ്ടൂരിലെ ജന്മികുടുംബാംഗങ്ങളായ അരിമ്പ്രവീട്ടുകാരും, വാരിയത്തുകാരും നേതൃത്വം കൊടുത്ത 'ഐക്യനാണയ സംഘമാണ് ആദ്യത്തെ സഹകരണ പ്രസ്ഥാനം. കൃഷിക്കാർക്കും, കാളവണ്ടിക്കാർക്കും കടം കൊടുത്ത് സഹായിക്കുക എന്നതായിരുന്നു അതിന്റെ പ്രവർത്തന രീതി. പത്തു രൂപ വരെയായിരുന്നു വലിയ കട – മായി കൊടുത്തിരുന്നതത്രെ. ഈ സംഘം പിന്നിട് താനേ നിന്നു പോയതായി പറയുന്നു.

ശേഷം 1947 ലാണ് മുണ്ടൂർ, പുതുപ്പരി–യാരം, നൊച്ചിപ്പുള്ളി, കാഞ്ഞിക്കുളം തുടങ്ങി ഏഴ് വില്ലേജുകൾ കൂടി ചേർന്ന് കൃഷിക്കാരിൽ നിന്നും നെല്ല് വാങ്ങി അരിയാക്കി മലബാർ ഭാഗത്തേക്ക് അയക്കാനായി Producer Cum Consumers Co. Op. Society എന്ന പേരിൽ ഒരു സംഘം രുപീകരിച്ചു. അതിന്റെ പ്രസിഡണ്ട് വാർക്കാട്ട് കരുണാകരൻ ആയിരുന്നു. ഈ സംഘം രൂപീകൃതമാവാൻ പ്രധാന കാരണമായത് അന്ന് മലബാറിൽ ഉണ്ടായ ഭക്ഷണക്ഷാമമായിരുന്നു. കാലക്രമേണ ഈ സംഘം ലിക്വറേറ്റ് ചെയ്യപ്പെട്ടു.

പിന്നീട് 1956–57 കാലത്ത് കെ.വി. അച്ചുത വാരിയർ പ്രസിഡണ്ടായി ഐക്യനാണയ സംഘമാണ് 1961ൽ മുണ്ടൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കായി രൂപം കൊണ്ടത്. ഇതിന്റെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. എം.കെ അപ്പുക്കുട്ടനായിരുന്നു.

ഏതാണ്ടിതേ കാലത്താണ് ഐക്യനാ–

ണയ സംഘം എന്ന പേരിൽ കാഞ്ഞിക്കുളത്ത് ഒരു സഹകരണസ്ഥാപനം രൂപം കൊണ്ടത്. അതിന്റെ ആദ്യത്തെ പ്രസിഡണ്ട് മലങ്കാട്ടിൽ ഭാസ്കരൻ നായർ ആയിരുന്നു. 1961ൽ ഈ സംഘം കാഞ്ഞിക്കുളം സർവ്വീസ് സഹകരണ ബാങ്കായി രൂപം കൊണ്ടു. ഇതിന്റെ ആദ്യത്തെ പ്രസിഡണ്ട് രാമചന്ദ്രൻ നായർ ആയിരുന്നു.

പഞ്ചായത്തിൽ ഇന്ന് നിലവിൽ ഉള്ള സഹകരണസംഘങ്ങൾ താഴെ കൊടുക്കുന്നവയാണ്.

1. മുണ്ടൂർ സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്.
2. കാഞ്ഞിക്കുളം സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്.
3. മുണ്ടൂർ ക്ഷീരവ്യവസായ സഹകരണ സംഘം വേലിക്കാട്.
4. മുണ്ടൂർ ചുങ്കം ക്ഷീരോൽപ്പാദക സഹകരണ സംഘം (ആപ്ക്കോസ്).
5. ബാംബു വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ. ഓപ്പറേറ്റീവ് സൊസൈറ്റി ഏഴക്കാട്.
6. ശർക്കര സൊസൈറ്റി കൂട്ടുപ്പാത.

## വായ്പാ സഹകരണ സംഘങ്ങൾ

മുണ്ടൂർ സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്ക്, കാഞ്ഞിക്കുളം സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്ക് എന്നീ രണ്ട് സ്ഥാപനങ്ങളാണ് വായ്പാ രംഗത്ത് പ്രവർത്തിക്കുന്നത്.

1974-ലെ തരം തിരിവു പ്രകാരം 5-ാം ക്ലാസ്സായി പ്രവർത്തിച്ചിരുന്ന മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ഇന്ന് ഒന്നാം ക്ലാസ്സ് ബാങ്കായി മാറിയിരക്കുന്നു. മുണ്ടൂർ പഞ്ചായത്തിലെ 3,4,5,6,7,9,11 എന്നീ വാർഡുകളാണ് ഈ ബാങ്കിന്റെ പരിധിയിൽ വരുന്നത്.

ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല കാർഷിക വായ്പകൾ രണ്ടു ബാങ്കുകളു നൽകുന്നുണ്ട്.

കാഞ്ഞിക്കുളം ബാങ്കിന്റെ പ്രവർത്തന പരിധി 1,2,8,10 വാർഡുകളിൽ മാത്രം. ഈ ബാങ്കിന് ഏഴക്കാട്ട് ഒരു ശാഖ കൂടി പ്രവർത്തിക്കുന്നുണ്ട്. മുണ്ടൂർ ബാങ്കിന് പൂതനൂരിൽ ഒരു ശാഖ തുടങ്ങാനുള്ള നിർദ്ദേശം ഭരണ സമിതിയുടെ മുന്നിലുണ്ട്.

## നൽകിവരുന്ന മറ്റു വായ്പകൾ

1. ചെറുകിട കച്ചവട ലോൺ BDL.
2. സർക്കാർ - അർദ്ധസർക്കാർ ജീവനക്കാർക്കുള്ള EPL.
3. കുട്ടികളുടെ വിദ്യഭ്യാസത്തിനുള്ള Edn. Loan.
4. ഭൂമി പണയപ്പെടുത്തികൊണ്ടുള്ള NAMTL.
5. സ്വർണ്ണാഭാരണ വായ്പ GL.

## നൽകിവരുന്ന പദ്ധതി വായ്പകൾ

1. I.R.D.P.
2. ബയോ ഗ്യാസ് പ്ലാന്റിന്.
3. ഓട് മേയാൻ.
4. ദുർബല വിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിന്.

വായ്പാ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു. ജില്ലയിലെ മറ്റു പഞ്ചായത്തുകളെ എടുത്ത് പരിശോധിച്ചാൽ ഒന്നിലധികം വായ്പാ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്ന ഒരു പഞ്ചായത്താണ് മുണ്ടൂർ. നിലവിലുള്ള സംഘങ്ങളുടെ വികസനത്തിന് ഇത് ഒരു പ്രധാന ഘടകമായി നിൽക്കുന്നു.

| വാർഡ് | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | 10 | 369 | 53 | 11 | 443 |
| 2 | 36 | 472 | 98 | 23 | 629 |
| 3 | 8 | 491 | 49 | 6 | 554 |
| 4 | 96 | 612 | 15 | 20 | 743 |
| 5 | 64 | 590 | 103 | 7 | 764 |
| 6 | 81 | 490 | 60 | 25 | 656 |
| 7 | 9 | 454 | 50 | 2 | 515 |
| 8 | 42 | 414 | 30 | 6 | 492 |
| 9 | 40 | 600 | 60 | 23 | 723 |
| 10 | 62 | 625 | 100 | 8 | 499 |
| 11 | 15 | 449 | 30 | 5 | 484 |
| | 463 | | | | 6813 |

## ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ

ഈ പഞ്ചായത്തിൽ രണ്ടു ക്ഷീര വ്യവസായ സഹകരണ സംഘങ്ങളുള്ളതിൽ ഒന്ന് ആനന്ദ് മാതൃക സഹകരണ സംഘമാണ്. മുണ്ടൂർ ക്ഷീര വ്യവസായ സഹകരണ സൊസൈറ്റി 87–ൽ രൂപീകൃതമായി. 89–ൽ പ്രവർത്തനം തുടങ്ങി. 14–06–1989ൽ രൂപീകരിക്കുകയും 1.1.1990 –ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തതാണ് ആനന്ദ മാതൃകയിലുള്ള മുണ്ടൂർ ചുങ്കം ക്ഷീരോൽപ്പാദനക സഹകരണ സംഘം.

സംഘങ്ങൾ ആകെ ശേഖരിക്കുന്ന പാൽ : 452800 ലിറ്റർ

പഞ്ചായത്തിൽ വിതരണം ചെയ്യുന്നത് : 110780 ലിറ്റർ.

പഞ്ചായത്തിന്ന് പുറത്തേയ്ക്ക് അയക്കുന്നത് : 342020 ലിറ്റർ

ക്ഷീരോൽപ്പാദക മേഖലയിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും വേണ്ടിയിരിക്കുന്നു. ഗ്രാമസഭകളിലെല്ലാം തന്നെ ക്ഷീര സംഘങ്ങൾ ഉണ്ടാക്കണമെന്ന നിർദ്ദേശം ആവേശത്തോടെ ഉയർന്നു വന്നിട്ടുണ്ട്.

## ബാംബു വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ. ഓപ്പറേറ്റീവ് സൊസൈറ്റി എഴക്കാട്.

1985–ൽ 25 മെമ്പർമാരോടെ തുടങ്ങിയ സംഘത്തിൽ ഇപ്പോൾ 65 പേരുണ്ട്. ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംഘത്തിന്ന് ഇപ്പോൾ സ്വന്തമായ കെട്ടിടമില്ല. കെട്ടിട നിർമ്മാണത്തിനാവശ്യമായ 17 സെന്റ് സ്ഥലം സംഘം വാങ്ങിയിട്ടുണ്ട്. കൂടാതെ കെട്ടിട നിർമ്മാണത്തിനാവശ്യമായ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. പഞ്ചായത്തിലെ ഏക ചെറുകിട വ്യവസായ സംഘമാണ് ഇത്.

## പനം ശർക്കര ഉർപ്പാദനക സഹകരണ സംഘം

1947–ൽ രൂപീകൃതമായ ശർക്കര സൊസൈറ്റി നിലവിൽ രേഖയിൽ ഉണ്ടെങ്കിലും യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല. മലബാറിൽ മദ്യ നിരോധനം ഏർപ്പെടുത്തിയപ്പോൾ വെള്ളക്കള്ള് ചെത്തിയ ഏതാണ്ട് അഞ്ഞൂറോളം ചെത്തു തൊഴിലാളികളുടെ തൊഴിൽ പ്രശ്നം രൂക്ഷമായി. അവരെ ചക്കരക്കള്ള് ഉല്പാദകരാക്കി മാറ്റി. അതിന്റെ വിപണനത്തിനായിട്ടാണ് കൂട്ടുപ്പാതയിൽ

'ചക്കര' സൊസൈറ്റി രൂപം കൊണ്ടത്. ശ്രീ. കെ.പി. ചാമുണ്ണിയായിരുന്നു ഇതിന്റെ പ്രസിഡണ്ട്. നിർജ്ജീവമായ സൊസൈറ്റി ഇന്നും രേഖകളിൽ ജീവിക്കുന്നു.

ഈ പഞ്ചായത്തിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വളരെ പരിമിതമാണ്. നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുന്നതോടൊപ്പം പുതിയ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

1. സഹകരണമേഖലയെ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
2. പാൽ ഉൽപ്പാദകർക്ക് അവരുടെ പാൽ വിറ്റഴിക്കാൻ വേണ്ട സൗകര്യമില്ല.
3. കാലിത്തീറ്റയുടെ വില വർദ്ധന. തീറ്റപ്പുല്ല് കിട്ടായ്ക.
4. റബ്ബർ മേഖലയിൽ സഹകരണ പ്രസ്ഥാനങ്ങളുടെ കുറവ്.
5. സ്ത്രീകൾക്കായുള്ള സഹകരണ സംഘങ്ങൾ ഒന്നും തന്നെയില്ല.
6. ഹരിജന സഹകരണ സംഘങ്ങൾ നിലവിലില്ല.
7. ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ കുറവാണ്.

**സാദ്ധ്യതകൾ**

1. നിലവിലുള്ള സർവ്വീസ് സഹകരണ സംഘങ്ങൾ ഗ്യാസ് ഏജൻസി എടുക്കണം.
2. മുണ്ടൂർ സർവ്വീസ് സഹകരണ സൊസൈറ്റിയുടെ ഒരു ബ്രാഞ്ച് പൂതനൂരിൽ തുടങ്ങണം.
3. വളം ഡിപ്പോയുടെ ഒരു ബ്രാഞ്ച് നാമ്പുള്ളിപ്പുരയിൽ തുടങ്ങണം.
4. വനിതാ മേഖലയിൽ റെഡിമെയ്ഡ് ഗാർമെന്റ് സഹകരണ സംഘം രൂപീകരിക്കണം.
5. റബ്ബർ പാൽ സംഭരണത്തിനായി റബ്ബർ ഉൽപ്പാദക സഹകരണ സംഘം രൂപീകരിക്കൽ.
6. റബ്ബർ തടി സംസ്കരണം സഹകരണ മേഖലയിൽ തുടങ്ങണം.
7. ചെറുകിട റബ്ബർ കർഷക സഹകരണ സംഘങ്ങൾ രൂപീകരിക്കണം.
8. ഓട്ടുപാത്ര നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം.
9. രണ്ടു വാർഡുകൾ കേന്ദ്രീകരിച്ച് ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ രൂപീകരിക്കണം.
10. സഹകരണ മേഖലയിൽ ക്ഷീര സംസ്കരണ കേന്ദ്രം തുടങ്ങണം.
11. വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിൽ ഒരു സഹകരണ കോളേജ്, ടെക്നിക്കൽ സ്ക്കൂളും തുടങ്ങണം.

| വായ്പാ സഹകരണ സംഘങ്ങൾ (സംഖ്യ ലക്ഷങ്ങളിൽ) | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | നിക്ഷേപം | കടം | വായ്പകൾ | | | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | മറ്റു പ്രവർത്തനങ്ങൾ | | |
| | | | | | | | | കാർഷ വായ്പ | പദ്ധതി വായ്പ | മറ്റു വായ്പ | | ലാഭ തുക | നഷ്ട തുക | | സംഭരണം | വിതരണം | മറ്റുള്ളവ |
| 1 | മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് | 1957 | മുണ്ടൂർ വില്ലേജ് 1 | 5900 | 10.3 | 403.43 | 4.81 | 19.92 | 9.2 | 257.99 | 418.57 | 5.42 | – | 13 | 74.61 | 7.4<br>38.04 | 12.81 |
| 2 | കാഞ്ഞികുളം സർവ്വീസ് സഹകരണ ബാങ്ക് | 1942 | മുണ്ടൂർ വില്ലേജ് 2 | 3363 | 8.5 | 185 | 82.45 | 30.39 | – | 208.1 | 238.16 | 1.55 | – | 7 | – | 12.03 | – |

# 4.k

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

സംഘ കാലത്തെ പൊറൈ നാടിന്റെ ഭാഗമാണ് പാലക്കാട്. ചെന്തമിഴിൽ 'പൊറൈ' എന്നാൽ 'മല' എന്നർത്ഥം. ദ്രാവിഡ സംസ്‌ക്കാരത്തിന്റെ പദമുദ്രകൾ മായാതെ നിൽക്കുന്ന സ്ഥലമാണ് പാലക്കാട്. ഉദാ:- കാളി, നീലി എന്നീ ഹരിജൻ സ്ത്രീ നാമങ്ങൾ. വേലയും പൂരവും ദ്രാവിഡ ഉത്സവങ്ങളാണ്. 'വടമലപ്പുറം' എന്നും പാലക്കാടിനു പേരുണ്ടായിരുന്നു. മുണ്ടൂർ ഉൾപ്പെടെ 23 സ്ഥലങ്ങൾ ചേർന്നതാണ് വടമലപ്പുറം.

കൊങ്ങുനാടിന്റെ കുറുകിയ രൂപമാണ് കോങ്ങാട്. ഇപ്പോൾ മുണ്ടൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടെ എഴക്കാട്, കാഞ്ഞിക്കുളം ദേശങ്ങൾ കോങ്ങാടിന്റെ ഭാഗമായിരുന്നു.

ബുദ്ധ-ജൈന യോഗികളെ 'അപ്പൻ' എന്നും യോഗിനികളെ 'അപ്പച്ചി' എന്നും വിളിച്ചിരുന്നു. ഈ വിളികൾ ഇന്നും ഹരിജനങ്ങൾക്കിടയിൽ നില നിൽക്കുന്നു.

മംഗലാപുരം, വയനാട്, കോയമ്പത്തൂർ എന്നിങ്ങനെ മൂന്നു വഴിക്കാണ് മൈസൂരിൽ നിന്ന് ജൈനമതം കേരളത്തിലെത്തിയത്. ഒന്നാം ചേര സാമ്രാജ്യകാലം ജൈനമതത്തിന്റെ പ്രാഭാവകാലമായിരുന്നു. കല്ലടിക്കോട് ഒരു ജൈന കേന്ദ്രമായിരുന്നു. ജൈനമതം പരാജയപ്പെട്ടപ്പോൾ ശേഷിച്ചവരെ പരിഹാസ പൂർവ്വം ഭ്രാന്തൻ, വടുകൻ എന്നിങ്ങനെ വിളിച്ചിരുന്നു. മുണ്ടൂരിൽ ഇന്നും വടുകരെ കാണാം. അവർക്ക് മുനീശ്വരൻ കോടവും (മുനിക്കോടം) ഉണ്ട്.

ശുദ്ധ മലയാളം സംസാരിക്കുന്ന

ഹരിജനങ്ങളും തെലുങ്ക്, കർണ്ണാടകം കലർന്ന മലയാളം സംസാരിക്കുന്ന ഹരിജനങ്ങളും മുണ്ടൂരിലുണ്ട്. 10,9 എന്നി വാർഡുകളിൽ ഇവരെ (ചക്ലിയർ, കവറ) കാണാം. കുടാതെ പാണൻ, ചെറുമൻ, മണ്ണാൻ, കണക്കൻ, പറയൻ, പരവൻ, പുള്ളുവൻ തുടങ്ങിയവരും ഉണ്ട്. പറയിപെറ്റ പന്തിരു കുലത്തിലെ പാക്കനാരുടെ പാരമ്പര്യം അവകാശപ്പെടുന്നവരും ഉണ്ട്.

## ഹരിജനങ്ങളുടെ പരമ്പരാഗത തൊഴിൽ

ചെറുമൻ – കർഷകതൊഴിലാളി.
മണ്ണാൻ – അലക്ക്.
പുള്ളുവൻ – കെട്ടുപണി.
പാണൻ – കുടനിർമ്മാണം.
പറയൻ – ഈരപണി.
ചക്കിളിയൻ – തുകൽപ്പണി.
കവറ – മുറം നെയ്ത്ത്.
പരവൻ – ബാർബർ.

1991–ലെ കനേഷുമാരി അനുസരിച്ച് മുണ്ടൂർ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 25996 ആണ്. ഇതിൽ 3996 പേർ ഹരിജനങ്ങളാണ്– 16% 1991 പുരുഷൻമാരും 2005 സ്ത്രികളും ഉണ്ട്. പട്ടിക വർഗ്ഗക്കാർ 11 പേർ. 4 പുരുഷൻ, 7 സ്ത്രീ. ഇവരുടെ മുഖ്യ ജീവിതോപാധി കൃഷി–പ്പണിയാണ്.

## വിദ്യാഭ്യാസം

ഹരിജൻ ജനസംഖ്യയിൽ നിരക്ഷരർ ഏറെയാണ്. സ്ത്രീകളാണ് ഇക്കാര്യത്തിൽ മുന്നിൽ. ഉന്നത വിദ്യാഭ്യാസം നേടിയവർ വളരെ ചുരുക്കം. 1996–97 വർഷത്തിൽ മുണ്ടൂർ–ഗ്രാമപഞ്ചായത്തിലെ ഒമ്പതു വിദ്യാലയങ്ങളിൽ ആകെ 4812 വിദ്യാർത്ഥികളുള്ളതിൽ 1026 പേർ പട്ടികജാതി പട്ടിക വർഗ്ഗക്കാരാണ്. കുടാതെ 15 ബാലവാടികളിലെയും ITC യിലെയും കണക്ക് ലഭ്യമല്ല. ഏക ഹൈസ്ക്കൂളായ HS മുണ്ടൂരിലെ SC/ST വിജയ ശതമാനം ലഭിച്ചിട്ടില്ല. ആകെ 148 അദ്ധ്യാപകരുള്ളതിൽ ഒരാൾ മാത്രമേ SC വിഭാഗക്കാരനുള്ളു. ഓരോ ക്ലാസ്സിലും പഠിക്കുന്ന SC വിദ്യാർത്ഥികളുടെ പട്ടിക താഴെ കൊടുക്കുന്നു.

## ഹരിജൻ കോളണികൾ

താഴേ പറയുന്ന 10 കോളണികളാണ് മുണ്ടൂർ ഗ്രാമപഞ്ചായത്തിലുള്ളത്. അവയിൽ 3 എണ്ണം IHDP കോളണികളാണ്.

1. കണക്കു പറമ്പ്.
2. ചവിട്ടു പറമ്പ്.
3. നായമ്പാടം.
4. മൂത്തേടം.
5. മീൻകുളം.
6. പുനത്തിൽ.
7. പള്ളിപറമ്പ്.
8. കവറത്തറ.
9. വെട്ടത്ത്.
10. പാണത്തറ.
11. മുണ്ടക്കളം.
12. പാലക്കീഴ്.
13. കൂമൻകുന്ന്.
14. ഇല്ലത്ത്ചാള.
15. തെക്കുംപുറം.
16. കിഴക്കേക്കര.
17. ഇരുവിളക്കാട്.
18. ചന്ത്രത്തിൽ.
19. മലമ്പള്ള.

ഏറ്റവും വലിയ ഹരിജൻ കോളനി 96 വീടുകളുള്ള കവറത്തറ–വെട്ടത്ത് കോളനി–

യാണ്. കണക്കുപറമ്പ്, നായമ്പാടം, മലമ്പള്ള എന്നീ കോളനികളിൽ ടി.വി. അനുവദിച്ചിട്ടുണ്ട്. കോളനികളുടെ ആവശ്യങ്ങൾക്ക് സമാനതകളുണ്ട്. വീട്, കക്കൂസ്, വെള്ളം, വൈദ്യുതി, റോഡ്, തൊഴിൽ എന്നിങ്ങനെ. പല കോളനികളിലും വൈദ്യുതി എത്തിയിട്ടുണ്ട്. വെള്ളക്ഷാമം നിലനിൽക്കുന്നു.

**തൊഴിൽരംഗം**

കൃഷി, കൺസ്ട്രക്ഷൻ മേഖലയിലാണ് അധികം പേരും ഏർപ്പെട്ടിട്ടുള്ളത്. പരമ്പരാഗത വ്യവസായവും തൊഴിലും നാമമാത്രമായി തീർന്നു. ഉന്നത വിദ്യാഭ്യാസം നേടി ഉയർന്ന ജോലി ചെയ്യുന്നവർ ഉണ്ടോ എന്ന് സംശയം. സ്വന്തമായി കൃഷയിടമുള്ളവർ അംഗുലീ പരിമിതം. സർക്കാർ ജോലിയുള്ളവർ അമ്പതിൽ താഴെ മാത്രം. ഗ്രാമപഞ്ചായത്തിലുള്ള നാല്പതോളം വിവിധ സർക്കാർ/അർദ്ധ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിൽ ആകെയുള്ള 285 ജോലിക്കാരിൽ 14 പേർ മാത്രമാണ് ഹരിജനങ്ങൾ. സംവരണ തത്വം എവിടെയും പാലിക്കപ്പെട്ടു കണ്ടിട്ടില്ല. പണിയെടുക്കുന്ന കുട്ടികൾ ഏറെ കാണുന്നുണ്ട്. ഈറ്റ തൊഴിലാളികൾക്ക് എഴക്കാട്ട് ഒരു സഹകരണ സ്ഥാപനമുണ്ട്.

**സാംസ്കാരികരംഗം**

അക്ഷരം പഠിച്ചവനെ അകറ്റി നിർത്തണമെന്ന് പഴമക്കാർ പറഞ്ഞു. അതിനാൽ പോയകാലത്തെ ശാസ്ത്ര-സാങ്കേതിക ജ്ഞാനം അവന് അപ്രാപ്യമായി. വിലക്ക് ഭേദിച്ച് ഏകലവ്യനെപ്പോലുള്ളവർ നേടിയ വിദ്യ കുടില തന്ത്രത്തിന്റെ ഭാഗമായി നിഷ്പ്രയോജനമായി. അന്ന് അപ്രാപ്യമായത് ഇന്ന് പ്രാപിക്കാമെന്ന നിലവന്നപ്പോൾ അത് അനാവശ്യമായിത്തീർന്നു. അകറ്റി നിർത്തൽ തുടരുന്നു എന്നർത്ഥം. അറിവു നേടുന്നതിൽ നിന്നു മാത്രമല്ല അർത്ഥം നേടുന്നതിൽ നിന്നും അകറ്റി നിർത്തിയിരുന്നു. ഇന്നും ഭിക്ഷാംദേഹികളാണവർ.

അടിമകളായ അവർക്ക് സ്വന്തമായ കലയും സാഹിത്യവും ജീവിത രീതിയും ആരാധന രീതിയും മെനഞ്ഞെടുക്കേണ്ടി വന്നു. ആർഭാട രഹിതമായ ഗ്രാമീണ ജീവിതം അവന്റെ മുഖമുദ്രയായി.

കതിര്, തിറയാട്ടം, പൊറാട്ട് എന്നിവ അവരുടെ കലാ രൂപങ്ങളായി. ശുദ്ധ ദ്രാവിഡ മലയാളത്തിൽ വാക്കുകൾ നിരന്നു.

ഹരിജനങ്ങൾ തമ്മിലുള്ള ഐക്യത്തിന്റെ പ്രതീകമാണ് പൊറാട്ട് നാടകം. വിവിധ സമുദായക്കാർ ചേർന്ന് പാണൻ പൊറാട്ട്, ചെറുമൻ പൊറാട്ട്, മണ്ണാൻ പൊറാട്ട്, കവറ പൊറാട്ട്, ചക്ലിയൻ പൊറാട്ട് എന്നിവ ആടുന്നു. കൂടാതെ മണ്ണാന്റെ തിറയാട്ടവും പറയരുടെ കതിരും ശ്രദ്ധേയമായ കലാരൂപമാണ്.

പാരമ്പര്യ വൈദ്യന്മാർ മരുന്നും മന്ത്രവും കൊണ്ട് രോഗ ചികിത്സ നടത്തി വന്നിരുന്നു. ഒറ്റമൂലി പ്രയോഗം ഇവർക്ക് വശമാണ്. ശത്രു

സംഹാരത്തിന് കൂടോത്ര പ്രയോഗം ഏറിയും കുറഞ്ഞും വിവിധ സമുദായക്കാർ ചെയ്തു വന്നിരുന്നു. വിദ്യാഭ്യാസത്തിന്റെയും ശാസ്ത്ര-സാങ്കേതിക വിദ്യയുടെയും സ്വാധീന ഫലമായി ഇവ കുറഞ്ഞു വരുന്നുണ്ടു. ചികിത്സക്ക് ആശുപത്രിയെ ആശ്രയിക്കാൻ തുടങ്ങിയത് അടുത്തകാലത്താണ്.

വിവാഹ ചടങ്ങുകൾക്കും മരണാനന്തര ക്രിയകൾക്കും വിവിധ സമുദായങ്ങൾക്കിടയിൽ അന്തരം നിലനിൽക്കുന്നു. ഈ വൈവിദ്ധ്യ-ങ്ങൾക്കിടയിലും അവരെ ഏകോപിപ്പിക്കുന്നത് തങ്ങളുടെ രാഷ്ട്രീയ പ്രത്യയ ശാസ്ത്രമാണ്. പണിയെടുക്കുബ്വവന്റെ രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന ഇടതുപക്ഷങ്ങൾക്കൊപ്പമാണ് അധികം പേരും.

പഞ്ചായത്തിൽ SC വിഭാഗങ്ങൾക്കിടയിൽ നിലനില്ക്കുന്ന പ്രശ്നങ്ങൾക്കുള്ള സാദ്ധ്യത-കളും താഴെ കൊടുക്കുന്നു.

**പ്രശ്നങ്ങൾ**

1. ഹരിജൻ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ – വെള്ളം, വെളിച്ചം, കക്കൂസ് – വളരെ കുറവാണ്.

2. തൊഴിൽ പരമായ പിന്നോക്കാവസ്ഥ.
3. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ – കൊഴിഞ്ഞുപോക്ക്.

4. സാമൂഹ്യ ഉച്ചനീചത്വങ്ങൾ – അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ.

5. ഇവർക്കുള്ള ആനുകൂല്യങ്ങൾ ഇവർക്ക് എത്താത്ത അവസ്ഥ.

**സാദ്ധ്യതകൾ**

1. അദ്ധ്വാന ശീലരായ ഇവർക്ക് ആധുനിക തൊഴിൽ സാദ്ധ്യതകൾ തുറന്നു കൊടുക്കണം. പരമ്പരാഗത വ്യവസായം പ്രോത്സാഹിപ്പിക്കണം.

2. സർവ്വേയുടെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ അനുവദിക്കണം.

3. ആനുകൂല്യങ്ങൾക്ക് മുൻഗണനാ ക്രമം നിശ്ചയിക്കണം.

4. ഹ്രസ്വകാല-ദീർഘകാല ആനുകൂല്യ-ങ്ങൾ നിശ്ചയിക്കണം.

5. ഗുണഭോക്താവിന് ഐഡന്റിറ്റി കാർഡ് അനുവദിക്കണം.

6. നിർബന്ധ വിദ്യാഭ്യാസത്തിന് പകരം ആവശ്യമുള്ളവന് സൗജന്യ വിദ്യാഭ്യാസം നൽകണം. അവന് അംഗീകാരം ഉറപ്പാക്കണം.

7. ഇത്തരം സമുദായങ്ങൾ തമ്മിൽ നിരന്ത-രം ഇടപെടുന്നതിന്ന് അവസരം സൃഷ്ടി ക്കണം.

8. അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണം.

| മുണ്ടൂർ പഞ്ചായത്തിൽ പഠിക്കുന്ന എസ്.സി. കുട്ടികളുടെ വിവരം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | എസ്.സി. കുട്ടികളുടെ വിവരം | | | | | | | | | മറ്റുള്ളവർ | | | | | |
| ക്ലാസ്സ് | ആൺ | പെൺ | ആകെ | തോറ്റു പഠിക്കുന്നവർ | | | പഠനം നിർത്തിയവർ | | | തോറ്റു പഠിക്കുന്നവർ | | | പഠനം നിർത്തിയവർ | | |
| | | | | ആ | പെ | ആ | ആ | പെ | ആ | ആ | പെ | ആ | ആ | പെ | ആ |
| I | 60 | 51 | 111 | - | - | - | - | - | - | - | - | - | - | - | - |
| II | 54 | 55 | 109 | 9 | 3 | 12 | 3 | 5 | 8 | 10 | 16 | 26 | 4 | 2 | 6 |
| III | 62 | 51 | 113 | 5 | 5 | 10 | - | - | - | 14 | 9 | 23 | 1 | 4 | 5 |
| IV | 54 | 66 | 120 | 2 | 7 | 9 | 0 | 2 | 2 | 20 | 13 | 33 | 2 | 2 | 4 |
| V | 72 | 73 | 145 | 12 | 4 | 16 | 1 | 0 | 1 | 19 | 6 | 25 | 5 | 1 | 6 |
| VI | 36 | 49 | 85 | 3 | 7 | 10 | 0 | 2 | 2 | 11 | 13 | 24 | 5 | 5 | 10 |
| VII | 60 | 69 | 129 | 11 | 28 | 39 | 1 | 1 | 2 | 36 | 33 | 69 | 2 | 4 | 6 |
| VIII | 35 | 34 | 69 | 9 | 1 | 10 | 2 | - | 2 | 45 | 13 | 58 | 11 | 4 | 15 |
| IX | 25 | 33 | 58 | 7 | 3 | 10 | 1 | 0 | 1 | 30 | 20 | 50 | 20 | 10 | 30 |
| X | 15 | 21 | 36 | - | - | - | 1 | 0 | 1 | 0 | 0 | 0 | 6 | 3 | 9 |
| Total | 473 | 502 | 975 | 58 | 58 | 116 | 9 | 10 | 19 | 185 | 123 | 308 | 56 | 35 | 91 |

| 8–ാം പഞ്ചവത്സര പദ്ധതി കാലത്ത് മുണ്ടൂർ കൃഷി ഭവൻ മുഖാന്തിരം നടപ്പിലാക്കിയ പട്ടികജാതി വികസന പദ്ധതിയുടെ വിവരങ്ങൾ | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | റിമാർക്ക്സ് |
| 1 | ജലസേചനകിണറുകൾ | 51 | 51 | |
| 2 | തെങ്ങിൻ തൈകൾ വിതരണം | 1825 | 216 | |
| 3 | വാഴകന്ന് വിതരണം | 375 | 34 | |
| 4 | റബ്ബർ ഒട്ടുതൈകൾ | 3275 | 27 | |
| 5 | ഒട്ടുമാവിൻ തൈകൾ | 112 | 28 | |
| 6 | ചേനവിത്ത് | 190 Kg | 26 | |
| 7 | കുടം | 65 | 65 | |
| 8 | മൺവെട്ടി | 65 | 65 | |
| 9 | പമ്പുസെറ്റ് | 12 | 12 | |
| 10 | ബയോഗ്യാസ് പ്ലാന്റ് | 1 | 1 | |

വികസന രേഖ

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

# 4.(

# വിഭവസമാഹരണം

പഞ്ചായത്തിന്റെ പ്രധാന മാർഗ്ഗങ്ങൾ കെട്ടിട നികുതി തൊഴിൽ നികുതി, വിനോദ നികുതി എന്നിവയാണ്. ഇതിൽ പഞ്ചായത്തിൽ ലഭിക്കുന്ന വിനോദ നികുതി ഒരു സിനിമാ തിയ്യറ്ററിൽ നിന്നും മാത്രമാണ്. പഞ്ചായത്തിന്റെ ഗവർൺമെന്റ് സഹായങ്ങൾ ഒഴികെയുള്ള ആകെ വരുമാനത്തിന്റെ എകദേശം 75%-ത്തോളം എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. ബാക്കി വരുന്ന സംഖ്യ മാത്രമാണ് മറ്റു മേഖലയിൽ ചെലവഴിക്കപ്പെടുന്നത്.

നികുതിയേതര വരുമാനത്തിന്റെ വർദ്ധനവ് കാര്യമായില്ല. പുതിയ വരുമാന സാദ്ധ്യതകളെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ സഹായത്തിന്റെ 60% ത്തോളം തുക അൺടൈഡ് ഫണ്ട് ആണ്.

'95-'96 വർഷത്തിൽ JRY ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച തുക 4.25 ലക്ഷം രൂപയാണ്.

പുതിയ പഞ്ചായത്തിരാജ് നിയമം നടപ്പിലായെങ്കിലും, ഈ സംവിധാനത്തിന്റെ ഫലമായിട്ടുള്ള സാമ്പത്തിക സഹായങ്ങളൊന്നും പഞ്ചായത്തിന് ഇതുവരെ ലഭിച്ചിട്ടില്ല.

സർക്കാരിൽ നിന്നും എസ്റ്റിബ്ലിഷ്മെന്റ് ഗ്രാന്റ് ലഭിക്കുന്നുണ്ട്. എസ്റ്റിബ്ലിഷ്മെന്റ് ഗ്രാന്റിൽ അതാത് വർഷത്തെ ചെലവിനനുസൃതമായി വർദ്ധനവുണ്ടായിട്ടുണ്ട. ശമ്പളവർദ്ധനക്ക് ആനുപാതികമായി എസ്റ്റാബ്ലിഷ്മെന്റ് ചിലവുകളും വർദ്ധിക്കുന്നുണ്ട്.

എസ്റ്റിബ്ലിഷ്മെന്റ് കഴിഞ്ഞാൽ, പിന്നെ പ്രധാന ചെലവ് പൊതുമരാമത്താണ്. പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ 30%

ത്തിലധികം പൊതുമരാമത്ത് പണികൾക്കായി വിനിയോഗിക്കുന്നു. പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണികളിൽ പ്രധാനപ്പെട്ടവ റോഡ്, കിണർ, അഴുക്ക് ചാലുകൾ സംരക്ഷിക്കൽ, കെട്ടിടങ്ങൾ എന്നിവയാണ്.

പ്രധാന മരാമത്ത് പണികൾ, കോൺട്രാക്ട് വർക്ക് എന്ന രൂപത്തിലാണ് നടത്താറുള്ളത്. JRY പദ്ധതികളിൽ നാട്ടുകാരുടെ നോമിനിയെ ഉൾപ്പെടുത്താറുണ്ട്.

അൺടൈഡ് ഫണ്ടിന്റെ വിനിയോഗം പഞ്ചായത്ത് നേരിട്ടാണ് ചെയ്യുന്നത്. പഞ്ചായത്തിന്റെ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനാണ് തുകയുടെ പ്രധാനഭാഗം ചെലവിട്ടിട്ടുള്ളത്.

പ്രത്യക്ഷ ഉൽപാദന മേഖലകളിൽ പഞ്ചായത്ത് നിക്ഷേപം നടത്തിയിട്ടില്ല.

**വരവ് 95-96**

| | | |
|---|---|---|
| കെട്ടിട നികുതി 95-96 | - | 1,66,195.50 |
| സെർവ്വീസ് ചാർജ് | - | 12,000/- |
| തൊഴിൽ നികുതി | - | 1,20,000/- |
| വിനോദ നികുതി | - | 77,000/- |
| ലൈസൻസ്ഫീ | - | 8,000/- |
| സർചാർജ് ഡ്യൂട്ടി | | |
| (സ്റ്റാമ്പ് ഡ്യൂട്ടി | -75% | 1,38,000/- |
| സഹിതം) | -25% | 1,75,000/- |
| അൺടൈഡ് ഫണ്ട് | - | 3,55,000/- |
| Basic Tax Grant | - | 40,000/- |
| Est: grant | - | 1,10,000/- |
| VTC | - | 70,000/- |
| V.R.M grant | - | 10,250/- |
| Minor Irrigation gnt. | - | 1000/- |
| പലവക വരുമാനം | - | 15,462,50 |

**ചെലവ് 95 - 96**

| | | |
|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് ചെലവ് 95-96 | - | 4,64,229. |
| Public work | - | 5,38,000 |
| വിദ്യാഭ്യാസം | - | 36,000 |
| തെരുവ് വിളക്ക് | - | 80,000 |
| പലവക ചെലവുകൾ | - | 4,30,000 |
| | | 15,48,229 |

**95-96**

| | | |
|---|---|---|
| വരുമാനം | - | 15,46,250 |
| ചെലവ് | - | 15,48,229 |

**പഞ്ചായത്തിനകത്തെ ധനകാര്യ സ്ഥാപനങ്ങൾ**

പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ചാൽ, നമ്മുടെ പഞ്ചായത്തിൽ ആകെ മൂന്ന് സ്ഥാപനങ്ങളാണുള്ളത്. വാണിജ്യ ബാങ്കായ നെടുങ്ങാടി ബാങ്കും, സഹകരണമേഖലയിലെ രണ്ടു സർവ്വീസ് സഹകരണ ബാങ്കുകളും.

<u>നെടുങ്ങാടി ബാങ്ക്</u> :- പഞ്ചായത്തിൽ നിന്നും ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നു. എന്നതല്ലാതെ, പഞ്ചായത്തിലെ സാമ്പത്തിക മേഖലയിൽ കാര്യമായ പ്രവർത്തനങ്ങൾ നടത്തുന്നില്ല.

<u>സഹകരണ ബാങ്കുകൾ</u> :- മുന്നൂർ കാഞ്ഞിക്കുളം ബാങ്കുകളാണ് നമ്മുടെ പഞ്ചായത്തിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവ. കാഞ്ഞിക്കുളം സഹകരണ ബാങ്കിന് ഒരു

ശാഖയും എഴക്കാട് പ്രവർത്തിക്കുന്നു.

സഹകരണ ബാങ്കുകളുടെ പ്രവർത്തന മേഖല കൂടുതൽ വിപുലമാക്കേണ്ടതാവശ്യമാണ്. ഈ ബാങ്കുകളുടെ കടം കൊടുക്കുന്നതിനുള്ള പരിധി വലിയ തോതിൽ ഉയർത്തേണ്ടതാണ്. വിദേശ നിക്ഷേപങ്ങൾ സ്വീകരിക്കുവാനുള്ള സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്. വിദേശ നിക്ഷേപങ്ങൾ സ്വീകരിക്കാനുള്ള സൗകര്യങ്ങൾ നടപ്പിലായാൽ അത് ബാങ്കുകളുടെ നിക്ഷേപ തോത് വൻതോതിൽ വർദ്ധിപ്പിക്കാൻ സഹായിക്കും. കൂടുതൽ സാമ്പത്തിക സാദ്ധ്യതയുള്ള വ്യവസായ മേഖലയിൽ കടം നൽകുന്നതിനുള്ള സൗകര്യവും സഹകരണ ബാങ്കുകളിൽ ഏർപ്പെടുത്തണം. സഹകരണ മേഖലയിൽ നിന്നും വ്യവസായ സംരംഭത്തിന് കടം കിട്ടുന്നതിനുള്ള സംവിധാനങ്ങളൊന്നും നിലവിൽ ഇല്ല.

ബാങ്കേതര മേഖലയിൽ മറ്റു അംഗീകൃത സ്ഥാപനങ്ങളൊന്നും പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്നില്ല.

സർക്കാരിൽ പലിശ ചുമത്തി വായ്പ നൽകുന്ന ധനമിടപാടുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും വായ്പ ലഭിക്കാൻ യാതൊരു സാദ്ധ്യതയുമില്ലാത്ത കൂലി തൊഴിലാളികളുടെയും, മറ്റു വരുമാനം കുറഞ്ഞവരുടേയും ഇടയിലാണ് ഇവർ പ്രവർത്തിക്കുന്നത്. യാതൊരു സെക്യൂരിറ്റിയുമില്ലാതെ സൗകര്യപൂർവ്വം ലഭിക്കുന്നു എന്നതാണ് ഈ മേഖലയെ ആകർഷണമാക്കുന്നത്. വ്യക്തിഗത ജാമ്യത്തിൻമേൽ ആളുകളുടെ വരുമാനത്തെ അടിസ്ഥാനമാക്കി വായ്പ ലഭ്യമാക്കുന്ന സംവിധാനം നിലവിൽ വന്നാൽ മാത്രമേ സാധാരണക്കാരെ, വൻ പലിശ വാങ്ങുന്ന ധനകാര്യ സ്ഥാപനക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുവാൻ സാധിക്കൂ.

## ഗൾഫ് കുടിയേറ്റത്തിന്റെ സ്വാധീനം

പഞ്ചായത്തിൽ 300-ലധികം വിദേശ തൊഴിലാളികളുണ്ട്. ഇതിൽ 95% പേരും ഗൾഫ് രാജ്യങ്ങളിലാണ് പ്രവർത്തിക്കുന്നത്. എല്ലാ വിഭാഗങ്ങളിലും പെട്ട യുവജനങ്ങളാണ് പ്രധാനമായും ഗൾഫ് രാജ്യങ്ങളിൽ പ്രവർത്തിക്കുന്നത്. ഇത് അതാതു കുടുംബങ്ങളെ സാമ്പത്തികമായി ഉന്നതിയിലേക്ക് നയിക്കുന്നുണ്ട്. എന്നാൽ അവരുടെ നിക്ഷേപങ്ങളൊകെതന്നെ ഉൽപ്പാദനപരമല്ലാത്ത മേഖലകളിലായതിനാൽ പൊതുവായി പഞ്ചായത്തിന് ഗുണകരമായി ഭവിക്കുന്നില്ല. മാത്രല്ല, നമ്മുടെ പ്രദേശത്ത് സ്ഥലങ്ങളുടെ അമിതമായി വിലകയറ്റത്തിന് പ്രധാന കാരണം ഗൾഫ് പണമാണ്. ഗൾഫ് പണം പ്രധാനമായും വിനിയോഗിക്കുന്നത് വൻസൗധങ്ങൾ നിർമ്മിക്കുന്നതിനാണ്. അപൂർവ്വം ചിലർ മാത്രം റബ്ബർ എസ്റ്റേറ്റുകളിൽ മുതൽ മുടക്കിയിട്ടുണ്ട്.

വ്യവസായ കാർഷിക മേഖലകളുടെ വളർച്ചയ്ക്ക് സരക്കാർ തലത്തിൽ എടുക്കുന്ന നടപടികൾ ഗൾഫ് പണത്തിന്റെ ശരിയായ വിനിയോഗം അതാതു മേഖലകളിൽ തടന്ന സാധ്യമാക്കും. കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം കൂടുതൽ ആകർഷകമാക്കുശത്തും വേണം. വ്യവസായത്തിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്താൽ ഗൾഫ് പണം ശരിയായി ഉപയോഗിക്കുവാൻ സാധിക്കും. ഇതിനുള്ള ഫലപ്രദമായ ഒരു പ്രവർത്തനം എല്ലാ മേഖലകളിൽ നിന്നും ഉണ്ടാകേണ്ടതാണ്.

**സന്നദ്ധപ്രവർത്തനം**

സന്നദ്ധപ്രവർത്തനങ്ങളിലൂടെ നിരവധി പുരോഗമന കാര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കും. കഴിഞ്ഞ 5 വർഷത്തിനിടെ നമ്മുടെ പഞ്ചായത്തിൽ നിരവധി റോഡുകളും കുളങ്ങളും സന്നദ്ധ പ്രവർത്തനത്തിലൂടെ നിർമ്മിക്കുകയും ഉപയോഗ യോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതു മൂലം പഞ്ചായത്തിന് വൻതോതിൽ സാമ്പത്തിക ലാഭം ഉണ്ടായിട്ടുണ്ട്. റോഡുകളിൽ മാത്രം കേന്ദ്രീകരിക്കാതെ മറ്റ് ഉൽപ്പാദന മേഖലകളിലേക്കും സന്നദ്ധ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

ഏകദേശം 2 ഏക്കറോളം വിസ്തൃതിയുള്ള ഉപയോഗശൂന്യമായി കിടന്ന എഴക്കാട് ചമ്പക്കുളം ഉപയോഗ യോഗ്യമാക്കുവാൻ സന്നദ്ധ സേവനം വൻതോതിൽ ഉപയോഗപ്പെടുത്തി ഇതിന് പൊതു ജനങ്ങളിൽ നിന്നും സാമ്പത്തികമായി മാതൃകാപരമായ സഹകരണമാണുണ്ടായത്.

മുണ്ടൂർ സർക്കാർ എൽ.പി.സ്ക്കൂളിൽ പി.ടി.എ മാതൃകാപരമായ പ്രവർത്തനം കാഴ്ച വച്ചിട്ടുണ്ട്. സ്ക്കൂളിൽ സ്വന്തമായി കെട്ടിടവും കളിസ്ഥലവും വാട്ടർടാങ്ക് നിർമ്മാണവും ഏറ്റെടുത്ത് നടത്താൻ പി.ടി.എ ക്കു സാധിച്ചു. ഇതിനു പ്രധാനമായി "ഇന്ദിരാ വികാസ് പത്ര"യിൽ ആളുകളെ പണം നിക്ഷേപിക്കാൻ പ്രേരിപ്പിച്ച് അതിൽ നിന്നും കിട്ടിയ കമ്മീഷൻ ഉപയോഗിച്ചു എന്നത് പ്രത്യേകം പ്രശംസനീയമാണ്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ പ്രധാന കാർഷിക വരുമാനം റബ്ബർ കൃഷിയിൽ നിന്നാണ് ലഭിക്കുന്നത്. എന്നാൽ ഇപ്പോഴത്തെ നികുതി സംവിധാനത്തിൽ 1250 രൂപ മാത്രമാണ് പരമാവധി ചുമത്താവുന്ന നികുതി.
2. ഇപ്പോൾ റബ്ബർ കൃഷിയുള്ളവർ തന്നെ ശരിയായ നികുതി നൽകുന്നില്ല.
3. പഞ്ചായത്തീരാജ് സംവിധാനത്തിൽ നിയമാനുസൃതമാണെങ്കിലും ഭരണച്ചിലവ് വർദ്ധിപ്പിച്ചട്ടുണ്ട്.
4. പദ്ധതി നടത്തിപ്പിൽ ഇടത്തട്ടുകാരുടെ അമിത ലാഭേച്ഛ.
5. സന്നദ്ധപ്രവർത്തനത്തിന്റെ അപര്യാപ്തത.
6. പഞ്ചായത്ത് വരവ് ചിലവ് കണക്കുകളുടെ സുതാര്യതകുറവ്.
7. കെട്ടിട നിർമ്മാണ മേഖലയിൽ പഞ്ചായത്തിന് ഇടപെടുന്നതിനുള്ള സാദ്ധ്യതക്കുറവ്.. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിലില്ലാത്ത അവസ്ഥ.

**സാദ്ധ്യതകൾ**

1. ഉയർന്ന വരുമാനക്കാരിൽ നിന്നും അധികം നികുതി ലഭിക്കതക്കവിധത്തിൽ നികുതി സംവിധാനം പുനർക്രമീകരിക്കേണ്ടതാണ്.
2. പഞ്ചായത്ത് റബ്ബർ ബോർഡുമായി ബന്ധപ്പെട്ട് റബ്ബർ കൃഷിക്കാരുടെ നികുതി ശേഖരണത്തിനും നീതിപൂർവ്വമായ സംവിധാനത്തിനും നടപടികൾ എടുക്കേണ്ടതാണ്.

3. പണവിനിയോഗം നീതിപൂർവ്വമാക്കാൻ ജനകീയ കമ്മറ്റികളുടെ മേൽനോട്ടത്തിൽ മാത്രം പരിപാടികൾ നടപ്പിലാക്കേണ്ടതാണ്.

4. എസ്റ്റിമേറ്റ് തുകയുടെ പരിധിയനുസരിച്ച് കെട്ടിടങ്ങൾക്ക് നികുതി ഈടാക്കലും നിർമ്മാണത്തിന് നിശ്ചിത ഫീ അടച്ച് പഞ്ചായത്തിന്റെ മുൻകൂർ അനുമതി നേടുന്നതും നിബന്ധനയാക്കുക.

5. ഇടത്തട്ടുകാർക്കു പകരം ജനകീയ സമിതികളെ പദ്ധതിച്ചുമതലകൾ ഏറ്റെടുക്കുന്നതിന് തയ്യാറാക്കുക.

6. സന്നദ്ധപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പരിപാടികൾ നടപ്പിലാക്കുക.

7. വരവു ചെലവു കണക്കുകളുടെ സുതാര്യവത്കരണം.

വികസന രേഖ

മുണ്ടൂർ ഗ്രാമപഞ്ചായത്ത്

5

# ഉപസംഹാരം

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഉല്പന്നമായ ഗ്രാമസഭാറിപ്പോർട്ടുകൾ. സെക്കണ്ടറി ഡാഷ്ടയിലൂടെ ശേഖരിച്ച സ്ഥിതി വിവരക്കണക്കുകൾ, നടപ്പ് സ്ക്കീമുകളുടെ പൊതുസ്ഥിതി എന്നിവ ആധാരമാക്കി തയ്യാറാക്കിയതാണ് ഈ സമഗ്രവികസരേഖ.

ഇത് തയ്യാറാക്കാൻ സഹായിച്ച സർക്കാർ, പൊതുസ്ഥാപനങ്ങൾ,വ്യക്തികൾ ഇവരെയെല്ലാം പേരെടുത്ത് പറയുന്നില്ല; എല്ലാവർക്കു നന്ദി.

ഒരു വലിയ പ്രവർത്തനശൃംഗല. വളരെ കുറഞ്ഞ സമയം മുൻപരിചയത്തിന്റെ കുറവ്. ഇതെല്ലാം ഈ റിപ്പോർട്ട് സമ്പൂർണ്ണവും മികച്ചതുമാവാൻ തടസ്സങ്ങളായിരുന്നു.

എങ്കിലും ഒരു ഗ്രാമത്തിന്റെ അകത്തെ ഉത്സുകരായ ഒരു കൂട്ടം പ്രവർത്തകർ ഈ രേഖ ഇത്രയും സമ്പുഷ്ടമാക്കാൻ യത്നിച്ചവരാണ്.

കിട്ടാവുന്ന രേഖകളെല്ലാം തന്ന് സഹായിച്ച ഗ്രാമീണ ശാസ്ത്രസാങ്കേതിക കേന്ദ്രം - മുണ്ടൂർ ഐ.ആർ.ടി.സി. - നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ മുതൽക്കൂട്ടാണ്.

മൂന്നാം ഘട്ടത്തിലേയ്ക്ക് കടക്കുന്ന ഈ ജനകീയ പ്രസ്ഥാനത്തിന് ഇനിയും ഒരുപാട് സംഭാവന ചെയ്യാൻ എല്ലാവരും മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രസിഡണ്ട്
മുണ്ടൂർ ഗ്രാമപഞ്ചായത്ത്


ഗ്രാമപഞ്ചായത്ത്
ഭൂപ്രകൃതി
റോഡ്
തോട്


മുണ്ടൂർ ഗ്രാമ പഞ്ചായത്ത്
N
- ഭാഗം-2 -
MC
MT
CO
FLA
വാഴ
WL

## ജനകീയാസൂത്രണ പദ്ധതിക്ക്

ആശംസകൾ

# കാഞ്ഞിക്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

കാഞ്ഞിക്കുളം

ഹെഡ് ഓഫീസ് : കാഞ്ഞിക്കുളം ഫോൺ : 446238

ബ്രാഞ്ച് : എഴക്കാട് ഫോൺ : 845267

സെക്രട്ടറി
ശശിധരൻ

പ്രസിഡണ്ട്
എം.ജയരാജൻ

---

*With Best Compliments from :-*




**SHARON PIPES**

*( A Life Time associate )*

---

ആശംസകളോടെ

# സെൻട്രൽ റൈസ് മിൽ

കാഞ്ഞിക്കുളം

ഫോൺ : 0492– 446231

## ശ്രീകൃഷ്ണാ ഇൻഡസ്ട്രീസ്

എഴക്കാട് ഫോൺ 0491 – 845243

With best compliments from :

**The Mundur Service**
**Co - operative Bank Ltd.**
**No: F.1650**

MUNDUR, PALAKKAD. PH : 832232 (0491)

*One of the I Class Bank.*
*Quick service to Customised by fully Computerised*

V. SIVARAMADAS
President
Ph 832215

V. RAMAKRISHNAN
Secretary
Ph : 533592

*With Best Compliments from :-*

**GAYATHRI CHEMICALS**
Panniyampadam
Mundur - Palakkad
Phone Off - 832297 Resi - 534946, 555406

Manufacturers of : Quality Paints and Allied Products

പി.വി.സി. പൈപ്പ് രംഗത്ത് ജൈത്രയാത്ര തുടരുന്നു

***Durgaplast***
**PVC Wiring Pipes**
✆ 0491 - 832273

*With best compliments from :-*

**SHARON PLAST**
Akbar Saw Mill, Veettikkal Hardwares, Mundur
Ph: (0491) 832380, 832223